# ഗുരുനാഥൻ.

## 11-ാം പുസ്തകം.

## 107.

വിഷയസൂചി


1. അദ്ധ്യാപകസമാജം ... ... ...7, 80.
2. അമേരിക്ക നമ്മെ എന്തുപഠിപ്പിക്കുന്നു? ... ... 13.
3. അദ്ധ്യാപകന്മാരുടെ പ്രാവിഡണ്ടുഫണ്ടു് ... ... 124.
4. അദ്ധ്യക്ഷപ്രസംഗം ... ... ... 217, 226, 248.
5. അഭ്യസനം എന്നാൽ എന്തു്? ... ... ... 273.
6. അദ്ധ്യയനത്തെ വെറുപ്പും സന്തുഷ്ടിയും എങ്ങിനെ പ്രേരിപ്പിക്കുന്നു? ... 314.
7. അഭ്യസനത്തിൽ സന്നദ്ധതക്കുള്ള സ്ഥാനമെന്തു്? ... 345.
8. ആഖ്യായികാഭ്യസനം ... ... ... ... 454.
9. ഉദ്ധാരണങ്ങൾ ... 39, 92, 186, 335, 385, 426, 526, 569.
10. എളമ്പ്രക്കോട്ടുമഠത്തിലെ ക്ഷേത്രം ... ... ... 539.
11. ഐതിഹ്യപരമ്പര ... ... ... ... 519.
12. ഒരു നവീനപാഠക്കുറിപ്പു് ... ... ... 329.
13. കാർകൊണ്ട ആകാശം ... ... ... ... 559.
14. കിളിമാന്തൂർ രവിവമ്മകോയിത്തമ്പുരാൻ ... 11.
15. കുറിപ്പുകൾ ... ... 45, 143, 189, 289, 430, 480, 577.
16. കേരളം ... ... ... ... 551.
17. ഗന്ധവ്നഗരം ... ... ... 532.
18. ഗാഥാഞ്ജലി ... ... ... ... 38.
19. ഗുരുനാഥനെപ്പററി ... ... ... ... 17.
20. ചില അദ്ധ്യാപകന്മാരേപ്പററിയുള്ള സ്മരണകൾ ... 23.
21. ചിത്തിരതിരുനാൾ രാജ്യഭരണസ്ഥാനാരോഹണം ... 97.
22. ചില അദ്ധ്യാപനവൈഷമ്യങ്ങൾ ... ... ... 199.
23. ചെറുശ്ശേരിയും കൃഷ്ണഗാഥയും ... ... 28, 107, 173.
24. ജർക്കൻഡ്‌വനങ്ങളിൽ ... ... ... 232.
25. ജമ്മനിയിലെ സർവകലാശാലകൾ ... ... 548.
26. ജീവിതനയം ... ... ... ... 169.
27. ജീവിതസമുദ്രപ്രയാണം ... ... ... 339.
28. താടക ... ... ... ... 265, 302.
29. തിരുവിതാംകൂറിലെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു് പരിഷ്കാരം 112.
30. തിരുവിതാംകൂർ വിദ്യാഭ്യാസപരസ്പരോപകാരനിധി ... 473.
31. നത്തകി ... ... ... ... 352, 407.
32. നിൽക്കുക, ഒന്നാലോചിക്കുക ... ... ... 6.
33. പഠിത്തവും പ്രവൃത്തിയും ... ... ... 20, 146.

64844
Tm 2032:N22 Q2



34. പഞ്ചാബ് അദ്ധ്യാപകസമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗം 279.
35. പണ്ടത്തെ പട്ടാഭിഷേകം ... ... ... ... 347.
36. പഠിക്കുവാൻ പഠിപ്പിക്കുക ... ... ... 435.
37. പാഠ്യപുസ്തകകാര്യം ... ... ... ... 196.
38. പുസ്തകാഭിപ്രായം 34, 138, 178, 238, 283, 334, 383, 523.
39. പ്രിയദർശിക... ... ... ... ... 74.
40. പ്രവൃത്തിശക്തിയും അതിന്റെ മാഹാത്മ്യവും ... ... 566.
41. പ്രോജക്റ്റരീതി ... ... ... ... 209.
42. ബലവത്തായ മനോന്മുഖത എങ്ങിനെ അഭ്യസനത്തെ പ്രേരിപ്പിക്കും? ... 397.
43. ബിരുദധാരികളോട് ... ... ... 65, 130.
44. ഭാഷാസാഹിത്യവും വിമർശനവും ... ... 370. 387.
45. ഭാവാഭാവം ... ... ... ... ... 522.
46. ഭ്രമം ... ... ... ... ... 344.
47. മണ്ടക്കാട്ടമ്മനും കൊടയും ... ... ... 151.
48. മാപ്പ് ... ... ... ... ... 33.
49. മായ ... ... ... ... 458, 505.
50. യുദ്ധവും അടിമവ്യാപാരവും ... ... ... 49.
51. രണ്ടാം അഫ്ഗൺയുദ്ധം ... 256, 318, 360, 415, 439.
52. രാജാ കേശവദാസ് ... ... ... 243.
53. വഞ്ചിവീണയിലെ മഞ്ജുളാലാപം... ... ... 145.
54. വിദ്യാഭ്യാസം ... ... ... 51, 118.
55. വിഹായസവിഹാരം ... 58, 183, 205, 295, 376, 444. 544.
56. വിദ്യാഭ്യാസനവീകരണം... ... ... 401, 469.
57. വിമർശനവീഥി ... ... ... 420, 476, 560.
58. വിദ്യാഭ്യാസപരിഷ്കരണകമ്മിറ്റിയുടെ ശ്രദ്ധക്ക് ... 484.
59. വിദ്യാഭ്യാസം ... ... ... ... 488.
60. വിചിന്തനാധീനമായ വിഷയങ്ങളുടെ ലിസ്റ്റ് ... ... 530.
61. വിദ്യാഭ്യാസത്തിൽ വ്യക്തിത്വത്തിനുള്ള സ്ഥാനം. ... 538.
62. വിദ്യാഭ്യാസപരിഷ്കരണ പ്രശ്നങ്ങൾ ... ... 555.
63. വീരാരാധന ... ... ... ... 2.
64. വംഗസാഹതീചക്രവർത്തിനി ... ... ... 500.
65. സർ സുരേന്ദ്രനാഥബാനർജിയുടെ അദ്ധ്യാപകവൃത്തി ... 87.
66. സദാചാരാഭ്യസനം ... ... ... ... 392.
67. സഹോത്ഭവജ്ഞാനത്തെ നാം പരിഗണിക്കേണ്ടതാണോ? ... 450.
68. സമിതിജ്ഞാനം എങ്ങിനെ ഉണ്ടാകുന്നു. ... ... 496.
69. സാഹിത്യകാരന്മാരുടെ ദുരവസ്ഥ ... ... ... 102.
70. സാമ്പത്തികാധഃപതനവും വിദ്യാഭ്യാസവകുപ്പും ... ... 193.
71. സാഹിത്യത്തിൽ ശിശുക്കൾക്കുള്ള സ്ഥാനം ... 262, 312.
72. സ്വതന്ത്രസമുദായത്തിനു വേണ്ട ഉചിതവിദ്യാഭ്യാസം ... 291.
73. സ്വർഗ്ഗമാർഗ്ഗം ... ... ... ... 333.
74. സൂര്യന്റെ ശക്തി ... ... ... ... 78.
75. ഹരിദ്വാരത്തിലെ ഗുരുകുലവിദ്യാഭ്യാസം ... 156, 213.

67-X

"ഗുരുനാഥൻ" അനുബന്ധം.



കിളിമാനൂർ രവിവർമ്മ കോയിത്തമ്പുരാൻ

വിശ്വവിശ്രുതനായ ചിത്രകാരൻ.

---

"ചിത്രം മൗനാവലംബിയായ കവിതയും കവിത

സംഭാഷണ സമൃദ്ധമായ ചിത്രവും ആകുന്നു"

യമോൻസിസ് (യവനചിത്രകാരൻ)

# ഗുരുനാഥൻ.

| പുസ്തകം 11 | 1107 ചിങ്ങം | ലക്കം 1 |
| --- | --- | --- |

## സ്വന്തം പ്രസ്താവന.

'ഗുരുനാഥൻ' പതിനൊന്നാം വയസ്സിൽ പ്രവേശിക്കുന്ന ഈ അവസരത്തിൽ ഞങ്ങൾ ഞങ്ങളുടെ ബന്ധുക്കൾക്കെല്ലാവൎക്കും സന്തോഷം സ്വാഗതം ആശംസിക്കുന്നു. ഗുരുനാഥൻ ഇപ്പോൾ കൈശോരവും പൌഗണ്ഡവും തരണംചെയ്തു് കൌമാരദശയിൽ എത്തിയിരിക്കയാണു്. ഇതു ഒരു നിസ്സാരമായ സംഗതിയല്ലെന്നു് മാസികാപ്രവൎത്തനത്തിൽ പ്രവേശിച്ചിരിക്കുന്നവൎക്കു് അറിയാവുന്നതാണു്. നാട്ടുഭാഷയിൽ ഒരു മാസിക ശരിയായി നടത്തുന്നതിനുള്ള ദുർഘടങ്ങൾ ചില്ലറയല്ല. പത്രബന്ധുക്കളുടെ അനാസ്ഥ, ലേഖകന്മാരുടെ ദൌർല്ലഭ്യം പ്രവൎത്തകന്മാൎക്കുണ്ടാവുന്ന ധനലോപം മുതലായ പല പ്രതിബന്ധങ്ങളും ശരിയായ നടത്തിപ്പിനു ബാധകമായി ഭവിക്കുന്നു. ഇങ്ങിനെയെല്ലാമിരുന്നിട്ടും യേനകേനപ്രകാരേണ മാസിക ഇതേവരെയും നടത്താൻ സാധിച്ചതിൽ ഞങ്ങൾക്കു അതിയായ കൃതാൎത്ഥതയുണ്ടു്. എന്നാൽ ഇന്നത്തെ സാമ്പത്തികാധഃപതനം ഒരു പുതിയ പ്രത്യൂഹത്തെക്കൂടി ഇതാ സൃഷ്ടിച്ചിരിക്കുന്നു. ഇതിനും പുറമെ അദ്ധ്യാപകന്മാരിൽനിന്നും ഞങ്ങൾക്കു ലഭിച്ചുവന്ന സഹായവും പ്രതിദിനം ലോപിച്ചുവരികയാണെന്നു് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. സ്വല്പമായിട്ടെങ്കിലും ശമ്പളക്കൂടുതൽ ലഭിച്ച ഈ അവസരത്തിൽ, പ്രധാനമായി ഇവൎക്കുവേണ്ടി ആരംഭിച്ചും നടത്തിയും വരുന്ന ഈ മാസികയെ മനസാ വിസ്മരിച്ചും കൎമ്മണാ തിരസ്കരിച്ചും വൎത്തിക്കുന്നതു് എത്രയൊ ശോച്യമായ ഒരവസ്ഥയാണു്. ഇവരുടെ ആവകാശങ്ങൾക്കുവേണ്ടി വാദിച്ചുവരുന്നതും ഇവരുടെ ഉൽക്കൎഷത്തിനുവേണ്ടി യത്നിച്ചുവരുന്നതും അല്പമായെങ്കിലും ചിലതൊക്കെ സാധിച്ചിട്ടുള്ളതുമായ ഈ മാസികയെ, ദത്തഹസ്താവലംബയാക്കി സംരക്ഷിക്കേണ്ട ചുമതലയിൽനിന്നും ഒഴിയാൻ ശ്രമിക്കുന്നതു പലവിധത്തിലും അനാശാസ്യമാണെന്നു് മാത്രമെ പറവാനുള്ളു. എന്നാൽ ഈ വൎഷത്തിൽ എങ്കിലും മാന്യസഹോദരന്മാർ കൂടുതൽ ഒത്താ

ശകാരം ചെയ്തു ഞങ്ങളെ പ്രോത്സാഹിപ്പിക്കുമെന്നു് വിശ്വസിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നും ഞങ്ങൾക്കു ചെയ്തുവരുന്ന വിലയേറിയ സഹായത്തിനു ഞങ്ങളുടെ നിർവ്യാജമായ കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തുകയും ഈ സഹായം തുടർന്നുകൊണ്ടുപോകണമെന്നു് ഞങ്ങൾ അർത്ഥിക്കയും ചെയ്യുന്നു. നമ്മുടെ പൂജ്യനായ മഹാരാജാവുതിരുമനസ്സുകൊണ്ടു് സ്ഥാനാരോഹണം ചെയ്യുന്ന ഈ വത്സരത്തിൽ മററുള്ള വിഷയത്തിൽ എന്നപോലെ വിദ്യാഭ്യാസവിഷയത്തിലും പല പരിഷ്കാരങ്ങളും ഉണ്ടാവാൻ ഇടയുള്ളതാണല്ലോ. അവയുടെ ഒരംശം അദ്ധ്യാപകന്മാർക്കും അദ്ധ്യാപകമാസികയായ ഗുരുനാഥനും ലഭിക്കാതിരിക്കയില്ലെന്നു് പൂർണ്ണമായി വിശ്വസിക്കാം. അതുകൊണ്ടു് പിൻമാറി നില്ക്കുന്ന അദ്ധ്യാപകന്മാർ വിദ്യാലയഗമനാഗമനംകൊണ്ടു് തങ്ങളുടെ ചുമതല അവസാനിച്ചു എന്നു വിചാരിക്കാതെ തങ്ങളുടെ ബുദ്ധി സംസ്കരണത്തിനും ജ്ഞാനവർദ്ധനയ്ക്കും വേണ്ട മാർഗ്ഗങ്ങളെക്കൂടി അവലംബിച്ചു പ്രവൃത്തിക്കേണ്ടതാണു്. ഇതിലേക്കുള്ള ഒരു പ്രധാനമാർഗ്ഗം ഗുരുനാഥപാരായണംതന്നെയാണെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. എന്തായാലും ഗുരുനാഥൻ ഇവരെ ഉപേക്ഷിക്കാൻ വിചാരിക്കുന്നില്ല. ഇവരുടെ അനുകമ്പാഹീനമായ മനോഭാവം ക്ഷണം മാറുമെന്നുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു.

"അഭിതപ്തമയോവിമാർദ്ദവം
ഭജതെ, നൈവകഥാശരീരിണാം"

ഗുരുനാഥൻെറ നവവത്സരപ്രതിയെ പുറപ്പെടുവിക്കുന്ന ഈ അവസരത്തിൽ ഞങ്ങൾ ഇനി ചെയ്വാനുള്ളതു് കഴിഞ്ഞകൊല്ലത്തിൽ ഞങ്ങളെ ലേഖനംകൊണ്ടും ഉപദേശംകൊണ്ടും വരിസംഖ്യ നൽകിയും സാരമായി സഹായിച്ച മാന്യന്മാരോടും വിദ്യാഭ്യാസാധികൃതന്മാരോടും ഞങ്ങളുടെ യഥാർത്ഥമായ കൃതജ്ഞതയെ പ്രദർശിപ്പിക്കയെന്നുള്ളതാണു്. അവസാനമായി "ദൈവായത്തമിതഃ പരം" എന്നു മാത്രമെ പറവാനുള്ളു.

# * വീരാരാധന.

(ആർ. ഈശ്വരപിള്ള ബി. എ.)

മനുഷ്യവർഗ്ഗം ലോകത്തിൽ ഉത്ഭവിച്ച കാലം മുതല്ക്കുതന്നെ തങ്ങളെ കവിഞ്ഞതായ ഒരു ശക്തി ലോകത്തിലുണ്ടെന്നുള്ള ബോധവും അവരിൽ ഉത്ഭവിച്ചിട്ടുള്ളതായിത്തന്നെ വിചാരിക്കണം. ഈ ബോധത്തിൻെറ

* "വീരാരാധന" ഒന്നാംഭാഗത്തിലെ ആമുഖം.

ഫലമായിട്ടാണ് മനുഷ്യൻ ആദ്യകാലത്ത് സൂര്യൻ, അഗ്നി, ചന്ദ്രൻ മുതലായവരെ ആരാധിച്ചുവന്നതും. ഇതുപോലെതന്നെ മനുഷ്യവർഗ്ഗത്തിൽ ചിലരിൽ സാധാരണയിൽ കവിഞ്ഞതായ ശക്തിയൊ ചൈതന്യമൊ ഉണ്ടെന്നുള്ള ബോധവും ഇല്ലാതിരുന്നില്ല. ഇങ്ങിനെയുള്ളവരെ മാനിക്കുന്നതിനും, പൂജിക്കുന്നതിനും, അവരുടെ നേതൃത്വത്തിന് വശംവദരാകുന്നതിനും മനുഷ്യർ സന്നദ്ധരായിരുന്നു എന്ന് ലോകചരിത്രത്തിൻെറ ഏതു ഘട്ടം പരിശോധിച്ചാലും അറിയാൻ കഴിയുന്നതാണ്. അതീതശക്തിയേയൊ, അനന്യസാധാരണമായ ഗുണത്തേയൊ ആരാധിക്കയൊ മാനിക്കയൊ ചെയ്യുന്നതിന് മനുഷ്യബുദ്ധിക്കുള്ള സന്നദ്ധതയൊ പ്രവണതയൊ ഒരു വിശിഷ്ടഗുണമാണെന്നുള്ളതിന് സംശയമില്ല. മനുഷ്യവർഗ്ഗത്തിൻെറ പുരോഗമനത്തിനുള്ള കാരണങ്ങളിൽ വെച്ച് ഇതു പ്രധാനമായിട്ടുള്ള ഒന്നാണ്. സൽഗുണം സ്വയം സമ്പാദിക്കയെന്നുള്ളതാണ് നമ്മുടെ പ്രധാനമായ ആദർശമെങ്കിലും, അതിനെ അന്യനിൽ കണ്ടാൽ ബഹുമാനിക്കയെന്നുള്ളതും ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ്. ഇടക്കിടക്ക് ചിന്തകന്മാരും, വിദ്വാന്മാരും, രാജ്യതന്ത്രജ്ഞന്മാരും, സാഹിത്യകാരന്മാരും, ധീരന്മാരും, മതോപദേഷ്ടാക്കളും, ശാസ്ത്രജ്ഞന്മാരും ലോകത്തിൽ ഉണ്ടായില്ല എങ്കിൽ ലോകം എന്നും യഥാസ്ഥിതിയിൽതന്നെ ഇരിക്കുവാനേ തരമുള്ളൂ. ഇങ്ങിനെയുള്ളവരുടെ ഉൽബോധനംകൊണ്ടും, ഉപദേശംകൊണ്ടും, നേതൃത്വംകൊണ്ടും, നൂതനസമാസാദനങ്ങൾകൊണ്ടും, ഉത്തമദൃഷ്ടാന്തംകൊണ്ടും ചിലപ്പോൾ ശിക്ഷകൊണ്ടുമാണ് പ്രായേണ മന്ദോത്സാഹികളായി വർത്തിക്കുന്ന ജനസാമാന്യം ഉണർന്ന് ഉന്മേഷത്തോടുകൂടി പുരോഗമനമാർഗ്ഗത്തിൽ പ്രവേശിക്കുന്നതും പ്രവർത്തിക്കുന്നതും.

"യദ്യദാചരതിശ്രേയാനിതരസ്തത്തദീഹതെ
സയൽപ്രമാണം കുരുതെ ലോകസ്തദനുവർത്തതെ"

എന്നു മഹത്തുക്കൾ പറഞ്ഞിട്ടുള്ളത് ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ഇന്നു ലോകത്തിൽ എവിടേയും മനുഷ്യവർഗ്ഗം നേതാക്കന്മാരെ അന്വേഷിച്ചുകൊണ്ടിരിക്കയാണ്. ഇവരിൽ വേണ്ട ചലനശക്തി സംഗ്രഹിക്കപ്പെട്ടിട്ടുണ്ട്. ആ ശക്തിയെ വേണ്ടവഴിക്കു തിരിച്ചുവിടുന്നതിന് ഒരു നിയന്താവിൻെറ ആവശ്യം മാത്രമേയുള്ളൂ. ഇന്നത്തെ ഭാരതവും ഇന്നത്തെ റഷ്യയും ഇതിനു ദൃഷ്ടാന്തങ്ങളാകുന്നു.

വീരപുരുഷാരാധന പൂർവ്വകാലം മുതല്ക്കുതന്നെ മനുഷ്യവർഗ്ഗത്തിൻെറ ഒരു സ്വതസ്സിദ്ധമായ ഗുണമായിരുന്നു എങ്കിലും അന്നത്തെ ലോകസ്ഥിതിയനുസരിച്ച് അതിൻെറ വ്യാപ്തി ഏറക്കുറെ പരിമിതമായിത്തന്നെ ഇരുന്നു. എന്നാൽ ഇന്നു നാം ഈ വിഷയത്തിൽ ഒരു സുവിസ്തൃതമായ പരിധിയേയും നവീനമായ ആദർശത്തേയും അവലംബിച്ചിരിക്കയാണ്. ഇന്ന്

എവിടെയും അലസത നിമിത്തം മന്ദീഭവിച്ച ലോകത്തിൻെറ പുനരുദ്ധാരണശ്രമം നടന്നുകൊണ്ടിരിക്കുന്നു. ലോകരഥത്തിൻെറ നേമിയെ തേഞ്ഞുപോയ പഴയ പാതയിൽനിന്നും ഒരു നൂതനപാതയിലേക്ക് തിരിക്കപ്പെടുന്ന അവസരമാണിതു്. പുരാതനങ്ങളും ജരാജീർണ്ണങ്ങളും നാം സസ്നേഹം ആശ്ലേഷിച്ചിരുന്നവയുമായ സ്ഥാപനങ്ങളും വസ്തുക്കളും ആദർശങ്ങളും ഓരോന്നായി നിർദ്ദയം ധ്വംസിക്കപ്പെട്ടു വരികയാണ്. ഇപ്രകാരം മാറിക്കൊണ്ടിരിക്കുന്ന പ്രവൃത്തിരംഗത്തിലേക്ക് പ്രവേശിക്കുന്നതിനു വേണ്ട അഭ്യാസനവും നേതൃത്വവും എവിടെ ലഭിക്കുമെന്നാണ് ഇന്നു മനുഷ്യരുടെ അന്വേഷണം. മഹാന്മാരുടെ ജീവിതം നൽകുന്ന ഉന്മേഷജനകമായ ദൃഷ്ടാന്തപാഠമാണ് ഇന്നു ലോകക്കാവശ്യം. മഹാന്മാരുടെ ജീവചരിത്രങ്ങൾതന്നെ എന്താണ്? അവ വാസ്തവത്തിൽ മനുഷ്യവർഗ്ഗത്തിൻെറ മൗനരൂപത്തിലുള്ള വീരപുരുഷാരാധന തന്നെയാണ്. നമ്മുടെ രാമായണം, ഭാരതം, ഭാഗവതം മുതലായവ വീരപുരുഷാരാധനയിൽ മനുഷ്യർക്കുള്ള ഔത്സുക്യത്തിൻെറ പ്രത്യക്ഷഫലങ്ങളാണ്. അവയിലെ നായകന്മാരെ അമാനുഷചൈതന്യത്തോടുകൂടിയവരായി നാം ഗണിച്ച് പൂജിച്ചുവരുന്നു. എന്നാൽ ഒരു കാലത്തു മാത്രമേ ഇപ്രകാരമുള്ള വീരപുരുഷന്മാരുടെ ആവിർഭാവം ഉണ്ടാകയുള്ളു എന്നു വിചാരിപ്പാൻ കാരണമില്ല. എല്ലാ കാലത്തും എല്ലാ ദിക്കുകളിലും ലോകത്തിൽ വീരന്മാർ അവതരിക്കയും സ്വകൃത്യനിർവ്വഹണാനന്തരം തിരോധാനം ചെയ്കയും ചെയ്യുന്നുണ്ട്. എന്നാൽ നമ്മുടെ ദൃഷ്ടിയിൽ അവക്ക് ദിവ്യത്വം കല്പിക്കുന്നതിനു തക്കവണ്ണം നമ്മിൽനിന്നും അവർ കാലപരമായ ദൂരത്തിൽ ഇനിയും എത്തീട്ടില്ലെന്നേയുള്ളു. വീര്യവും പൌരുഷവും ഇവക്കും ഇല്ലാതില്ല. അവരെ തിരഞ്ഞു പിടിച്ച് ലോകസമക്ഷം സമർപ്പിക്കയും അവരുടെ മഹത്വത്തേയും മഹോദ്യമങ്ങളേയും സിദ്ധാന്തങ്ങളേയും ആദർശങ്ങളേയും വിശിഷ്ടകൃത്യങ്ങളേയും ആദരിക്കയും അനുകരിക്കയും ആരാധിക്കയും ചെയ്യുന്നത് നമ്മുടെ ഗൌരവമേറിയ കൃത്യമാണ്. ഇതു കൂടാതെ ലോകത്തിൻെറ പുരോഗതിയും ഉൽഗതിയും സാദ്ധ്യമല്ല. അതുകൊണ്ട് മഹാന്മാരുടെ ജീവചരിത്രം അവശ്യം എഴുതേണ്ടതും പഠിക്കേണ്ടതും തന്നെയാണ്. ഇതു പ്രത്യക്ഷമായ വീരപുരുഷാരാധന തന്നെയായിരിക്കും.

ഒരു ധീരപുരുഷൻെറ ചിന്തകളോടും, വികാരങ്ങളോടും, സ്വഭാവത്തോടും, ആദർശങ്ങളോടും, പ്രവൃത്തികളോടും നമുക്കുണ്ടാകാവുന്ന മാനസികസംസ്പർശം (സംസർഗ്ഗം) നമ്മെ ആ മനുഷ്യൻെറ നിരപ്പിലേക്ക് ആകർഷിക്കാതിരിക്കാൻ തരമില്ല. താമസ്സ് കാർലൈൽ അദ്ദേഹത്തിൻെറ "വീരപുരുഷാരാധന" എന്ന ഗ്രന്ഥത്തിൻെറ ആരംഭത്തിൽ ഇപ്രകാരം പറയുന്നു. "മഹാന്മാരെ ഏതുവിധം വീക്ഷിച്ചാലും അവർ നമുക്ക് ഉത്തമസ

ഖാക്കളായി കാണപ്പെടും. നാം ഒരു വീരപുരുഷനെ എത്രതന്നെ അപൂർണ്ണമായ വിധത്തിൽ ആദരിച്ചാലും അദ്ദേഹത്തിൽനിന്നും നമുക്ക് എന്തെങ്കിലും നന്മയും ഗുണവും ഗ്രഹിക്കാതിരിക്കാൻ തരമില്ല. അദ്ദേഹം സ്വസാമീപ്യം കൊണ്ടു് നമുക്കു നന്മയും ആനന്ദവും നൾകുന്ന ഒരു സചേതനമായ ജ്യോതിസ്സന്നിധാനമാണ്. അവർ ലോകത്തിലെ തിമിരനിരയെ പ്രകാശമാനമാക്കുന്നതും പ്രകാശിപ്പിച്ചിട്ടുള്ളതുമായ ജ്യോതിസ്സുകളാണ്. എന്നാൽ ഇതു് ഒരു ജ്വലിപ്പിക്കപ്പെട്ട ദീപംപോലെയല്ല. നേരെമറിച്ച് ദൈവാനുഗ്രഹത്താൽ പ്രശോഭിക്കുന്ന ഒരു തേജോഗോളം തന്നെയാണ്. മഹാന്മാർ ധീരത, പൌരുഷം, സൂക്ഷ്മജ്ഞാനം ഇവയുടെ സദാ പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒരു തേജോമയമായ പ്രസ്രവണം തന്നെയാണ്. ഇങ്ങിനെയുള്ളവരുടെ ദിവ്യസാന്നിദ്ധ്യം എല്ലാ ആത്മാക്കൾക്കും സമാധാനകരവും സുഖകരവുമായിത്തന്നെ ഇരിക്കുന്നതാണ്."

എന്നാൽ നമുക്ക് മഹാന്മാരെ അന്വേഷിച്ചു വീടുവിട്ട് ദൂരെ പോകേണ്ട ആവശ്യമില്ല. നമ്മുടെ ഭാരതഭൂമി പ്രാചീനകാലത്തും ആധുനികകാലത്തും ധീരപുരുഷന്മാരുടെ ജന്മഭൂമിയായിത്തന്നെയാണിരുന്നതും ഇരിക്കുന്നതും. നാം കണ്ണുതുറന്നുനോക്കേണ്ട ആവശ്യമേയുള്ളു. ഗ്രീസിനെപ്പററി ഒരു കവി പറഞ്ഞിട്ടുള്ളതുപോലെ ഭാരതവും "വിസ്മൃതന്മാരായ ഈശ്വരന്മാരുടേയും ഈശ്വരതുല്യന്മാരായ മനുഷ്യരുടേയും നിവാസസ്ഥാനമാണ്." ഇവരുടെ ജീവചരിത്രം രചിക്കയും, പഠിക്കയും, അവരുടെ ജീവിതാദർശങ്ങളെ വരിക്കയും അനുകരിക്കയും ചെയ്യേണ്ടതാണ് നമ്മുടെ ഇന്നത്തെ ചുമതല.

മുററത്തെ മുല്ലക്കും മണമില്ലാതില്ല. "അതിപരിചയദവജ്ഞ" എന്നുള്ള ദോഷം മാത്രമേയുള്ളു. ഈ ഗ്രന്ഥകാരൻ ഈ തത്വത്തെ ഗ്രഹിച്ചിട്ടുള്ളതായി കാണുന്നതിൽ സന്തോഷിക്കുന്നു. വിഖ്യാതനും കർമ്മക്ഷമനും ധീരനുമായ ബാബു സുരേന്ദ്രനാഥബാനർജിയുടെ നാനാമുഖങ്ങളോടു കൂടിയതും സ്വരാജ്യസേവനോന്മുഖവുമായ ജീവിതത്തിന്റെ ഈ സംക്ഷിപ്തചരിത്രം ആക്കും ആസ്വാദ്യവും ഉന്മേഷജനകവുമായിരിക്കുവാനെ തരമുള്ളു. അതുകൊണ്ടു് ഈ ഗ്രന്ഥത്തെ പാരായണാദ്ധ്യയനാത്ഥം ലോകസമക്ഷം സമപ്പിക്കുന്നതിൽ എനിക്കു് അതിയായ സന്തോഷം ഉണ്ടു്.

# നിൽക്കു, ഒന്നാലോചിക്കു.!

(അപ്പൻതമ്പുരാൻ)

നിങ്ങൾ എന്തെങ്കിലും ഒരു ജോലിയിൽ പ്രവേശിക്കുന്നതിനുമുമ്പു അതു നിങ്ങൾക്കു യോജിച്ചതാണോ എന്നു് ആലോചിക്കുക. അല്ലെങ്കിൽ പട്ടിക്കു പൊതിക്കാത്ത തേങ്ങ കിട്ടിയ മട്ടിലാവും. നിങ്ങൾക്കാഗ്രഹമുള്ള തൊഴിൽ മാന്യവും സ്വീകാര്യവുമാണോ എന്നു് പിന്നെ വിചാരിക്കുക. കാട്ടുപോത്തും കാഞ്ഞിരപ്പൊത്തും തമ്മിൽ തിരിച്ചറിവാനുള്ള ബുദ്ധിയില്ലെങ്കിൽ, കാട്ടിലൊ കടലിലൊ പോയി കണ്ടു പഠിക്കുന്നതുവരെ ക്ഷമിക്കുക. സ്വീകരിക്കുവാൻ ഭാവിക്കുന്ന ജോലി നടത്തുവാൻ പ്രാപ്തിയുണ്ടോ എന്നു് വീണ്ടും ആലോചിക്കുക. പഠിച്ചിട്ടുവേണ്ട തൊഴിലുകൾ പഠിക്കാതെ ഏല്ക്കുന്നതു് ബുദ്ധിയുടെ ലക്ഷണമല്ല. പിന്നെയോ? മൌഢ്യത്തിന്റെ. സ്വീകരിച്ചുകഴിഞ്ഞാൽ മേല്പോട്ടു കയറുന്നതിനു മുമ്പ് കീഴ്പടികളിൽ ചവിട്ടിയിട്ടു വേണം. സ്രഷ്ടാവിനുകൂടി സൃഷ്ടി മുഴുവനും സ്വാധീനമാവുക കഴിഞ്ഞിട്ടില്ല. അന്യന്റെ രഹസ്യങ്ങളെ പെരുമാറുകയാണു തൊഴിലെങ്കിൽ, മൌനം മുമ്പേ പഠിക്കണം. കിട്ടിയ തൊഴിൽ പെട്ടെന്നു വിടരുതു്. കണ്ടതിലൊക്കെ കയ്യിട്ടാൽ കൊണ്ടതൊക്കെ അമൃതെന്നു വരില്ല. വിഷവും ഏല്ക്കേണ്ടി വന്നേക്കാം. പണിതേടൽ തൊഴിലാക്കുകയൊ, പണത്തിനു വിവാഹം ചെയ്യുകയൊ, ഭിക്ഷയെടുത്തുപജീവനം കഴിക്കുകയൊ നല്ലതെന്നു് ആലോചിക്കണം. വക്കീലിന്റെ ഗുമസ്തനാണെങ്കിൽ, അവനവന്റെ നിയമപരിചയം യജമാനനിൽ പകരുവാൻ സൂക്ഷിച്ചിട്ടുവേണം. വക്കീലും അസൂയയില്ലാത്തവനല്ല. കച്ചവടത്തിൽ കണക്കെഴുത്താണെങ്കിൽ, അല്പശമ്പളം പറ്റി കൂട്ടുകച്ചവടക്കാരനാണെന്നു് അഭിമാനിക്കരുതു്. ആത്മാഭിമാനമെന്നു വിചാരിക്കുന്നതു് ചിലപ്പോൾ മറയത്തായെന്നും വരും. ഈശ്വരവിശ്വാസമുണ്ടെങ്കിലേ ശാന്തിക്കു പോകാവൂ. ഒരുവന്റെ സ്ഥാനത്തു് മറ്റൊരുവൻ വരില്ലെന്നു വിചാരിക്കേണ്ട. മനുഷ്യനു മരണമുണ്ടെന്നുവച്ചു് ലോകം ശൂന്യമാകുന്നില്ല. ഉണ്ടിക തുടങ്ങുന്നതിനു മുമ്പു് കണക്കിനു വാസനയുണ്ടോ എന്നു നോക്കണം. അല്ലെങ്കിൽ 'കണക്കി'ലാവില്ല. 'ഈരൊന്നുരണ്ടു' നാവിന്മേലും കണ്ണു് പണക്കുന്നിന്മേലും മാത്രമായാൽ, കൊതികൊണ്ടു നാവിന്മേൽ ഊറുന്ന വെള്ളം ഉള്ള കണക്കുംകൂടി കലക്കിക്കളയും. അത്യാഗ്രഹമാകുന്ന കുന്നിൻമുകളിൽ കയറി തലചുറ്റിക്കുന്ന അഗാധതയിലേക്കു നോക്കുന്നതിനുമുമ്പു് കാലുറപ്പിക്കണം. ആശ 'ദീപാളി'യായ ഒരു ധനികയുവാവാണു്. പരിചയമാണു് അവന്റെ

ബാങ്ക്. അവൻെറ കുറിമാനങ്ങളൊന്നും ബാങ്കുവകവെക്കില്ല. എന്തുകൊണ്ടെന്നാൽ, അല്പധനമടച്ച് അധികധനം വാങ്ങുവാനാണ് അവൻെറ ആഗ്രഹം. അഥവാ ആവശ്യപ്പെട്ടതു കിട്ടിയാൽ അതുതന്നെയാണ് അവൻെറ നാശകാരണം. പരസ്യം ചെയ്യുന്നവരുടെ വ്യാമോഹങ്ങളിൽ പെട്ടുപോകരുതു് വായുംപിളൎന്നു വിഴുങ്ങുവാനാണ് അവർ വരുന്നതു്. ഏതു തൊഴിലായാലും ചാടിക്കയറരുതു്; ചവിട്ടിക്കയറണം. മുകളിൽനിന്നു കീഴോട്ടു കുതിച്ചുചാടുന്നതു് കോടീശ്വരന്മാൎക്കും, ഭാഗ്യക്കുറിക്കാൎക്കും, കുട്ടിക്കുരങ്ങന്മാൎക്കും മാത്രം വിധിച്ചിട്ടുള്ളതാണ്.

വലുപ്പമില്ല, ബുദ്ധിയില്ല, പണമില്ല, അഭിമാനം മാത്രം; അതു സൂക്ഷിക്കണം. പ്രതൃത, ഉയരമുണ്ടു്, സൌന്ദൎയ്യമുണ്ടു്, സ്വത്തുണ്ടു്, ഫലനമുണ്ടു്; പക്ഷെ ഇഴഞ്ഞേ സഞ്ചരിക്കൂ; അതും സൂക്ഷിക്കണം. നാട്ടുനടപ്പിനെ അവഗണിക്കുവാൻ ആലോചിച്ചിട്ടു വേണം. ഭസ്മക്കുറിയും, കണ്ഠരുദ്രാക്ഷവും, കൈനിറയെ മോതിരവും, തോട്ടിക്കടുക്കനും, തലനിറയെ കുടുമയുമായി നടക്കുവാൻ ഇക്കാലത്തു സൂക്ഷിക്കണം. കാലമനുസരിച്ചു വേഷംധരിക്കുവാൻ മടിക്കരുതു്. വേനൽക്കാലത്തു തൊപ്പിവെച്ചാൽ തുറിച്ചുനോക്കുന്നവരുണ്ടാകും. വേണ്ടാത്ത ഭൂഷകളണിയുവാൻ അഭിമാനം ഉപദേശിച്ചാൽ ആലോചിച്ചിട്ടു വേണം. ഭംഗിക്കു പണ്ടം കെട്ടുന്നതൊന്നു വേറെ; പണക്കാരനെന്നു കാണിക്കുന്നതൊന്നു വേറെ. വാക്കിലും പ്രവൃത്തിയിലും സാഹസമരുതു്. രസകരമല്ലെങ്കിൽ സഹിച്ചോളൂ; കുരക്കരുതു്. 'തുരപ്പൻകപ്പൽ' പൊളിയുന്ന സമയം ഭയാനകമാണെങ്കിലും നിശ്ശബ്ദമാണ്. കാററുനിറഞ്ഞ തോൽസഞ്ചി ആകാശത്തിൽ ഉയരെച്ചെന്നു പൊട്ടുമ്പോൾ ശബ്ദം കൂടുതലാണെങ്കിലും ഭയപ്പെടേണ്ടതില്ല.

ഇപ്പോൾ നില്ക്കട്ടെ. ശേഷം വഴിയെ ആലോചിക്കാം.

## അദ്ധ്യാപകസമാജം.

(എസ്സ്. ശങ്കരവാരിയർ ബി. എ., എൽ. ടി.)

അദ്ധ്യാപകസമാജം അദ്ധ്യാപകന്മാരുടെ ശ്രേയസ്സിന്ന് അത്യന്തം ആവശ്യമാണ്. വിദ്വാന്മാർ സ്വസാമൎത്ഥ്യത്തിൻെറ പ്രവൎത്തനരംഗമായി സമാജം വേണമെന്നു് ആഗ്രഹിക്കുന്നവരല്ലയോ.? സാമാജംഗമായിരിക്കുന്നതു് വ്യക്തിമാഹാത്മ്യത്തിന്ന് കുറവു വരുത്തുമെന്നു് ഉൽക്കൎഷേച്ഛുക്ക

ളായ സാധാരണന്മാർ ശങ്കിക്കയുമില്ല. നല്ല അദ്ധ്യാപകന്മാർ യഥാൎത്ഥത്തിൽ എന്നും വിദ്യാൎത്ഥികളായിത്തന്നെ ഇരിക്കും. അതുകൊണ്ടു് തിരുവിതാംകൂറിലെ അദ്ധ്യാപകന്മാർ സാധാരണക്കാരും അസാധാരണക്കാരും വിദ്വാന്മാരും പാമരന്മാരും അധികാരികളും അധികാരഹീനരും സമാജം വേണമെന്ന് വിചാരിക്കുന്നവരാണെന്നു തന്നെയാണ് എന്റെ ഊഹം. പൊതുവായി ഈ ആവശ്യത്തിലേക്ക് അദ്ധ്യാപകന്മാരുടെ അടിയന്തിരമായ ശ്രദ്ധയെ ക്ഷണിക്കുന്നതിന് മറുദേശങ്ങളിലെന്നല്ല നമ്മുടെ അയൽദേശമായ കൊച്ചിയിലും അദ്ധ്യാപകസമാജങ്ങൾ നടക്കുന്ന വസ്തുതയും സമാജങ്ങൾകൊണ്ടു സാധിക്കാവുന്ന മഹൽകാൎയ്യങ്ങളും ചൂണ്ടിക്കാണിച്ചു കൊടുക്കുന്ന ശ്രീമാൻ സി. ജി. അനന്തൻപിള്ള അവർകളെ ഞാൻ അഭിനന്ദിക്കുന്നു. ഈ സംസ്ഥാനത്തെ അദ്ധ്യാപകന്മാരെല്ലാം ഇണങ്ങി ഒന്നിച്ചു് ഒരു ദൃഢബന്ധമായ സംഘടന ഉണ്ടാകുന്നതുവരെ നിരന്തരം ഉൽബോധനം ചെയ്തുകൊണ്ടിരിക്കണമെന്ന് പിള്ള അവർകളോടു ഞാൻ അപേക്ഷിക്കയും ചെയ്യുന്നു. അപ്രിയമായാലും പറയാൻ മടിക്കാത്ത മി: പിള്ള അവർകളെ ഉത്സാഹിപ്പിക്കണമെന്നും അനുകരിച്ചാൽ ഉണ്ടാകുന്ന ഫലം എന്തായിരിക്കുമെന്നറിയണമെന്നും ഉള്ള മോഹംകൊണ്ടാണ് മടിയനെങ്കിലും ഞാൻ ഇതെഴുതുന്നതു്.

തിരുവിതാംകൂറിൽ യഥാൎത്ഥത്തിൽ ഒരു അദ്ധ്യാപകസമാജം ഇല്ലെന്നു് പിള്ള അവർകൾ പറയുമ്പോൾ സംശയം തോന്നിയേക്കാം. തിരുവിതാംകൂർ അദ്ധ്യാപകസമാജം എന്ന ഒരു പേരു് പലയിടത്തും കണ്ടുവരുന്നുണ്ടു്. ഇതിന്റെ പരിധി സങ്കുചിതമല്ല. ഇതിന്റെ പ്രവൎത്തനം നമ്മുടെ സംസ്ഥാനമൊട്ടുക്ക് വ്യാപിപ്പിക്കാവുന്ന വിധമാണ് ഇതിന്റെ വ്യവസ്ഥകൾ. അഖിലഭാരതഅദ്ധ്യാപകസംഘവും തദ്വാരാ അഖില ഏഷ്യാവിദ്യാഭ്യാസസമാജവും അഖിലലോകഗുരുനാഥസഖ്യവുമായി ഇതു് സംഘടിക്കപ്പെടുന്നതിനുള്ള ആലോചനകൾ അധികതാമസം കൂടാതെ സഫലമാകുമെന്നുള്ളതും തീൎച്ചയാണു്. ഇൻഡ്യയുടെ പല ഭാഗങ്ങളിലുള്ള വിദ്യാഭ്യാസപ്രവൎത്തകന്മാരുടെ അഭിനന്ദനത്തിന് പാത്രമായ ഒരു ത്രൈമാസിക പത്രഗ്രന്ഥവും തിരുവിതാംകൂർ സമാജത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിവരുന്നുണ്ടു്. ബഹുമാന്യന്മാരായ വിദ്യാഭ്യാസപ്രവൎത്തകന്മാരേക്കൊണ്ടു് തിരുവനന്തപുരത്തും മററും പ്രസംഗങ്ങൾ ചെയ്യിക്കുന്നു. ചുരുക്കത്തിൽ പറഞ്ഞാൽ അദ്ധ്യാപകന്മാരുടെ സൎവ്വതോമുഖമായ ഉൽക്കർഷത്തിനു വേണ്ടതേതും ശക്തിക്കൊത്തപോലെ പ്രവൎത്തിക്കുന്നതിന് സമാജം ഒരുക്കമാണു്. ഈ സംഘത്തിന്റെ രക്ഷ അതിൽ അംഗങ്ങളായിട്ടുള്ളവരുടെ കൎമ്മകുശലതയിലും സൽബുദ്ധിയിലും ആണ് നിക്ഷിപ്തമായിരിക്കുന്നതു്. എന്നതുകൊണ്ടു് ഗവണ്മെൻറിന്റെ സഹായവും

വിദ്യാഭ്യാസാധ്യക്ഷരുടെ ലാളനവും അതിനു ലഭിക്കാതിരിക്കുന്നില്ല. വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നില്ക്കുന്നു എന്നു സ്വയം അഭിമാനിക്കുന്ന തിരുവിതാംകൂറിന്നും അഭിമാനത്തിന് ആസ്പദമല്ലയോ ഇങ്ങനെ ഒരു സമാജം.? ഇതു് യഥാത്ഥത്തിൽ ഒരു അദ്ധ്യാപകസമാജമല്ലെന്നു വരുന്നതെങ്ങനെ.? പറയത്തക്ക ഫലമുണ്ടാകുന്നുണ്ടെന്ന് തോന്നാത്തതു കൊണ്ടാണെങ്കിൽ സമാജമല്ലെന്നു പറഞ്ഞു് വിഗണിച്ചതുകൊണ്ട് ഫലമില്ല. കൂടുതൽ അന്വേഷിച്ച് അധികം ഫലപ്രദമാകുന്നതിന് നടപ്പുള്ള നിർദ്ദേശങ്ങൾകൊണ്ടും മററും സ്നേഹബുദ്ധ്യാ സഹായിക്കയാണു വേണ്ടതു്. ഇംഗ്ലീഷുസ്കൂൾ അദ്ധ്യാപകന്മാരുടെ സമാജം യഥാത്ഥത്തിൽ അദ്ധ്യാപകസമാജമല്ലെന്നു വിചാരിക്കണമോ.? അതു ന്യായമോ.? മലയാളം സ്കൂൾ അദ്ധ്യാപകന്മാരും ഇതിലുണ്ടെന്ന് ഞാൻ സത്യവാഗ്മൂലം ബോധിപ്പിക്കാം. തിരുവിതാംകൂറിൽ ഒരു അദ്ധ്യാപകസമാജമുണ്ടെന്ന് വിശ്വസിക്കാം.

തിരുവിതാംകൂറിൽ യഥാത്ഥത്തിൽ ഒരു അദ്ധ്യാപകസമാജം ഇല്ലായിരുന്നെങ്കിൽ ശോചനീയമായിരുന്നേനെ. പക്ഷെ ഇന്ന് ശോചനീയമായിരിക്കുന്നതു് "തിരുവിതാംകൂറിലെ വിദ്യാഭ്യാസത്തിൽ ഒരു പ്രധാന ഭാഗം വഹിക്കുന്ന മലയാളം സ്കൂൾ അദ്ധ്യാപകന്മാർ" തിരുവിതാംകൂർ അദ്ധ്യാപകസമാജത്തിൽ ചേരാതെ "യാതൊരു സംഘടനയൊ ശക്തിയൊ ഇല്ലാതെ നിർജ്ജീവാവസ്ഥയിൽ കഴിഞ്ഞുകൂടുന്നതാണു്." ഇതിനൊരു പരിഹാരമാരായേണ്ടതു് ഏവരുടേയും കത്തവ്യമത്രെ.

സഹായികൾ പലരാകുമ്പോൾ അവരുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാം. വ്യതിരഭിപ്രായത്തിൽ അസഹിഷ്ണുത തോന്നരുതു്. എതിരഭിപ്രായം കൊണ്ട് സഹായികളേയും അനുകമ്പയുള്ളവരേയും ആട്ടിഓടിക്കുന്നതു് വിഹിതമല്ല. എത്ര തുഛമായിരുന്നാലും ആത്മാത്ഥതയോടെ ചെയ്തുതരുന്ന ഏതു സഹായവും നന്ദിപൂവം സ്മരിക്കണം. അദ്ധ്യക്ഷനെ അന്വേഷിച്ചു വിഷമിച്ച മഹാസഭാപ്രവത്തകന്മാരുടെ ക്ലേശത്തെ അവരുടെ അപ്പോഴത്തെ അപേക്ഷയെ സ്വീകരിച്ചു തൽക്ഷണം ശോഷിപ്പിച്ച ആ സുഹൃത്തിനെ സംപൂജ്യനെന്ന് ഉച്ചൈസ്തരം അട്ടഹസിച്ചു സ്തുതിച്ചിട്ട് ഇന്നു പുഛിക്കുന്നതു യോഗ്യതയാണോ.? അദ്ദേഹത്തിൻെറ പ്രസംഗം അധികമായെങ്കിൽ എന്തുകൊണ്ട് ഉപസംഹരിക്കാൻ അപേക്ഷിച്ചില്ല. കൂട്ടാക്കാതെ അദ്ദേഹം തുടരുകയായിരുന്നെങ്കിൽ എന്തുകൊണ്ട് പ്രതിഷേധിച്ചുകൂടായിരുന്നു. പ്രമേയങ്ങൾ പ്രവത്തകന്മാരുടെ അറിവുകൂടാതെ കയറി വന്നവയായിരുന്നോ ആവോ.? വീണ്ടുവിചാരമില്ലാതെ അദ്ധ്യാപകന്മാർ ക്ഷുഭിതരായല്ലൊ.! ഇന്നു് ക്ഷോഭമില്ലാതിരുന്നിട്ടും അന്നു് വിവേകത്തിനു കാരണഭൂതനായ ആ ശാസ്ത്രിയെ പഴിക്കുന്നതുചിതമല്ലെന്നു പ

റയാതെ തരമില്ല. താൻതാൻ വഹിക്കേണ്ട ഭാരം അന്യരിൽ ആരോപിക്കാനുള്ള ശ്രമം സ്തുത്യർഹമല്ല.

ന്യായാൽപഥഃപ്രവിചലന്തിപദം നധീരാഃ.

അധികാരികളുടെ കോപത്തെയൊ അധികപ്രസംഗികളുടെ ശകാരത്തെയൊ മുഖസ്തുതിയെയൊ യഥാർത്ഥം സ്വീകരിച്ച് തന്റേടത്തോടെ ആത്മരക്ഷയ്ക്കുവേണ്ടി പ്രവൎത്തിക്കാനേററവും ആവശ്യമായ വിവേക സമ്പത്ത് മലയാളം സ്കൂൾ അദ്ധ്യാപകന്മാൎക്ക് പ്രത്യേകം പ്രത്യേകമായും പൊതുവായും ഉണ്ടാകേണ്ടിയിരിക്കുന്നു. "വിദ്യാഭ്യാസസംബന്ധമായ കാൎയ്യങ്ങളെക്കുറിച്ച് വിമൎശിക്കുവാനും അഭിപ്രായം പുറപ്പെടുവിക്കാനും പ്രവൎത്തിക്കാനും കൂടുതൽ യോഗ്യതയും സ്ഥാനവും നിങ്ങൾക്കാണുള്ളത്. നിങ്ങളേക്കാൾ കൂടുതൽ യോഗ്യതയൊ അധികാരമൊ ഉള്ളവരായി വേറെ ആരുമില്ല. ഒരിക്കലും പ്രസാദിക്കാത്ത മുഖത്തോടുകൂടിയ നിങ്ങളുടെ മേലധികാരി സ്വതേ അശക്തനും ഹൃദയവിശാലതയില്ലാത്തവനും പരോല്ക്കൎഷത്തിൽ അസഹിഷ്ണുവുമാകുന്നു" എന്നിങ്ങനെ മലയാളം സ്കൂൾ അദ്ധ്യാപകന്മാരുടെ ഉൽക്കർഷത്തെ ആത്മാൎത്ഥം കാംക്ഷിക്കുന്നവരാരെങ്കിലും ഉൽബോധിപ്പിക്കുമോ.? "ആടിതെററിയാൽ ആനയും വീഴും." ഗുരുനാഥന്റെ മുമ്പിൽ ആനക്കുഴിയുണ്ടാക്കി വെയ്ക്കരുതേ! എന്നു ഞാൻ പ്രാൎത്ഥിക്കുന്നു.

ഗുരുനാഥന്മാരുടേയും ബാലന്മാരുടേയും സമുദായത്തിന്റെ തന്നെയും രക്ഷാഭാരം കൈയേററിരിക്കുന്ന അധികാരികൾക്ക് ഇത്തരമുപദേഷ്ടാക്കളോടും ഉപദേശം സ്വീകരിക്കുന്നവരോടും കോപമുണ്ടാകുന്നെങ്കിൽ അത്ഭുതത്തിനവകാശമെന്ത്.? അറിവുള്ളവർ ഭയകോപാദിക്ഷോഭങ്ങൾക്ക് അധീനരാകയില്ല. മലയാളം സ്കൂൾ അദ്ധ്യാപകന്മാരിൽ ചിലർ ഇംഗ്ലീഷുസ്കൂൾ അദ്ധ്യാപകന്മാരേക്കാൾ അറിവുള്ളവരായിരിക്കാം. ഇംഗ്ലീഷുസ്കൂൾ അദ്ധ്യാപകന്മാരെല്ലാം മലയാളം സ്കൂൾ അദ്ധ്യാപകന്മാരിൽ പലരേക്കാളും അറിവുള്ളവരാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. ആ ഒരു കൂട്ടരെ തിരിച്ചുനിൎത്തണമെന്ന് ഒരു വാദം പുറപ്പെടുവിക്കുന്നതു് മലയാളം സ്കൂൾ അദ്ധ്യാപകന്മാൎക്ക് ആപൽക്കരമാണ്. അനാവശ്യമായ ഭിന്നിപ്പുകൾക്കും മത്സരത്തിനും ഇടയാക്കരുതു്. ഓരോ സ്ഥലത്തുമുള്ള എല്ലാ അദ്ധ്യാപകന്മാൎക്കും സഹോദരബുദ്ധ്യാ സമ്മേളിക്കാനുള്ള സകല സൗകൎയ്യങ്ങളുമുണ്ടാക്കിക്കൊടുക്കേണ്ട ഗുരുനാഥൻ തിരുവിതാംകൂറിലെ വിദ്യാഭ്യാസത്തിൽ ഒരു പ്രധാനഭാഗം വഹിക്കുന്ന മലയാളം സ്കൂൾ അദ്ധ്യാപകന്മാൎക്ക് പ്രാധാന്യം അവകാശപ്പെട്ടുകൂട. ഓണേർസ് ക്ലാസിലെ പ്രൊഫെസ്സൎക്കും ഒന്നാംക്ലാസിലെ സബ്സ്റ്റിററ്യൂട്ടിനും സമഭാവത്തിൽ സഹവൎത്തിക്കാനുള്ള

മനസ്ഥിതി ഗുരുനാഥൻ ഞങ്ങൾക്കു സമ്പാദിച്ചു തരണം. ഗുരുനാഥനിൽ സ്വാത്മപ്രതിപത്തി ആരോപിക്കപ്പെടാനിടകൊടുക്കാമൊ.?" ഇതുവരെയുള്ള നയമുപേക്ഷിച്ചിട്ടു് തിരുവിതാംകൂർ അദ്ധ്യാപകസമാജം ഒരദ്ധ്യാപകസമാജമാണെന്നും എല്ലാ അദ്ധ്യാപകന്മാരും അതിൽ അംഗങ്ങളാകണമെന്നും മുക്തകണ്ഠം ഉപദേശിക്കുക. അദ്ധ്യാപകന്മാർ ഏകയോഗക്ഷേമാസ്പത്തിക്കുമാറാകട്ടെ.

# കിളിമാനൂർ രവിവർമ്മകോയിൽതമ്പുരാൻ

## വിശ്വവിശ്രുതനായ ചിത്രകാരൻ.

(ആർ. ഈശ്വരപിള്ള ബി. എ.)

കിളിമാനൂർ കൊട്ടാരത്തിലെ അംഗങ്ങൾ ചിത്രമെഴുത്തുവിഷയത്തിൽ പണ്ടേതന്നെ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളവരാണു്. അവിടത്തെ തമ്പുരാട്ടിമാരും ഈ വിഷയത്തിൽ നല്ല വൈദഗ്ദ്ധ്യമുള്ളവരായിട്ടാണു് കാണപ്പെടുന്നതു്. ഇങ്ങിനെ പരമ്പരയാ ചിത്രകലാപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു കുടുംബത്തിലാണു് പ്രസിദ്ധനായ രവിവർമ്മ കോയിതമ്പുരാൻ ജനിച്ചതു്. അദ്ദേഹത്തിനു പാരമ്പര്യസിദ്ധമായ ജ്ഞാനത്തിനു പുറമെ അനതിശയനീയമായ വാസനയും കൂടി ഉണ്ടായിരുന്നു. ഇദ്ദേഹത്തിനു ചിത്രമെഴുത്തിൽ പറയത്തക്ക അഭ്യസനം ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. അനുകരിക്കുന്നതിനു തക്ക മാതൃകകളും ഇല്ലായിരുന്നു. എന്നിരുന്നിട്ടും ജന്മസിദ്ധമായ വാസനയും ഉൽബുദ്ധമായ കല്പനാശക്തിയും സുസ്ഥിരമായ സ്വപ്രയത്നവും കൊണ്ടു് അദ്ദേഹം ഒരു വിശ്രുതനായ രഞ്ജകനായിത്തീൎന്നു. അദ്ദേഹത്തിന്റെ ബുദ്ധിതന്നെ ഒരു ഛായാഗ്രാഹിയായ കാചഫലകമായിരുന്നു. അദ്ദേഹം ഒരാളിനേയൊ വസ്തുവിനേയൊ ഒരിക്കൽ കണ്ടാൽ ആ ആളിന്റെയൊ വസ്തുവിന്റെയൊ ഛായ ഉടൻതന്നെ ഒരിക്കലും മായാത്ത വിധത്തിൽ സുവ്യക്തമായി ഉള്ളിൽ പതിയും. അതിനെ ബാഹ്യരൂപത്തിൽ ചിത്രീകരിക്കുന്നതിനും അദ്ദേഹത്തിനു പ്രയാസമില്ലായിരുന്നു. അദ്ദേഹം ഒരു നിരീക്ഷണശീലനായിരുന്നതുകൊണ്ടു് തന്റെ ഉള്ളിൽ അനേകം പ്രകൃതിവസ്തുക്കളുടേയും ജീവികളുടേയും പ്രതി

ബിംബങ്ങൾ ശേഖരിച്ച് സംഗ്രഹിച്ചുവച്ചിരുന്നു. ആവശ്യപ്പെടുമ്പോൾ അവയെ "വരയിലും വർണ്ണത്തിലും" പ്രത്യക്ഷപ്പെടുത്തുകയും ചെയ്തുവന്നു. ഇതാണ് അദ്ദേഹത്തിന്റെ വിജയത്തിനുള്ള രഹസ്യകാരണം. ഇദ്ദേഹം മാവേലിക്കര കൊട്ടാരത്തിൽ നിന്നാണ് വിവാഹം ചെയ്തിരുന്നത്. ഇവിടെ താമസിച്ചുകൊണ്ടാണ് അദ്ദേഹം നിസ്തുല്യങ്ങളായ അനേകം ചിത്രങ്ങളെ നിർമ്മിച്ചത്. വിയന്നായിൽ വച്ച് നടന്ന ഒരു ചിത്രകലാപ്രദർശനത്തിന് ഇദ്ദേഹം ചിത്രങ്ങൾ അയക്കുകയും അവയിൽ പലതിനും സ്വർണ്ണമുദ്രകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരമാണ് ഇദ്ദേഹത്തിനു ആദ്യമായി യൂറോപ്യൻഖ്യാതി സിദ്ധിച്ചത്. ഇതിൽപിന്നെ ആലപ്പുഴെ കച്ചവടം ചെയ്തു താമസിച്ചിരുന്ന ഡാറാസായ്പ് ഇദ്ദേഹത്തിന്റെ നിസ്തുല്യങ്ങളായ ആലേഖ്യങ്ങൾ കണ്ടു ഭ്രമിച്ച് ഇദ്ദേഹത്തിന്റെ പല ചിത്രങ്ങളേയും അമേരിക്കയിൽ അയയ്ക്കുകയുണ്ടായി അവ അനേകം യോഗ്യന്മാരുടെ പ്രശംസയ്ക്കു പാത്രമായി ഭവിക്കുകയും ചെയ്തു. ഇതിനുശേഷം ബറോഡാ മഹാരാജാവിന്റെ ക്ഷണനം അനുസരിച്ച് അങ്ങോട്ടു പോയി. അവിടെ മഹാരാജാവിന്റെ അപേക്ഷാനുസരണം ഒന്നുരണ്ടു കൊല്ലം താമസിച്ചു. അദ്ദേഹത്തിന്റെ പുതിയ കൊട്ടാരത്തെ അലങ്കരിക്കുന്നതിനായി പുരാണസംബന്ധങ്ങളും മററുമായി അനേകം ആലേഖ്യങ്ങൾ എഴുതിക്കൊടുക്കയുണ്ടായി. മഹാരാജാവു തിരുമനസ്സുകൊണ്ടു സന്തോഷിച്ച് അനേകം സമ്മാനങ്ങളും ബഹുമതികളും നല്കി. പിന്നീട് മൈസൂർ മഹാരാജാവിന്റെ താല്പര്യപ്രകാരം അവിടേയും പോയി പല ചിത്രങ്ങളും എഴുതിക്കൊടുത്തു. ഇവിടേയും അനേകം ബഹുമതികൾ സിദ്ധിച്ചു. ഇതിനും പുറമേ പലരുടേയും ആവശ്യപ്രകാരം ബാംബെ, പൂന മുതലായ സ്ഥലങ്ങളിൽ താമസിച്ച് ചിത്രക്രിയാജോലി ചെയ്തുവന്നു. എന്നാൽ നിരന്തരമായ പരിശ്രമം നിമിത്തം അദ്ദേഹത്തിനു ആരോഗ്യഹാനി സംഭവിക്കാതിരുന്നില്ല. അതു നിമിത്തം അധികം പ്രായമാകുന്നതിനു മുമ്പുതന്നെ മരിക്കയാണുണ്ടായത്. ആകൃതിയിൽ രവിവർമ്മക്കോയിത്തമ്പുരാൻ സുമുഖനും കോമളനും ആയിരുന്നു. സ്വഭാവത്തിൽ ശാന്തനും, വിവേകിയും, വിനീതനുമായിരുന്നു. ഉന്നതസ്ഥിതിയിൽ എത്തിയെങ്കിലും ഗർവ്വലവലേശമില്ലായിരുന്നു. ഇതിനുംപുറമെ വിദ്വാനും സരസനുമായിരുന്നു. ഇദ്ദേഹത്തിന് അനന്യസാധാരണമായ സൗന്ദര്യബോധമുണ്ടായിരുന്നു. ഇന്ന് നമ്മുടെ ഗൃഹങ്ങളുടെ അന്തർഭാഗത്തെ അലങ്കരിക്കുന്ന ഛായാപടങ്ങൾ മിക്കവയും ഇദ്ദേഹം എഴുതിയിട്ടുള്ളവയുടെ അച്ചടിപകർപ്പുകളാണ്. ഇൻഡ്യയിൽ പല സ്ഥലങ്ങളിലും കൂടാതെ ജർമ്മനിയിലും ഇദ്ദേഹത്തിന്റെ ആലേഖ്യങ്ങളുടെ പകർപ്പുകൾ അച്ചടിക്കുന്നുണ്ട്. ആകപ്പാടെ ഇദ്ദേഹം ഒരു അനുഗ്രഹീതനായ ചിത്രകലാകുശലനായിരുന്നു എന്നുതന്നെ പറയാം. ഇദ്ദേഹത്തിന്റെ

സങ്കല്പസന്താനങ്ങളായ ശകുന്തളാ, സീതാ, മഹാലക്ഷ്മി, സരസ്വതി മുതലായ ചിത്രങ്ങൾ മുഖശ്രീ കൊണ്ടും അംഗസൗഷ്ഠവം കൊണ്ടും സൗന്ദര്യത്തിൻെറ പ്രത്യക്ഷപ്രതിമകൾ തന്നെയാണ്. വർണ്ണസുഷമയും വൈചിത്ര്യവും കൊണ്ടല്ല, ആകാരസൗഷ്ഠവം കൊണ്ടാണ്, ഇദ്ദേഹം തൻെറ ചിത്രങ്ങൾക്കു അനിർവ്വാച്യമായ രാമണീയകത്വം നൽകിവന്നത്. അതുകൊണ്ടു് ഇവ പ്രശാന്തരമണീയങ്ങൾ തന്നെ ആയിരുന്നു. പ്രകൃതിവസ്തുക്കളെ ചിത്രീകരിക്കുന്നതിലല്ല, സചേതനവസ്തുക്കളുടെ ചിത്രീകരണത്തിലാണ് ഇദ്ദേഹത്തിന് അധികം വാസന ഉണ്ടായിരുന്നത്. എല്ലാംകൊണ്ടും ഇദ്ദേഹം ഭാരതത്തിലെ ചിത്രകാരന്മാരിൽവച്ചു അദ്വിതീയൻ തന്നെയായിരുന്നു. അദ്ദേഹം തിരോധാനം ചെയ്തുവെങ്കിലും ഇദ്ദേഹത്തിൻെറ സൃഷ്ടികൾ ഇന്നു നമ്മെ ആസ്വദിപ്പിക്കയും അദ്ദേഹത്തെ അനുസ്മരിപ്പിക്കയും ചെയ്യുന്നു. കവി പറയുന്നതുപോലെ:-

"വസ്തുക്കൾക്കു നിത്യത്വം പ്രദാനം ചെയ്യുകയും കാലത്തിൻെറ നശീകരണശക്തിയെ വിഫലീകരിക്കയും ചെയ്യുന്ന ഈ വിശിഷ്ടകല എന്നും വിജയിക്കട്ടെ."

# അമേരിക്ക നമ്മെ എന്തു പഠിപ്പിക്കുന്നു.?

(സി. ജി. അനന്തൻപിള്ള ബി. എ.)

പുരാതനഭാരതത്തിൽ എത്രയും ഉൽകൃഷ്ടമായ ഒരു വിദ്യാഭ്യാസസമ്പ്രദായം പ്രചാരത്തിലിരുന്നു എന്നും തന്മൂലം ഭാരതീയസമുദായത്തിന് ആശാസ്യമായ അഭിവൃദ്ധി സിദ്ധിച്ചിരുന്നു എന്നും അതിൻെറ അഭാവമാണ് നമ്മുടെ ഇന്നത്തെ പല അവശതകൾക്കും ഹേതു എന്നും പലരും പരസ്യമായി പറയുന്നുണ്ടു്. ഈ പ്രസ്താവന വാസ്തവമൊ അവാസ്തവമൊ ആയിരുന്നാലും, പ്രാചീനവിദ്യാഭ്യാസസമ്പ്രദായത്തിന് പ്രശംസനീയങ്ങളായ ഏതെല്ലാം ഗുണങ്ങൾ ഉണ്ടായിരുന്നാലും, അതിൽ ഉത്തമങ്ങളെന്നു തോന്നുന്നവയെ സ്വീകരിക്കാമെന്നല്ലാതെ, ആ വിദ്യാഭ്യാസസമ്പ്രദായം പുനസ്ഥാപിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഏതു രാജ്യത്തും ഏതു കാലത്തും വിദ്യാഭ്യാസസമ്പ്രദായം കാലദേശാവസ്ഥകൾക്കു യോജി

ച്ചതായിരിക്കണമല്ലൊ. ആധുനികവിദ്യാഭ്യാസസമ്പ്രദായം ഇൻഡ്യയുടെ നാനാമുഖങ്ങളോടു കൂടിയ അഭിവൃദ്ധിക്കു് ഉതകുന്നതല്ലെന്നും, ദേശാഭിമാനം, സ്വാശ്രയശക്തി എന്നീ ഗുണങ്ങളെ ഹനിച്ചതു് അതാണെന്നും ആൎക്കും സമ്മതിക്കാതെ തരമില്ല. ഇംഗ്ലണ്ടിൽ പരീക്ഷിച്ചു്, തിരസ്കരിച്ചിരിക്കുന്ന ഒരു വിദ്യാഭ്യാസമാണു് ഇന്നു ഇൻഡ്യയിൽ നടപ്പിലിരിക്കുന്നതു്. നമ്മുടെ വിദ്യാഭ്യാസരീതിയെ പരിഷ്കരിക്കുന്നതു് നമ്മുടെ ചുമതലയാണു്. ഇന്നു പാശ്ചാത്യരാജ്യങ്ങളിൽ കാണുന്ന വിവിധ വിദ്യാഭ്യാസരീതികളിലെ ഉത്തമഭാഗങ്ങളെ സ്വീകരിച്ചു് ദേശകാലാവസ്ഥകൾക്കനുയോജ്യമായ വിധത്തിൽ ഒരു പുതിയ സമ്പ്രദായം സൃഷ്ടിക്കുകയാണു് നാം ചെയ്യേണ്ടതു്. പാശ്ചാത്യസമ്പൎക്കം കൊണ്ടു് നമുക്കു് എന്തെല്ലാം ദോഷങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും, പല വിലയേറിയ ഗുണങ്ങളും സിദ്ധിച്ചിട്ടുണ്ടെന്നു് സമ്മതിക്കാതെ തരമില്ല. അവയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് സ്വാതന്ത്ര്യാഭിലാഷം. രാഷ്ട്രീയം, സാമുദായികം, വിദ്യാഭ്യാസം എന്നീ വിവിധ വകുപ്പുകളിലും പാശ്ചാത്യർ അനുദിനം സ്വാതന്ത്ര്യത്തോടെ പ്രവൎത്തിച്ചു വരുന്നു. ജീവിതത്തിന്റെ വിവിധ വിഭാഗങ്ങളിലും എത്രയും സ്വാതന്ത്ര്യത്തോടെ പ്രവൎത്തിക്കുന്ന ഒരു രാജ്യം അമേരിക്കയെപ്പോലെ വേറൊന്നു് പാശ്ചാത്യദേശത്തിലില്ല. ഒരു പരിവൎത്തനദശയെ തരണം ചെയ്യുന്ന ഭാരതം അമേരിക്കയിലെ വിദ്യാഭ്യാസസമ്പ്രദായത്തെ സൂക്ഷ്മനിരീക്ഷണം ചെയ്തു് കഴിവുള്ളിടത്തോളം അനുകരിക്കുന്നതു് ഉത്തമമായിരിക്കുമെന്നു തോന്നുന്നു.

അമേരിക്ക ഇന്നു് സൎവ്വപ്രകാരേണയും ലോകശക്തികളിൽ അതിപ്രാധാന്യം അൎഹിക്കുന്ന ഒരു രാജ്യമാകുന്നു. അവിടത്തെ സാംസ്കാരിക വിദ്യാഭ്യാസം അവൎക്കു് വിശാലമായ വീക്ഷണശീലത്തേയും അഭിവൃദ്ധ്യുന്മുഖമായ മനസ്ഥിതിയേയും പ്രദാനം ചെയ്തിരിക്കുന്നു. വ്യാവസായികമായ വിദ്യാഭ്യാസം അവൎക്കു് വ്യവസായങ്ങളിൽ പ്രാഗത്ഭ്യത്തേയും, വാസനയേയും, വിജയത്തേയും നൽകിയിരിക്കുന്നു. ഇന്നു് അമേരിക്ക ലോകത്തിൽവച്ചു് ഏററവും ധനപുഷ്ടിയുള്ള രാജ്യമാണു്. അവരുടെ ജീവിതരീതി ഉയൎന്നു വരുന്നു. യാഥാസ്ഥിതികത്വം നിമിഷംപ്രതി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മതാചാരങ്ങൾ അവരെ ഇൻഡ്യാക്കാരേപ്പോലെ കൂപമണ്ഡൂകങ്ങളാക്കിയിട്ടില്ല. അവരുടെ ജീവിതാദൎശം തന്നെ സുഖജീവിതമാണു്. വിദ്യുഛക്തി ആക്രമിക്കാത്ത ഒരു കുഗ്രാമം പോലും അമേരിക്കയിലില്ല. ശുചീകരണവിഷയത്തിൽ അവർ അദ്വിതീയരായിരിക്കുന്നു. ഗതാഗതസൗകൎയ്യം ജനങ്ങൾക്കു് പരസ്പരം സമ്മേളിക്കുന്നതിനും സംഘടിക്കുന്നതിനും അവസരം നൽകുന്നു. ഗ്രാമീണജനങ്ങൾ നഗരവാസികളുടെ വിനോദപാത്രങ്ങളല്ല. നഗരകാൎയ്യങ്ങൾ അവൎക്കു നല്ലപോലെ അറിയാം. നഗരജീവിതരീതികളെ അവർ സ്വീകരിച്ചുവരുന്നു. ഓരോഗ്രാമീണനും

സ്വന്തം ഗ്രന്ഥശാലയുണ്ട്. ദിവസംതോറും അനാം ധാരാളം പത്രങ്ങളും മാസികകളും വരുത്തി വായിക്കുന്നുണ്ട്. അയാളുടെ ഭാര്യ അക്ഷരജ്ഞാനവിഹീനയല്ല കുട്ടികൾ നഗരങ്ങളിലെ വിനോദങ്ങളിൽ പങ്കുകൊള്ളുന്നു. ഗ്രാമീണർ മനോഹരങ്ങളും വൃത്തിയുള്ളതുമായ ഗൃഹങ്ങളിൽ സുഖമായി വസിക്കുന്നു. ഇതെല്ലാം അമേരിക്കയിൽ നിലവിലിരിക്കുന്ന പ്രശസ്തവിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഉൽകൃഷ്ടഫലങ്ങളാണ്. അതായതു് മനുഷ്യജീവിതം സുഖകരവും ആനന്ദസന്ദായകവും ആക്കുവാനുള്ള ഒരു പ്രായോഗികവിദ്യാഭ്യാസത്തിന്റെ സൽഫലങ്ങളാണ്. ഇൻഡ്യയുടെ സ്ഥിതി എന്തെന്ന് പര്യാലോചിച്ചുനോക്കുക.!

രാജ്യത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്കും ഹേതു അവിടത്തെ വിദ്യാഭ്യാസസമ്പ്രദായമാണെന്ന് അമേരിക്കക്കാരെപ്പോലെ വിശ്വസിക്കുന്നവർ ലോകത്തിൽ വേറെ ആരുമില്ല. വിദ്യാഭ്യാസത്തിനായി ഭീമമായ ഒരു തുക ആണ്ടുതോറും ഗവമ്മെൻറു ചിലവാക്കുന്നുണ്ട്. ചിലവു കഴിച്ച് ഒരു വലിയ തുക മിച്ചം വയ്ക്കുന്നതല്ല ഭരണനന്മയുടെ മാനദണ്ഡമായി ഭരണാധികാരികൾ വിചാരിക്കുന്നതു്. പന്ത്രണ്ടു കോടി ജനങ്ങളുള്ള ആ രാജ്യത്തിൽ വിദ്യാഭ്യാസത്തിനായി 600 കോടി രൂപയാണ് ചിലവാക്കുന്നതു്. എന്നാൽ അതിന്റെ മൂന്നിരട്ടി ജനങ്ങളുള്ള ഇൻഡ്യയിൽ പത്തു കോടി രൂപയാണ് ചിലവാക്കുന്നതെന്നറിയുമ്പോൾ ആരാണു വിസ്മയഭരിതനായിത്തീരാതിരിക്കുന്നതു്.?

അമേരിക്കയിലെ എല്ലാ പൊതുപാഠശാലകളിലും ഇന്നു വിദ്യാഭ്യാസം സൗജന്യമായിട്ടാണു നൽകി വരുന്നതു്. തന്നിമിത്തം ആ രാജ്യത്തിലെ ഏതു വിദ്യാർത്ഥിക്കും ഗവമ്മെൻറു ചിലവിന്മേൽ വിദ്യാഭ്യാസം ചെയ്യാൻ സാധിക്കുന്നു. പല പട്ടണങ്ങളിലും പുസ്തകങ്ങൾകൂടി സൌജന്യമായി വിദ്യാർത്ഥികൾക്കു നൽകുന്നുണ്ട്. അമേരിക്കയിലെ എല്ലാ സ്ഥാപനങ്ങളും ജനാധിപത്യഭരണതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് സ്ഥാപിച്ചിട്ടുള്ളതു്. എല്ലാ അഭിവൃദ്ധിക്കും നിദാനമായ വിദ്യാഭ്യാസവും ജനാധിപത്യഭരണതത്വങ്ങളെ ആസ്പദമാക്കിയാണ് നടത്തിവരുന്നതു്. അവിടെ ആൺ പെൺ എന്നീ ജാതി തിരിച്ചു പഠിപ്പിക്കുന്നില്ല. പ്രാഥമികപാഠശാലകളിൽ തൊണ്ണൂറു ശതമാനവും അദ്ധ്യാപികമാരാണ് പഠിപ്പിന്നതു്. ഹൈസ്കൂളുകളിലും പഠിപ്പിക്കുവാൻ അനവധി അദ്ധ്യാപികമാരുണ്ട്.

പതിന്നാലു വയസ്സുവരെ പ്രായമുള്ള എല്ലാ ബാലികാബാലന്മാരും പാഠശാലകളിൽ ഹാജരാകണമെന്നുള്ള നിർബന്ധിതനിയമം അമേരിക്ക

യിൽ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഈ നിയമം നഗരങ്ങളിലെപ്പോലെ ഗ്രാമങ്ങളിൽ കർശനമല്ലാത്തതുകൊണ്ടു് ചില കുട്ടികൾ പഠിത്തം നിറുത്തിപ്പോകുന്നുണ്ടു്. പതിനഞ്ചിനും പതിനേഴിനും മദ്ധ്യേ പ്രായമുള്ള അദ്ധ്യേതാക്കൾ ആദായകരങ്ങളായ തൊഴിലുകളിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ പാഠശാലകളിൽ ഹാജരാകണമെന്നു് പലയിടത്തും നിയമങ്ങളുണ്ടു്. അവർ കൂലിവേലക്കാരാണെങ്കിൽ ആഴ്ചയിൽ നാലുമുതൽ എട്ടു വരെ മണിക്കൂറോളം നിശാപാഠശാലകളിൽ ഹാജരാകണമെന്നു നിർബന്ധമുണ്ടു്. അവിടെ അവർക്കു് സാംസ്കാരികവും വ്യാവസായികവുമായ അഭ്യസനം നല്കിവരുന്നു. ചില നഗരങ്ങളിൽ നിർബന്ധിതവിദ്യാഭ്യാസകാലം പതിനെട്ടു വയസ്സുവരെ ആക്കുവാൻ ഇപ്പോൾ പരിശ്രമിച്ചു വരുന്നുണ്ടു്. അമേരിക്കയിലെ മാതാപിതാക്കന്മാർ അവരുടെ കുട്ടികൾ അവരേക്കാൾ കൂടുതൽ വിദ്യാഭ്യാസമുള്ളവരായിക്കാണുവാൻ ആഗ്രഹിക്കുന്നു. കുട്ടികൾക്കു ബിരുദങ്ങൾ ലഭിച്ചില്ലെങ്കിലും കുറെക്കാലം അവർ കലാശാലകളിൽ കഴിച്ചുകൂട്ടട്ടെ എന്നാണു് അവർ പറയുന്നതു്. കലാശാലകളിലും ഹൈസ്കൂളുകളിലും ഇത്രവളരെ കുട്ടികൾ പഠിക്കുന്ന ഒരു രാജ്യം വേറെയില്ല. അമേരിക്ക ഒരു ജനാധിപത്യഭരണരാജ്യമായതുകൊണ്ടു് എല്ലാവർക്കും തുല്യാവകാശമുണ്ടു്.

വളരെക്കാലം മുമ്പു മുതല്ക്കുതന്നെ അമേരിക്കയിൽ ഗവർമ്മെന്റു് കാർഷികകലാശാലകൾ സ്ഥാപിക്കുകയും അവയുടെ നടത്തിപ്പിനുവേണ്ടി നിലങ്ങൾ പതിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ടു്. കാർഷികപര്യവേക്ഷണത്തിൽ സമർത്ഥന്മാരും നല്ല കർഷകന്മാരുമായ അനവധിപേരെ ആണ്ടുതോറും ഈ കലാശാലകൾ പരിശീലിപ്പിച്ചു വിടുന്നുണ്ടു്. അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും കൂടി കാർഷികമായ പര്യവേക്ഷണം നടത്തി, ലഘുലേഖനങ്ങൾ, പ്രസംഗങ്ങൾ മുതലായവ മുഖേന ആ ഫലങ്ങളെ കൃഷിക്കാരെ അറിയിക്കുന്നു. കാർഷികമായ നവീനരീതികളേയും സിദ്ധാന്തങ്ങളേയും കർഷകന്മാരെ അവരുടെ ഗൃഹങ്ങളിൽ വച്ചു് പഠിപ്പിക്കുന്നതിനായി പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണു്. കർഷകരുടെ ബാലികാബാലന്മാരുടെ അനവധി സമിതികളും അമേരിക്കയിലുണ്ടു്. കാർഷികകലാശാലകളിൽ കൃഷിക്കു പുറമെ ബാലികമാർക്കു് ഗൃഹനിർമ്മാണത്തേയും ബാലന്മാർക്കു വ്യവസായങ്ങളേയും പററി ബോധനം നൽകിവരുന്നു. പ്രായമായ കർഷകന്മാർക്കു് ജോലിയില്ലാത്ത സമയത്തു അദ്ധ്യയനം ലഭിക്കുന്നതാണു്. ഗവർമ്മെന്റു ചെയ്യുന്ന ഈ സഹായസഹകരണങ്ങളെ എല്ലാ കർഷകന്മാരും വേണ്ടവിധത്തിൽ ഉപയോഗിക്കുന്നുണ്ടെന്നുള്ളതു് ചാരിതാർത്ഥ്യജനകം തന്നെയാണു്. നല്ല വിത്തു്, നല്ല വളം, യന്ത്രം ഇവ ഉപയോഗിക്കണമെന്നു് അവർക്കു അറിയാം. നാ

ട്ടിൻപുറങ്ങളിലെ ഹൈസ്കൂളുകളിൽ ആൺകുട്ടികളെ കൃഷിയും പെൺകുട്ടികളെ ഗൃഹഭരണവും പ്രത്യേകം പഠിപ്പിക്കുന്നു. അമേരിക്കയിലെ കാർഷികകലാശാലകളും മററു പാഠശാലകളും മുഖേന ശാസ്ത്രവും വ്യവസായവും കൃഷിയുടെ വിപുലമായ അഭിവൃദ്ധിക്ക് കാരണമായിത്തീർന്നിട്ടുണ്ടെന്നു നിസ്സംശയം അഭിപ്രായപ്പെടാവുന്നതാണ്.

വിദ്യാലയങ്ങളിൽ ഹാജരാകണമെന്നുള്ള നിർബന്ധിതപ്രായം കഴിഞ്ഞാൽ പഠിത്തം നിറുത്തുന്ന വിദ്യാൎത്ഥികൾ അമേരിക്കയിൽ ധാരാളമുണ്ട്. അവൎക്ക് ആദായമുള്ള തൊഴിലുകളിൽ പ്രവേശിക്കുന്നതിനു ഉപദേശം അത്യാവശ്യമാണ്. അതിനായി ഒരു ഉപദേശസംഘത്തെ ഗവമ്മെൻറിൽനിന്നും ഏൎപ്പെടുത്തിയിട്ടുണ്ട്. പല ഹൈസ്കൂളുകളിലും പട്ടണങ്ങളിലും, തൊഴിലുകൾ തിരഞ്ഞെടുക്കുക, തയാറാക്കുക, പ്രവേശിക്കുക, അഭിവൃദ്ധി പ്രാപിക്കുക എന്നീ കാൎയ്യങ്ങളിൽ സഹായിക്കുന്നതിനായി ഉപദേശകന്മാരെ ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിലുകളിൽ പ്രവേശിച്ചിട്ടുള്ളവൎക്കുകൂടി ഇവർ വേണ്ട ഉപദേശം നൽകുന്നു. വ്യവസായശാലകളുമായി ഇവൎക്കു സമ്പൎക്കമുള്ളതുകൊണ്ടു പല വിദ്യാൎത്ഥികൾക്കും ഇവർ ജോലി സമ്പാദിച്ചു കൊടുക്കുന്നുണ്ട്. അമേരിക്കയിലെ വ്യവസായങ്ങളുടെ സ്ഥിതി നോക്കുമ്പോൾ രക്ഷാകൎത്താക്കൾക്കൊ കുട്ടികൾക്കൊ ഈ ഉപദേശകസംഘത്തിൻെറ സഹായം അപരിത്യാജ്യമായിട്ടാണിരിക്കുന്നതു്. ഇപ്രകാരമുള്ള അമേരിക്കരുടെ വിദ്യാഭ്യാസസമ്പ്രദായം ജനങ്ങളെ സുഖജീവിതം നയിക്കുന്നതിന് പ്രാപ്തരാക്കിത്തീർക്കുന്നു. ഇതു് നമ്മുടെ നാട്ടുകാരുടെ ശ്രദ്ധക്കു വിഷയീഭവിച്ചാൽ കൊള്ളാം.

## "ഗുരുനാഥ"നെ പററി.

(ജി. രാമൻമേനോൻ എം. എ., ബി. എൽ.)

ഇപ്പോൾ മലയാളഭാഷയിൽ നടത്തുന്ന വിദ്യാഭ്യാസപത്രഗ്രന്ഥം "ഗുരുനാഥൻ" മാത്രമാണെന്നു തോന്നുന്നു. ആ സ്ഥിതിക്ക് വിദ്യാഭ്യാസത്തിൽ, ഭാരതത്തിൻെറ മററു ഭാഗങ്ങളെ അപേക്ഷിച്ചു മുന്നിട്ടു നില്ക്കുന്ന കേരളത്തിൽ, ഈ മാസികക്കു ധാരാളം പ്രചാരവും ധനസഹായവും സിദ്ധിക്കേണ്ടതാണ്. എന്നാൽ ഗുരുനാഥൻെറ ധനസംബന്ധമായ ചുമത

ല വഹിക്കുന്ന, എന്റെ സ്നേഹിതൻ മി: സി. ജി. നീലകണ്ഠൻനായർക്കും മറ്റും ഈ കാര്യത്തിൽ വലിയ വൈഷമ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്ന് അറിയുന്നു. നമ്മുടെ നാട്ടിൽ ഇപ്പോൾ എല്ലാവരേയും വിഷമിപ്പിക്കുന്ന ധനദാരിദ്ര്യമാണ്, ഇതിന്റേയും ഒരു പ്രധാനകാരണമെന്ന് പറയുന്നതിൽ ഒട്ടൊക്കെ വാസ്തവമുണ്ട്. എന്നാൽ, ക്ലിപ്തമായി മാസശമ്പളം കിട്ടുന്ന അദ്ധ്യാപകരിൽ വലിയ ബുദ്ധിമുട്ടില്ലാത്തവരും വിദ്യാഭ്യാസത്തിനെന്നു പറഞ്ഞു ആണ്ടുതോറും ധാരാളം പണം ചിലവിടുന്ന കേരളത്തിലെ മൂന്നു ഗവണ്മെണ്ടുകളും വിചാരിച്ചാൽ "ഗുരുനാഥൻ"പത്രഗ്രന്ഥത്തെ, മററു പരിഷ്കൃതരാജ്യങ്ങളിലെ ഉത്തമവിദ്യാഭ്യാസപ്രസിദ്ധീകരണങ്ങളെപ്പോലെ ധനസംബന്ധമായ കാര്യങ്ങളിലും മാന്യനിലയിൽ നടത്താൻ സാധിക്കും.

തിരുവിതാംകൂർ ഗവണ്മെണ്ടു തന്നെ, വിദ്യാഭ്യാസത്തിനെന്നു പറഞ്ഞു 1106-ൽ 50 ലക്ഷത്തിലധികം രൂപ ചിലവാക്കി. 1107-ൽ, 48 ലക്ഷത്തിലധികം രൂപ ചിലവാക്കാൻ അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്; 40 ലക്ഷത്തിലെങ്കിലും കുറയാത്ത സംഖ്യ ചിലവാക്കുമെന്നു തീർച്ചയാണ്. ആ സ്ഥിതിക്ക് സർക്കാർവക ഓരോ മലയാളപാഠശാലയിലേക്കും, മലയാളവിദ്യാഭ്യാസമാസികയുടെ ഓരോ പ്രതി വീതം അയച്ചുകൊടുക്കുന്നതിന്, ആണ്ടിൽ ഏകദേശം മൂവായിരം രൂപ ചിലവാക്കിയാൽ, "ഗുരുനാഥൻ" പ്രശസ്തമായ വിധത്തിൽ നടത്താം. ഇങ്ങനെ ചെയ്യുന്നതിന് ഗവണ്മെണ്ടിനു യാതൊരു പ്രയാസവുമില്ല. ഇപ്പോൾ വിദ്യാഭ്യാസത്തിനെന്നു പറഞ്ഞു വിദേശങ്ങളിൽ നിന്നു വരുത്തുന്ന ചില ചിത്രങ്ങൾ, മററുപകരണങ്ങൾ, വിദേശപത്രഗ്രന്ഥങ്ങൾ മുതലായവയ്ക്കുള്ള ചിലവിനെക്കാൾ മലയാളമാസികക്കായുള്ള ചിലവു വളരെയധികം പ്രയോജനപ്രദമായിരിക്കും. എന്നാൽ തിരുവിതാംകൂർ ഗവണ്മെണ്ട്, ഇപ്പോൾ മലയാളവിദ്യാഭ്യാസമാസികക്കായി ആണ്ടിൽ മൂന്നൂറു രൂപ പോലും ചിലവിടുന്നില്ലെന്നാണു തോന്നുന്നത്.

അദ്ധ്യാപകരെ എല്ലാ വിധത്തിലും സഹായിക്കാനായി നടത്തുന്ന മലയാളമാസികയെ കേരളത്തിലെ എല്ലാത്തരം അദ്ധ്യാപകരും യഥാശക്തി സഹായിക്കേണ്ടതാണ്. കുട്ടികളുടെ രക്ഷാകർത്താക്കൾക്കും വിദ്യാഭ്യാസമാസിക വളരെ പ്രയോജനപ്രദമായിരിക്കും.

കേരളത്തിലെ ഗവണ്മെണ്ടുകളും, അദ്ധ്യാപകന്മാരിലും കുട്ടികളുടെ രക്ഷാകർത്താക്കളിലും ശേഷിയുള്ളവരും ഈ വിഷയത്തിൽ, അവരുടെ ചുമതല നിർവഹിക്കാത്തതാണ് "ഗുരുനാഥൻ"പ്രവർത്തകരുടെ വൈഷമ്യങ്ങൾക്കുള്ള കാരണമെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു.

“ഗുരുനാഥ”നിൽ വേണ്ട വിഷയങ്ങളെക്കുറിച്ച് വേണ്ടിടത്തോളം കാൎയ്യങ്ങൾ പ്രസിദ്ധപ്പെടുത്താത്തതുകൊണ്ടാണ്, അതിനായി പണം ചിലവിടാൻ ഗവമ്മെണ്ടുകളും അദ്ധ്യാപകരും മടിക്കുന്നതെന്നു പറഞ്ഞുകേക്കാനിടയുണ്ട്. എന്നാൽ, പ്രവൎത്തകന്മാർ യഥാശക്തി ചെയ്യുന്ന പ്രയത്നത്തെ മററുള്ളവർ പ്രോത്സാഹിപ്പിച്ചാലല്ലാതെ, കൂടുതൽ കാൎയ്യങ്ങൾ നടത്തുന്നതിന് ആദ്യം പറഞ്ഞവൎക്കു ശേഷിയുണ്ടാകയില്ലെന്ന് അധികൃതരും അദ്ധ്യാപകരും ദയാപൂൎവ്വം ആലോചിക്കേണ്ടതാണ്. “ഗുരുനാഥ”നിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങൾ അദ്ധ്യാപകൎക്കും മററും വിദ്യാഭ്യാസവിഷയത്തിൽ വളരെ പ്രയോജനപ്രദങ്ങളാണെന്ന് സ്പഷ്ടമായിട്ടുണ്ട്.

ഒരു രാജ്യത്തിലെ വിദ്യാഭ്യാസോദ്യോഗസ്ഥരും, അദ്ധ്യാപകരും, സങ്കുചിതബുദ്ധികളും, സ്വകാൎയ്യമാത്രതല്പരരും ആയിത്തീരുന്നതു വളരെ ആപൽക്കരമായിരിക്കും. ഈ ദോഷങ്ങൾ നമ്മുടെ നാട്ടിൽ മുമ്പിലത്തേതിലധികമായിട്ടുണ്ടെന്നു “ഗുരുനാഥൻ”പ്രവൎത്തകന്മാരുടെ അനുഭവങ്ങളിൽ നിന്നു അവർ അനുമാനിക്കുന്നതായി അറിയുന്നു. ഏകദേശം 18 കൊല്ലങ്ങൾക്കു മുമ്പു ഞാൻ ഒരു വിദ്യാഭ്യാസമാസിക തുടങ്ങിയ വിവരം സകലൎക്കും അറിയാമായിരിക്കുമല്ലൊ. ‘അദ്ധ്യാപകൻ’ എന്ന ആ പത്രഗ്രന്ഥം നടത്തുന്നതിൽ, ഗവമ്മെണ്ടുകളും, പല അദ്ധ്യാപകന്മാരും എന്നെ നല്ലവണ്ണം സഹായിച്ചുവന്നു. ലേഖനങ്ങൾക്കു ചുരുങ്ങിയതോതിലെങ്കിലും പാരിതോഷികം കൊടുക്കുന്നതിനും അന്ന് എനിക്കു സാധിച്ചു. ആരംഭകാലത്ത് ‘അദ്ധ്യാപക’നു തിരുവിതാംകൂർ ഗവമ്മെണ്ടിൽ നിന്നുണ്ടായ സഹായം പിന്നീടു ക്രമേണ കുറയുകയാണു ചെയ്തതു്. ഇതു്, ഗവമ്മെണ്ടു് ഇത്തരം കാൎയ്യങ്ങൾക്കു മൊത്തത്തിൽ അനുവദിക്കുന്ന പണത്തെ വിനിയോഗിക്കുന്നതിൽ, ഉദ്യോഗസ്ഥർ പ്രയോഗിച്ച സൂത്രങ്ങൾ മൂലമായിരുന്നുവെന്ന് എനിക്കു മനസ്സിലായിട്ടുണ്ട്. ഇത്തരം ഉദ്യോഗസ്ഥരുടെ സേവ സമ്പാദിച്ചു മാസികക്കു സഹായം നേടുന്നതിനു ഞാൻ ഒരുമ്പെട്ടില്ല. അധികൃതർ ഇത്തരം കാൎയ്യങ്ങളിൽ വിശാലമനസ്ഥിതിയോടെ പെരുമാറേണ്ടതാണ്. ഒരു വിഷയത്തിൽ, പൊതുവേ ഉപയോഗപ്രദമായ ജോലി നടത്തുന്ന ഒരാൾക്കു് മററു വിഷയങ്ങളിലുള്ള അഭിപ്രായങ്ങൾ തങ്ങൾക്കു രസിക്കാത്തതുകൊണ്ടു്, ആ ജോലിയെ സഹായിച്ചുകൂടെന്നു വയ്ക്കുന്നതു് ഒരു ഗവമ്മെണ്ടിനൊ, ഗവമ്മെണ്ടിന്റെ ഉദ്യോഗസ്ഥന്മാൎക്കൊ യുക്തമായ നയമല്ല. ‘ഗുരുനാഥ’നിൽ പാഠപുസ്തകത്തിരഞ്ഞെടുപ്പിനെക്കുറിച്ചും മററും പക്ഷെ, അധികൃതരിൽ ചിലൎക്കു രസിക്കാത്ത അഭിപ്രായങ്ങൾ ധാരാളം പറഞ്ഞിരിക്കും. ഇത്തരം കാരണങ്ങൾ കൊണ്ടു്, ആ മാസികയെ ആവശ്യമുള്ളടത്തു് ഉപയോഗിക്കേണ്ടെന്നു വയ്ക്കുന്നതു കഷ്ടമാണ്; പൊതുനന്മയെ സംബന്ധിച്ചിടത്തോളമെങ്കിലും അതു ഭോഷത്വവുമായിരിക്കും.

കേരളത്തിലെ വിദ്യാഭ്യാസഡിപ്പാർട്ടമെൻറുകൾക്കും, അദ്ധ്യാപകൎക്കും വിദ്യാഭ്യാസത്തെ യഥാൎത്ഥജീവിതത്തോടു വേണ്ടവിധത്തിൽ ഘടിപ്പിക്കുന്നതിനു വേണ്ട വിശാലബുദ്ധിയും ചൈതന്യവും ഉണ്ടായാൽ, മലയാളത്തിൽ, ഒരു വിദ്യാഭ്യാസപത്രഗ്രന്ഥം പ്രശസ്തമായ രീതിയിൽ നടത്താൻ സാധിക്കുമെന്നു തീർച്ചയാണ്. അവൎക്കു ഈ ഗുണങ്ങൾ ഉണ്ടാകുന്ന കാൎയ്യം, അവരെ മാത്രമല്ല, പൊതുജനങ്ങളെക്കൂടെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ യുവജനങ്ങളുടെ വിദ്യാഭ്യാസത്തെ സജീവമാക്കുന്ന കാൎയ്യത്തിലേക്ക് എല്ലാവരുടേയും ശ്രദ്ധയെ ക്ഷണിക്കയും, 'ഗുരുനാഥ'ന്നു സൎവ്വവിജയങ്ങളും ആശംസിക്കയും ചെയ്തുകൊള്ളുന്നു.

## പഠിത്തവും പ്രവൃത്തിയും.

(ജി. രാമൻമേനോൻ എം. എ., ബി. എൽ.)

കുട്ടികളേയും, യുവജനങ്ങളേയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ സാധാരണജീവിതത്തിൽ ഉപയോഗമുള്ള പ്രവൃത്തികൾ ചെയ്യുന്നതിന്ന് അവരെ പ്രോത്സാഹിപ്പിച്ച്, അവ നടത്തുന്ന രീതിക്കാണ് ഇപ്പോൾ പരിഷ്കൃതരാജ്യങ്ങളിൽ, പ്രാധാന്യം സിദ്ധിച്ചുവരുന്നതു്. പ്രകൃത്യനുസൃതമായ അഭ്യസനരീതി ഇതാണെന്നു തീർച്ചയാണല്ലൊ. മനുഷ്യൻെറ ജീവിതരീതികളും മററും പ്രകൃതിയിൽ നിന്നു വികൃതിയിലേക്ക് തെററിപ്പോയതിൻെറ കൂട്ടത്തിലാണ് വിദ്യാഭ്യാസരീതിയും ഇടക്കാലത്തു നിൎജ്ജീവവും നീരസപ്രദവും സൽഫലം കുറഞ്ഞതുമായിത്തീൎന്നതു്. ഇപ്പോൾ പരിഷ്കൃതമനുഷ്യർ എല്ലാ കാൎയ്യങ്ങളിലും, പ്രകൃതിനിയമങ്ങളെ ഇടക്കാലങ്ങളിലേക്കാൾ അധികമായി ആരംഭിച്ചു തുടങ്ങിട്ടുണ്ടു്. അമേരിക്കയിലും മററും ഇപ്പോൾ ധാരാളം പ്രചാരത്തിലിരിക്കുന്ന പ്രോജക്റ്റ്മെത്തേഡ് എന്ന അഭ്യസനരീതി ഇതിനു് ഒരുദാഹരണമാണ്.

ഡിസംബർ 1926-ൽ ഇൻഡ്യയിൽ വെല്ലൂരിൽ വച്ച് നടത്തിയ വിദ്യാഭ്യാസകാൎയ്യാലോചനയോഗത്തിൽ, കൊളംബിയാ സൎവ്വകലാശാലയിലെ അദ്ധ്യാപകകോളേജിലെ, പ്രധാനപ്രൊഫസർമാരിൽ ഒരാളായ ഡോക്ടർ കിൽപാട്രിക് നടത്തിയ പ്രഭാഷണങ്ങളിൽ, ഈ രീതിയെപ്പററി സജീവവും ഉത്തേജകവുമായ വിധത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ പ്രസംഗ

ങ്ങളേയും യോഗത്തിലെ മററു നടപടികളേയും ചേർത്ത് ഒരു പുസ്തകം 1928-ൽ, യോഗഭാരവാഹികൾ അച്ചടിപ്പിച്ച പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഇതിൻെറ ഒരു തർജ്ജിമ മലയാളത്തിലും പ്രസിദ്ധം ചെയ്തിട്ടുള്ളതായി അറിയുന്നു. ഇംഗ്ലീഷുപുസ്തകം ഞാൻ ഈയിടെയാണു കണ്ടത്. മലയാള പുസ്തകം ഞാൻ കണ്ടിട്ടില്ല. എന്നാൽ, നമ്മുടെ വിദ്യാഭ്യാസരീതിയെ സജീവമാക്കുന്നതിൻെറ ആവശ്യകതയേയും, അതിനുപയോഗിക്കേണ്ട രീതികളെയും കുറിച്ച് അഞ്ചാറുകൊല്ലം മുമ്പു മുതല്ക്കു ഞാൻ നിയമസഭാപ്രസംഗങ്ങളിലും, പത്രലേഖനങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്. ഏകദേശം ഒന്നര മാസത്തിനു മുമ്പ്, "മലയാളമനോരമ"യിൽ, ഞാൻ ഇതു സംബന്ധിച്ച് ഒരു ലേഖനം എഴുതിയിരുന്നതിനെ നാട്ടുഭാഷാപാഠശാലകളിലെ അദ്ധ്യാപകരിൽ ചിലരെങ്കിലും കണ്ടിരിക്കുമെന്നു വിശ്വസിക്കുന്നു. പ്രൊജക്റ്റ്മെത്തേഡ് എന്നു കേൾക്കുമ്പോൾ പരിഭ്രമിക്കാനൊന്നുമില്ല. അതു സാമാന്യം ശ്രദ്ധയും ബുദ്ധിശക്തിയും ഉള്ള ഏതൊരദ്ധ്യാപകനും പ്രയോഗിക്കാവുന്നതാണ്. കുട്ടികളെ പഠിപ്പിക്കുന്നതിൽ, സാധാരണജീവിതത്തിൽ ആവശ്യമുള്ള പ്രവൃത്തിപദ്ധതികളെ പ്രയോഗിക്കണമെന്നുള്ളതാണ് ഈ രീതിയുടെ തത്വം.

നമ്മുടെ സാധാരണവിദ്യാലയങ്ങളിലും ആഴ്ചയിൽ രണ്ടോമൂന്നോ മണിക്കൂർ വീതം ഈ രീതി പ്രയോഗിക്കാം. വിദ്യാർത്ഥികളുടെ വകയായി ഒരു ചെറിയ കൃഷിത്തോട്ടം നടത്തുക, പള്ളിക്കൂടത്തിലേക്കു മററും ആവശ്യമുള്ള കടലാസു മുതലായവ വില്പാൻ നടത്തുന്ന ഒരു ഷാപ്പ് വിദ്യാശാലയോട് അനുബന്ധിച്ച കുട്ടികളെക്കൊണ്ടു തന്നെ നടത്തിക്കുക മുതലായവയാണ് ഇതിലെ പദ്ധതികൾ. ഗൃഹശുചീകരണം, ഗ്രാമശുചീകരണം, പട്ടണശുചീകരണപരിശോധന, കൈത്തൊഴിൽശാലാസന്ദർശനം, ആധുനികമൊ, പുരാതനമൊ ആയ ഏതെങ്കിലും സാമുദായികമൊ രാഷ്ട്രീയമൊ ആയ കാര്യത്തെക്കുറിച്ച് അറിവു സമ്പാദിക്കുക മുതലായവയും, ഈ പദ്ധതികളിൽ ഉൾപ്പെടുന്നു. ഇവയിൽ ചില സംഗതികൾ നടത്തുന്നതിനു പാഠപുസ്തകങ്ങൾക്കു പുറമെയുള്ള പത്രങ്ങൾ, ശാസ്ത്രഗ്രന്ഥങ്ങൾ മുതലായവയേയും ഉപയോഗിക്കേണ്ടിവരും. ആധുനികകാലത്തു ജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കേണ്ടിയിരിക്കുന്ന സജീവവിഷയങ്ങളെ പാഠശാലകളിൽനിന്നു പാടെ തള്ളിയിരിക്കുന്നതു അഭിലഷണീയമല്ല. കഴിയുന്നിടത്തോളം നിർദ്ദോഷമായ വിധത്തിൽ ഇവയേയും ഉപയോഗിക്കാൻ ശ്രമിക്കണം. ഇങ്ങനെ ചെയ്താൽ, പാഠശാലകളിലെ വിദ്യാഭ്യാസം ചൈതന്യയുക്തവും രസപ്രദവും പ്രയോജനപ്രദവുമാകുന്നതിനു അതു വലിയ സഹായമായിരിക്കും.

ഡാക്ടർ കിൽപാട്രിക്കിന്റെ പ്രസംഗങ്ങളുടേയും യോഗറിപ്പോർട്ടിന്റേയും മലയാളതർജ്ജിമ കിട്ടുമെങ്കിൽ വാങ്ങി വായിക്കുന്നതിനു മലയാള പാഠശാലകളിലെ അദ്ധ്യാപകരെല്ലാവരും ശ്രമിക്കണം. തന്റെ ജോലിയിൽ ഉല്ക്കർഷം സമ്പാദിക്കണമെന്നു താല്പര്യമുള്ള ഏതൊരദ്ധ്യാപകനും, ഡാക്ടർ കിൽപാട്രിക്കിന്റെ പ്രസംഗങ്ങൾ പ്രയോജനപ്രദമായിരിക്കും. ഇംഗ്ലീഷുപുസ്തകം അസോസിയേഷൻ പ്രസ്, 5, റസ്സൽസ്റ്റ്റീറ്റ്, കല്ക്കട്ട എന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടും. മലയാളപുസ്തകം സി എം. എസ്സ്. പ്രസ്, കോട്ടയം എന്ന വിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുമെന്നു തോന്നുന്നു.

പുസ്തകം വരുത്തുന്നതോ വായിക്കുന്നതോ, അല്ല ഏററവും പ്രധാനമായിട്ടുള്ളത്. കുട്ടികളുടെ വിദ്യാഭ്യാസത്തെ കഴിയുന്നിടത്തോളം സാധാരണജീവിതത്തിൽ ആവശ്യമുള്ള പ്രവൃത്തിപദ്ധതികളുപയോഗിച്ചു നടത്തണമെന്നുള്ള ഒരു താല്പര്യം അദ്ധ്യാപകരിലും, കുട്ടികളുടെ രക്ഷാകർത്താക്കളിലും പ്രബലമായിത്തീരണം. അപ്പോൾ വേണ്ട അറിവുകൾ സമ്പാദിക്കുന്നതിന് വഴികൾ ധാരാളമുണ്ടാകും. ഈ പദ്ധതി പ്രയോഗിക്കുന്നതിൽ, അദ്ധ്യാപകർ വലിയ പണപ്പിരിവുകൾ നടത്തിയോ, പണം സംബന്ധിച്ചു കുഴപ്പങ്ങൾക്കിടയാക്കിയോ മറെറാ ആപത്തുകളുണ്ടാക്കരുതെന്നും പ്രത്യേകം ഓർമ്മിപ്പിച്ചു കൊള്ളുന്നു. കുഴപ്പങ്ങൾക്കിടയാക്കാതെ അതാതു സ്ഥലത്ത് എളുപ്പത്തിൽ സാധിക്കുന്ന പദ്ധതികളെ തിരഞ്ഞെടുക്കണം. ഭാരവാഹികളായി കുട്ടികളിൽ വിശ്വസ്തരായവരെ തിരഞ്ഞെടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തല്ക്കാലസ്ഥിതിയിൽ, ആഴ്ചയിൽ രണ്ടോ മൂന്നോ മണിക്കൂറിലധികം ഈ കാര്യത്തിലേക്കുപയോഗിച്ചാൽ മററു കാര്യങ്ങൾക്ക് സമയം പോരാതെ വരും. ഔദ്യോഗികമായി സ്കൂൾ തുടങ്ങുന്നതിനു മുമ്പും, സ്കൂൾസമയം കഴിഞ്ഞിട്ടും ഓരോ മണിക്കൂർ വീതം ആഴ്ചയിൽ രണ്ടു ദിവസം ഇതിനുപയോഗിച്ചാൽ നന്നായിരിക്കും. പാഠവിഷയങ്ങളിൽ മിക്കതും അപ്പഴപ്പോഴുള്ള പ്രോജക്ററുകളോടു സംഘടിപ്പിച്ചു പഠിപ്പിക്കാൻ സാധിക്കുന്നതാണ്.

# ചില അദ്ധ്യാപകന്മാരെപ്പററിയുള്ള സ്മരണകൾ.

(വി. കെ. രാമൻമേനോൻ ബി. എ., എൽ. ടി.)

## (6) ഗുരുസ്വാമിശർമ്മ.

തൃശ്ശിവപേരൂർ സക്കാർസ്കൂൾ വിട്ടതിന്റെ ശേഷം പിന്നീട ലേഖകൻ ചേർന്നതു് അവിടെ പുതുതായി സ്ഥാപിച്ച ഹിന്തുഹൈസ്കൂളിലാണ്. ഈ സ്കൂൾ നാട്ടുകാരിൽ ചില പ്രമാണികൾ ഒന്നിച്ചു ചേൎന്ന് ഒരു പ്രത്യേകഉദ്ദേശ്യത്തിന്മേൽ ആരംഭിച്ചതായിരുന്നു. ഹിന്തുക്കളെ മതപരിവത്തനം ചെയ്യിക്കുന്ന കൃസ്ത്യൻപാതിരിമാരുടെ ശ്രമങ്ങൾ വിഫലമാക്കുകയും, അവരെ മതനിഷ്ഠയുള്ളവരാക്കിത്തീക്കുകയും ചെയ്യണമെന്നുള്ളതായിരുന്നു ആ ഉദ്ദേശ്യം. തൃശ്ശിനാപ്പിള്ളി ദേശക്കാരനായ 'ഗുരുസ്വാമിശർമ്മ' എന്ന ഒരു ശൈവബ്രാഹ്മണനെയാണ് ഈ സ്കൂളിലെ പ്രധാനാദ്ധ്യാപകനായി നിയമിച്ചതു്. ഇദ്ദേഹം മിഷ്യനറിമാരുടെ ('പിഷനരികൾ' എന്നാണ് അദ്ദേഹം അവരെ വിളിച്ചിരുന്നതു്.) ബദ്ധവൈരിയും ഒരു മതഭ്രാന്തനും ആയിരുന്നു. വിദ്യാത്ഥികളെ മതാനുഷ്ഠാനങ്ങളിൽ താല്പൎയ്യമുള്ളവരാക്കിത്തീക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രധാനലക്ഷ്യം. സിലബസ് അനുസരിച്ചു പഠിപ്പിക്കുന്നതു് അപ്രധാനമായിട്ടേ അദ്ദേഹം ഗണിച്ചിരുന്നുള്ളൂ. വിദ്യാത്ഥികൾ നിത്യവും കുളിച്ചു ഭസ്മം ധരിച്ചു് സ്കൂളിൽ വരണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അദ്ദേഹവും ദേഹമാസകലം ഭസ്മം പൂശി ഒരു മുണ്ടുകൊണ്ടു മാത്രം ശരീരം മറച്ചാണ് സ്കൂളിൽ വന്നിരുന്നതു്. പഠിപ്പിക്കുന്ന സമയത്തു് സന്ദർഭം വരുമ്പോഴെല്ലാം ഹിന്തുമതത്തിന്റെ ഔൽകൃഷ്ട്യത്തെപ്പററി പ്രസംഗിക്കയും വിദ്യാത്ഥികളോടു മതസംബന്ധമായ വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്യും. ആ സമയത്തു് അദ്ധ്യാപകൻ എന്ന നിലയിൽ അദ്ദേഹത്തിനുള്ള കൃത്യങ്ങളെയെല്ലാം വിസ്മരിച്ചുകളയും. ചിലപ്പോൾ പാഠമെടുത്തുകൊണ്ടിരിക്കുന്നതിനിടയ്ക്കു് പെട്ടെന്നു ഓടിപ്പോകുന്നതും കാണാം. ഇതിനെപ്പററി ഒരുദിവസം വിദ്യാത്ഥികൾ ചോദിച്ചപ്പോൾ 'നിങ്ങൾക്ക് ഒരു പാഠം നഷ്ടമായി. പക്ഷെ എനിക്ക് ഒരു ഹിന്തുവിനെ ലഭിച്ചു' എന്നാണ് അദ്ദേഹം മറുപടി പറഞ്ഞതു്. കൃസ്ത്യൻപാതിരിമാർ ജ്ഞാനസ്നാനം കഴിപ്പിക്കാൻ പള്ളിയിലേക്കു കൊണ്ടുപോയിരുന്ന ഒരു ഹിന്തുവിനെ ബലാല്ക്കാര

മായി ഇദ്ദേഹം പിടിച്ചു കൊണ്ടുവരികയാണു ചെയ്തതു്. ഇതുനിമിത്തം ചില കേസ്സുകൾ ഉത്ഭവിച്ചുവെങ്കിലും ഇദ്ദേഹം അവിടെ ഉണ്ടായിരുന്ന കാലം മുഴുവൻ ക്രിസ്ത്യൻപാതിരിമാരുടെ നേരെ ഇദ്ദേഹത്തിനുള്ള പരമവിരോധം പ്രവൃത്തിമൂലം കാണിക്കാതിരുന്നില്ല സ്കൂൾവിട്ടാൽ ഇദ്ദേഹം ചില സഹായാദ്ധ്യാപകന്മാരോടും വിദ്യാർത്ഥികളോടും കൂടി പാതിരിമാർ പ്രസംഗിക്കുന്ന സ്ഥലത്തിന്റെ അടുത്തുചെന്നു് പ്രസംഗങ്ങൾ നടത്തുകയായിരുന്നു പതിവു്. പ്രസംഗങ്ങൾ കേൾക്കുവാൻ അസംഖ്യം ആളുകൾ കൂടിയിരുന്നു എന്നു മാത്രമല്ല, അവരിൽ പലരും പാതിരിമാർ പ്രസംഗിക്കുന്നതിനെ തടയുകയും ചെയ്തുവന്നു. ചെണ്ടകൊട്ടുക, കൂക്കിവിളിക്കുക, മണ്ണുവാരി എറിയുക മുതലായ പ്രവൃത്തികൾ കൂടി ഇവർ ചെയ്തിരുന്നു. പക്ഷേ എന്തൊക്കെയായാലും പാതിരിമാർ കൃത്യസമയത്തു അതേ സ്ഥലത്തുതന്നെ പ്രസംഗിക്കാൻ വരുന്നതിൽ ഉപേക്ഷ കാണിച്ചില്ല. കൃസ്തുഭഗവാന്റെ ഉപദേശങ്ങൾ അക്ഷരംപ്രതി അനുഷ്ഠിച്ചിരുന്നതു് ഇവരാണെന്നും അവരിൽനിന്നു് ഹിന്ദുക്കൾക്കു പലതും പഠിക്കാനുണ്ടെന്നും പലപ്പോഴും ലേഖകനു തോന്നിയിട്ടുണ്ടു്.

ഗുരുസ്വാമിശർമ്മയുടെ അത്യുത്സാഹത്താൽ 'ഹിന്ദുമതാചാരസംരക്ഷണസഭ' എന്ന ഒരു സംഘം തൃശ്ശിവപേരൂർ സ്ഥാപിച്ചു. മതഖണ്ഡശാസ്ത്രികൾ, പുന്നശ്ശേരി നീലകണ്ഠശർമ്മാ പരേതനായ ശങ്കരയ്യൻപേഷ്കാർ, കൂടല്ലൂർ കാവുനമ്പൂരിപ്പാട്ട് മുതലായവർ ഇതിലെ അംഗങ്ങളായിരുന്നു. ഒന്നോ രണ്ടോ കൊല്ലത്തോളം ഈ സംഘം ശരിയായി നിന്നു. സംഘംവകയായി ശ്രീമൂലസ്ഥാനത്തുവെച്ചു് ദിവസേന ഭജനയും പ്രസംഗങ്ങളും നടത്തിവന്നിരുന്നു. ഇതിന്റെ വാർഷികോത്സവം തീപ്പെട്ട മഹാകവി കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ആഘോഷപൂർവം കൊണ്ടാടപ്പെട്ടു. കാശി, ബോംബെ മുതലായ സ്ഥലങ്ങളിൽനിന്നു് അനേകം പണ്ഡിതന്മാർ തദവസരത്തിൽ സന്നിഹിതരാവുകയും വിലയേറിയ പ്രസംഗങ്ങൾ ചെയ്കയും ഉണ്ടായി.

"ഗുരുസ്വാമിശർമ്മാപ്രസംഗംനടത്തി
പ്പുരക്കുന്നാശുഷ്കാന്തിയെകാട്ടിടുന്നു."

എന്നാണ് തമ്പുരാൻ ശർമ്മയെപ്പററി ആ സന്ദർഭത്തിൽ പറഞ്ഞതു്. "ആരംഭശ്ശൂരത്വം" കേരളീയർക്കുള്ള ഒരു പ്രത്യേകഗുണമാകകൊണ്ടു് ഈ സംഘം അചിരേണ നാമാവശേഷമായിത്തീർന്നതിൽ ആശ്ചര്യപ്പെടുവാനില്ലല്ലോ.

മേൽപറഞ്ഞ സംഗതികളിൽനിന്നു് ശർമ്മയുടെ അദ്ധ്യാപനസാമർത്ഥ്യത്തെപ്പററി വായനക്കർ അന്യഥാ ധരിച്ചുപോകരുതു്. അദ്ദേഹ

ത്തിന് മിക്ക വിഷയങ്ങളിലും നല്ല പരിജ്ഞാനമുണ്ടായിരുന്നതിനു പുറമെ സംഗതികൾ പറഞ്ഞു മനസ്സിലാക്കുവാനുള്ള സാമത്ഥ്യവും അന്യാദൃശമായിരുന്നു. കാൎയ്യം ഗ്രഹിപ്പിക്കുന്ന വിഷയത്തിൽ സഭ്യമല്ലാത്ത വാക്കുകളും പറവാൻ അദ്ദേഹം ഒട്ടും മടിച്ചിരുന്നില്ല. ഇദ്ദേഹത്തിനു മലയാളം എഴുതുവാനും സംസരിപ്പാനുമുള്ള സാമത്ഥ്യം കുറവായിരുന്നെങ്കിലും ഇംഗ്ലീഷുഭാഷ സ്വഭാഷയെപ്പോലെ തന്നെ സ്വാധീനമായിരുന്നു എന്ന് ഏകദേശം പറയാം. പക്ഷെ ഉച്ചാരണവൈകല്യങ്ങൾ നിമിത്തം ഇംഗ്ലീഷു സംസാരിക്കുന്നതു കേൾപ്പാൻ സുഖം കുറയും. എങ്കിലും സംഭാഷണങ്ങളിലെ ഫലിതം പലപ്പോഴും ഈ സംഗതിയെ വിസ്മരിപ്പിക്കാറുണ്ടായിരുന്നു. സംസ്കൃതത്തിൽ ഇദ്ദേഹത്തിന് സാമാന്യം വ്യുല്പത്തി ഉണ്ടായിരുന്നു എന്നു മാത്രമല്ല, കവിതയ്ക്കു നല്ല വാസനയും ഉണ്ടായിരുന്നു. പാശ്ചാത്യരിൽ ഇദ്ദേഹത്തിനുള്ള അപുഛം അസാമാന്യമായിരുന്നുവെങ്കിലും പാശ്ചാത്യകവികളായ സ്കോട്ട്, ഷെക്സ്പിയർ, തോമസ് മൂർ എന്നിവരിൽ എന്തെന്നില്ലാത്ത ബഹുമാനവും ഇദ്ദേഹത്തിനുണ്ടായിരുന്നു.

പ്രസ്തുതസ്കൂളിൽനിന്ന് ആദ്യമായി വിദ്യാർത്ഥികളെ മട്രിക്കുലേഷൻ പരീക്ഷക്കയച്ചതു് 1890-ൽ ആയിരുന്നു. അക്കൊല്ലം 16 പേർ പോയിരുന്നവരിൽ 12 പേരും വിജയികളായി. റിട്ടയേഡ് ഇൻസ്പെക്ടർ വി. കെ. അച്യുതമേനോൻ അവർകൾ അവരിൽ ഒരാളായിരുന്നു. സ്തുത്യഹമായ ഈ വിജയം സ്കൂളിന്റെ ഖ്യാതിയെ വൎദ്ധിപ്പിച്ചു. എറണാകുളം കോഴിക്കോട്ട് മുതലായ ദിക്കുകളിൽ നിന്നുകൂടി കുട്ടികൾ ഇവിടെ വന്നു ചേൎന്നുതുടങ്ങി. അടുത്തകൊല്ലം മട്രിക്കുലേഷൻക്ലാസ്സിൽ ഏകദേശം 91 കുട്ടികളോളം ഉണ്ടായിരുന്നു. പക്ഷെ സ്കൂളിന്റെ ഗ്രഹപ്പിഴയും ഇക്കാലത്തുതന്നെ ആരംഭിച്ചു. കമ്മിററിക്കാർ സ്കൂൾകാൎയ്യങ്ങളിൽ അശ്രദ്ധ പ്രദൎശിപ്പിക്കാൻ തുടങ്ങി. കമ്മിററിഅംഗങ്ങൾ ഓരോരുത്തരായി രാജികൊടുത്തു. ഒടുവിൽ ഭരണം മുഴുവൻ പ്രധാനാദ്ധ്യാപകൻ തന്നെ കയ്യേല്ക്കേണ്ടിവന്നു. സ്വല്പമായ ശമ്പളം മാത്രം പററി ആ ഭാരം തന്നാൽ കഴിയുന്നവിധം ഒരു കൊല്ലത്തോളം നിൎവ്വഹിച്ചു. ഒടുവിലത്തെ രണ്ടുമൂന്നു മാസം അദ്ധ്യാപകന്മാൎക്കു ശമ്പളം കൊടുപ്പാൻ ബെഞ്ച്, മേശ, കസാല മുതലായതുകൾ കൂടി ലേലം ചെയ്യേണ്ടിവന്നു.

1091-ൽ ഈ സ്കൂളിൽനിന്ന് തൊണ്ണൂററൊന്നു വിദ്യാർത്ഥികൾ മട്രിക്കുലേഷൻപരീക്ഷയ്ക്കു ചേൎന്നതിൽ രണ്ടുപേർ മാത്രമാണു വിജയികളായതു്. സ്കൂളിന്റെ അപ്പൊഴത്തെ സ്ഥിതിക്ക് ഇതിലധികം ആശിപ്പാൻ വഴിയില്ല. എന്നു തന്നെയല്ല, ഈ തൊണ്ണൂററൊന്നു പേരിൽ മിക്കവരും താഴ്ന്ന ക്ലാസ്സിൽകൂടി ചേരുവാൻ യോഗ്യതയുള്ളവരായിരുന്നില്ലെന്നുള്ള സംഗതി കൂടി ഓൎക്കുമ്പോൾ ഇതിൽ ആശ്ചൎയ്യത്തിന് എന്തവകാശമാണു

ള്ളതു്.? അക്കാലത്തു് ഒരു സ്കൂളിൽ പ്രവേശനം ലഭിക്കുന്നതിന് ഇന്നത്തെപ്പോലെ പ്രയാസമുണ്ടായിരുന്നില്ല. താഴ്ന്ന ക്ലാസ്സിൽ തോററവരെ കൂടി ഉയർന്ന ക്ലാസ്സിൽ ചേർക്കുന്നതു് സാധാരണയായിരുന്നു. മുൻപറഞ്ഞ തൊണ്ണൂററൊന്നപേരിൽ പകുതിയിലധികം മിഡിൽ സ്കൂൾ പരീക്ഷക്കു തോററവരാണെന്നുള്ള സംഗതികൂടി പ്രസ്താവയോഗ്യമാണു്.

ചിങ്ങമാസത്തിൽ തീപ്പെട്ട വലിയതമ്പുരാൻ സ്ഥാനാരോഹണം ചെയ്ത അവസരത്തിൽ ഹിന്ദുഹൈസ്കൂൾ വിദ്യാർത്ഥികളുടെ വകയായി അവിടേക്ക് സമർപ്പിച്ചിരുന്ന മംഗളപത്രത്തിൽ ശർമ്മയെപ്പററി ചിലതെല്ലാം പറഞ്ഞിരുന്നു. അതിനു മറുപടിയായി അവിടന്നു ചെയ്ത പ്രസംഗത്തിൽ ഗുരുസ്വാമിശർമ്മയുടെ പരിശ്രമങ്ങളെ വളരെ ശ്ലാഘിച്ച് സന്ദർഭം വരുമ്പോൾ ഉചിതമായ ജോലി അദ്ദേഹത്തിന്നു നൽകുന്നതാണെന്നു് അവിടന്ന് കരുണാപുരസ്സരം അരുളിച്ചെയ്കയുമുണ്ടായി. പക്ഷെ ഉടൻതന്നെ അദ്ദേഹം ഇവിടം വിട്ടുപോയതിനാൽ അതിന്നദ്ദേഹത്തിന് സംഗതി വന്നില്ല.

ഹിന്ദുഹൈസ്കൂളിൻെറ ചരിത്രം നേരംപോക്കുള്ളതാണു്. ഒരു കുളപ്പുരയിലാണു് അതു ആദ്യമായി ആരംഭിച്ചതു്. പിന്നീടു പള്ളിത്തേവാരക്കെട്ടിലേക്കും അവിടന്നു് ഊട്ടുപുരയിലേക്കും മാറി. അതിൻെറ ശേഷം പുതിയ കെട്ടിടം പണിയിക്കാനായി കല്ലിട്ടു. പക്ഷെ അതു് മനോരാജ്യത്തിൽ തന്നെ കലാശിച്ചതേയുള്ളൂ. ഇതിനെസംബന്ധിച്ച്, 'സ്കൂൾ കുളിയും തേവാരവും ഊണും കഴിച്ച് നിദ്രയിൽ ലയിച്ചു കിടക്കയാണു്' എന്നൊരു ഫലിതം ശർമ്മ പറകയുണ്ടായി.

## (7) അമ്പാടി നാരായണമേനോൻ.

തൃപ്പൂണിത്തുറ ദേശക്കാരനായ ഇദ്ദേഹം ഒരു നല്ല പ്രാസംഗികനാണെങ്കിലും, അദ്ധ്യാപകൻെറ നിലയിൽ പ്രശംസിക്കത്തക്ക ഗുണങ്ങൾ ഇദ്ദേഹത്തിന്നുണ്ടായിരുന്നോ എന്നു സംശയമാണു്. ക്ലാസ്സിൽ മലയാളവാക്കുകൾ ഉച്ചരിക്കപോലും ഇദ്ദേഹം ചെയ്യുന്നതല്ല. ഇംഗ്ലീഷിലുള്ള ഇദ്ദേഹത്തിൻെറ പ്രസംഗം വിദ്യാർത്ഥികളെ അത്ഭുതപരതന്ത്രന്മാരാക്കിത്തീക്കാറുണ്ട്. പക്ഷെ പ്രസംഗത്തിൽ എത്രത്തോളം വിദ്യാർത്ഥികളുടെ ശ്രദ്ധ പതിയുന്നുണ്ടെന്നൊ എത്രത്തോളം അതു ഫലപ്രദമാകുന്നുണ്ടെന്നോ ഉള്ള സംഗതികൾ അപ്രകൃതമാണെന്നാണു് ഇദ്ദേഹത്തിൻെറ മതമെന്നു തോന്നും. എന്തെന്നാൽ പാഠമെടുക്കുന്ന സമയത്തു് പല വിദ്യാർത്ഥികളും അന്യോന്യം എഴുത്തെഴുതിയും നേരംപോക്കു പറഞ്ഞും രസിക്കയായിരുന്നു പതിവു്. ഒരു സമയം സ്വകൃത്യനിർവ്വഹണത്തിൽ ബദ്ധശ്രദ്ധനായ

തു നിമിത്തം ചുററും നടക്കുന്ന സംഗതികൾ ദൃഷ്ടിയിൽ പെടാറില്ലെന്നു വരുന്നൊക്കാം. ലേഖകൻെറ സ്നേഹിതനായ ഒരു വിദ്യാൎത്ഥി ഇദ്ദേഹം പ്രസംഗിക്കുമ്പോൾ പാട്ടു കേൾക്കുമ്പോഴെന്നപോലെ തലയാട്ടുകയും 'അങ്ങിനെയാണല്ലൊ' എന്നു് ഇടക്കിടെ പല്ലവിപോലെ പറയാറുള്ളതുകൊണ്ടു് ഇയാളെ നോക്കിയാണു് അധികവും അദ്ദേഹം സംസാരിക്കാറുണ്ടായിരുന്നതു്. പക്ഷെ കാൎയ്യമൊന്നും ഈ വിദ്വാനും മനസ്സിലാക്കാറില്ലെന്നു തന്നെത്താൻ കൂടക്കൂടെ പിറുപിറുത്തിരുന്നതിൽനിന്നു സ്പഷ്ടമാണു്. കോളേജുവിട്ടു് ഉടനെ അദ്ധ്യാപകജോലിയിൽ പ്രവേശിക്കുന്ന പലരുടേയും കഥ ആദ്യകാലത്തു് മേൽപ്രകാരം തന്നെയാണു്. എന്നാൽ അദ്ധ്യാപകന്മാൎക്കു് ആവശ്യം വേണ്ടതായ ഒരു ഗുണം ഇദ്ദേഹത്തിനുണ്ടെന്നു സമ്മതിച്ചേ തീരു. പാഠം കാലേക്കൂട്ടി തയ്യാർ ചെയ്യാതെ ഒരിക്കലും പഠിപ്പിക്കില്ലെന്നുള്ള നിശ്ചയം ഇദ്ദേഹത്തിന്നുണ്ടായിരുന്നു. 'ഇന്നു ഞാൻ പഠിപ്പിക്കുന്നതിന്നു് ഒരുങ്ങി വന്നിട്ടില്ലാത്തതുകൊണ്ടു് പാഠം എടുക്കുന്നില്ല' എന്നു് തുറന്നുപറവാൻ ഇദ്ദേഹത്തെപ്പോലെ ധൈൎയ്യമുള്ള അദ്ധ്യാപകന്മാർ അധികമുണ്ടാവുമെന്നു തോന്നുന്നില്ല. പക്ഷെ ഇടക്കു വല്ല ചോദ്യങ്ങൾ ചോദിച്ചാൽ—പലപ്പോഴും ചോദ്യങ്ങൾ അസംബന്ധമായിരിക്കാം—അദ്ദേഹം വല്ലാതെ കോപിക്കും. ചോദ്യം ചോദിക്കുന്നതു് തന്നെ കളിയാക്കാനാണെന്നാണു് ഇദ്ദേഹത്തിൻെറ വിശ്വാസം. അങ്ങിനെയുള്ള ബോദ്ധ്യം അദ്ദേഹത്തിന്നുണ്ടായാൽ ചോദ്യം ചോദിച്ച വിദ്യാൎത്ഥിയോടു് ഒരു പാഠം നൂറു പ്രാവശ്യത്തിൽ കുറയാതെ എഴുതിക്കൊണ്ടു വരാൻ ആവശ്യപ്പെടുന്നതു് അസാധാരണയല്ല. താൻ നിരപരാധിയാണെന്നു് എത്രതന്നെ പറഞ്ഞാലും അനേകം പ്രാവശ്യം ക്ഷമായാചനം ചെയ്താലും ഈ ശിക്ഷയിൽനിന്നു് ഒഴിവാകാൻ വിദ്യാൎത്ഥിക്കു സാധിക്കയില്ല.

ഇദ്ദേഹം ഒരു നിരീശ്വരവാദിയായിരുന്നു. ഹിന്ദുമതാചാരസംരക്ഷണത്തെ പുരസ്കരിച്ചു സ്ഥാപിച്ച ഒരു വിദ്യാലയത്തിൽ ഇദ്ദേഹത്തിനു സ്ഥാനമുണ്ടായതെങ്ങിനെ എന്നു് ലേഖകൻ അത്ഭുതപ്പെടാറുണ്ടു്. പാശ്ചാത്യസമ്പ്രദായത്തോടു് ശൎമ്മക്കു എത്രത്തോളം വെറുപ്പുണ്ടോ അത്രത്തോളംപുച്ഛം നാരായണമേനവന്നു് പൌരസ്ത്യസമ്പ്രദായങ്ങളിലുണ്ടു്. വിദ്യാൎത്ഥികൾ ഭസ്മവും ചന്ദനവും ധരിച്ചു വരുന്നതു തന്നെ ഇദ്ദേഹത്തിന്നിഷ്ടമില്ല. ഒരിക്കൽ ലേഖകൻെറ ജന്മനക്ഷത്രദിവസം ഭസ്മവും ഗോപിയും പൊട്ടും ധരിച്ചായിരുന്നു സ്കൂളിൽ ചെന്നതു്. പക്ഷെ നാരായണമേനവൻെറ പരിഹാസം അസഹനീയമായി തോന്നുക നിമിത്തം അതെല്ലാം തുടച്ചുകളയേണ്ടി വന്നു. ഒരിക്കൽ ഇദ്ദേഹം ലേഖകൻെറ ഭവനത്തിൽ വന്നപ്പോൾ ലേഖകൻ കുളിച്ചുതൊഴാൻ പോയിരിക്കയായിരുന്നു. മടങ്ങിവന്നപ്പോൾ

സമയം ഇങ്ങിനെ അനാവശ്യമായി കളയരുതെന്നും മോക്ഷത്തിന്നുള്ള മാൎഗ്ഗം തേടുന്നതു് പഠിപ്പു പൂൎത്തിയായതിന്റെ ശേഷം മതി എന്നും ഉപദേശിക്ക ഉണ്ടായി.

അദ്ധ്യാപകന്റെ നിലയിൽ അദ്ദേഹത്തിന്നു് എന്തെല്ലാം ദോഷങ്ങൾ ഉണ്ടായിരുന്നാലും പ്രസംഗമഞ്ചത്തിൽ കയറുമ്പോൾ അദ്ദേഹത്തിന്റെ സ്വതസ്സിദ്ധങ്ങളായ ഗുണങ്ങൾ നല്ലവണ്ണം പ്രശോഭിച്ചിരുന്നു. കാഴ്ചയിൽ സുഭഗനായ ഇദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രോതാക്കളുടെ മനസ്സിനെ സമാകൎഷിക്കത്തക്ക ഗുണങ്ങളോടുകൂടിയതായിരുന്നു. ഇദ്ദേഹത്തിന്റെ പ്രസംഗസാമൎത്ഥ്യം ശരിയായ വഴിക്കു തിരിഞ്ഞിരുന്നെങ്കിൽ അദ്ദേഹം ഒരു ഉത്തമസമുദായനേതാവാകുമായിരുന്നു.

ഏകദേശം ഒരു കൊല്ലത്തോളം പ്രസ്തുതഹിന്തുഹൈസ്കൂളിൽ ജോലി നോക്കിയതിന്റെ ശേഷം സ്ഥലത്തെ ശിക്ഷാക്രമപാഠശാലയിൽ ഒരു അദ്ധ്യാപകനായി ഇദ്ദേഹത്തെ നിയമിച്ചു. പക്ഷെ അധികകാലം അവിടെ ഇരിക്കാൻ ഇടയായില്ല. എന്തോ കാരണത്താൽ ഇദ്ദേഹത്തെ സൎക്കാർസൎവീസിൽനിന്നു പിരിച്ചു. അതിന്റെ ശേഷം പല സ്വകാൎയ്യവിദ്യാലയങ്ങളിലും പ്രവൃത്തിയെടുക്കുകയും മാനേജർമാരായി വഴക്കടിച്ചു് അവിടുന്നെല്ലാം പിരിഞ്ഞുപോരികയും ചെയ്തു. അവസാനം സ്വല്പശമ്പളത്തിൽ ഞാറക്കൽസ്കൂളിൽ പ്രധാനാദ്ധ്യാപകനായി ഒരു സംവത്സരത്തോളം ജോലിയെടുത്തു. അവിടുന്നു പിരിഞ്ഞിട്ടു് ഒരു മാസം കഴിയുന്നതിന്നു മുമ്പു് അദ്ദേഹം കഥാവശേഷനായിത്തീൎന്നു.

# ചെറുശ്ശേരിയും കൃഷ്ണഗാഥയും.

(ഡി. പത്മനാഭനുണ്ണി എം. എ.)

മലയാളഭാഷാസാഹിത്യലോകത്തിൽ കാണുന്ന പല അമൂല്യരത്നങ്ങളുടേയും ഉത്ഭവസ്ഥാനം ഇതുവരെയും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. കൃഷ്ണഗാഥ അപ്രകാരമുള്ള രത്നങ്ങളിൽ ഒന്നാകുന്നു. ഭാഷാചരിത്രകൎത്താവു് വളരെ അന്വേഷണം ചെയ്തതിന്നു ശേഷം, പ്രസ്തുതഗ്രന്ഥം ഉത്തരകേരളത്തിൽ ചെറുശ്ശേരി എന്ന ഇല്ലപ്പേരോടുകൂടിയ ഒരു നമ്പൂരിയുടെ കൃതിയാണെന്നു പ്രസ്താവിച്ചിട്ടുണ്ടു്. ഈ അഭിപ്രായം അടിസ്ഥാനരഹിതമാ

ണ്ണെന്നു സ്ഥാപിക്കുവാൻ കവനോദയം മാസികാപ്രവർത്തകന്മാർ വളരെ പരിശ്രമം ചെയ്യുകയും, ഒടുവിൽ കൃഷ്ണഗാഥയുടെ കർത്തൃത്വം അവർ പുനം നമ്പൂരിയിൽ സമർപ്പിക്കുകയും ചെയ്തു. ആധുനികവിമർശകന്മാരിൽ സർവ്വഥാ പ്രഥമഗണനീയനായ ശ്രീമാൻ പി. കെ. നാരായണപിള്ള അവർകൾ കവനോദയക്കാരുടെ വാദങ്ങളെ സയുക്തികം ഖണ്ഡിച്ചു് ഭാഷാചരിത്രകർത്താവിന്റെ അഭിപ്രായത്തെ ഒന്നുകൂടി ബലവത്തായി ഉറപ്പിച്ചു. ഭാഷാസാഹിത്യചരിത്രകർത്താവായ ശ്രീമാൻ ആർ. നാരായണപ്പണിക്കർ അവർകളും ശ്രീമാൻ പി. കെ. നാരായണപിള്ളയുടെ അഭിപ്രായത്തോടു യോജിച്ചു. ഇങ്ങനെ കൃഷ്ണഗാഥയുടെ കർത്താവു് ചെറുശ്ശേരി നമ്പൂരിയാണെന്നുള്ള വിശ്വാസം മലയാളസാഹിത്യലോകത്തിൽ ദൃഢമൂലമായിത്തീർന്നു.

ഇതിനിടയിൽ മേല്പറഞ്ഞ വിശ്വാസം പിന്നെയും ശിഥിലമാക്കാൻ ചിലർ പരിശ്രമിക്കാതിരുന്നില്ല. ശ്രീമാൻ കുണ്ടൂർ നാരായണമേനോൻ അവർകൾ "ആത്മപോഷിണി"യിൽ തദർത്ഥം ഒരു ദീർഘലേഖനം പ്രസിദ്ധപ്പെടുത്തിയിരുന്നു. 'ചെറുശ്ശേരി' എന്നുള്ളതു് ഗ്രന്ഥകർത്താവിന്റെ ഇല്ലപ്പേരു് അല്ലെന്നും വൃത്തത്തെ അടിസ്ഥാനപ്പെടുത്തി ഗ്രന്ഥത്തിനു നൽകിയിട്ടുള്ള നാമമാണെന്നും ആണു് കുണ്ടൂർ വാദിക്കുന്നതു്. 'ചെറുശ്ശേരി'പദത്തിന്റെ ഉത്ഭവത്തെ സംബന്ധിച്ചിടത്തോളം കുണ്ടൂരിന്റെ അഭിപ്രായം സാഹിത്യലോകത്തിൽ ലബ്ധപ്രതിഷ്ഠമെന്നു പറയാറായിട്ടില്ല.

"തച്ചോളിപ്പാലാട്ടെക്കോമപ്പുണ്ണി
തച്ചോളിപ്പാലാട്ടെക്കോമപ്പുണ്ണി"

എന്നീ രീതിയിലുള്ള ഈരടിച്ചേരിപ്പാട്ടിന്റെ പൂർവ്വാർദ്ധം

"തച്ചോളിപ്പാലാട്ടെ, തച്ചോളിപ്പാലാട്ടെ"

എന്നിങ്ങനെ അല്പം ചെറുതാക്കി ആവർത്തിക്കുകയും ഉത്തരാർദ്ധം യഥാപൂർവ്വം സൂക്ഷിക്കുകയും ചെയ്താൽ അതു് 'ചെറുചേരി'പ്പാട്ടായെന്നും, ചെറുചേരി കാലക്രമംകൊണ്ടു് ചെറുശ്ശേരിയായെന്നുമാണു് കുണ്ടൂരിന്റെ അനുമാനം. പൂർവ്വാർദ്ധത്തിലുള്ള ഈ ആവർത്തനംമൂലം ആ വരി 'ചെറുചേരിയല്ല, വൻചേരി' തന്നെ ആയി പരിണമിച്ചിട്ടില്ലയോ, എന്നു് മി: പണിക്കർ ചോദിക്കുന്നു. അഥവാ 'ചെറുചേരി'യുടെ ആവർത്തനമാണെന്നു സമ്മതിക്കുന്ന പക്ഷവും, ആ പദം 'ചെറുശ്ശേരി'യെന്നുള്ള പരിണാമദശയെ പ്രാപിക്കുന്നതിനു മുമ്പോ പിമ്പോ ഏതെങ്കിലും ഗ്രന്ഥത്തിൽ 'ചെറുചേരിപ്പാട്ടു്' എന്നു എഴുതിക്കാണുന്നതിനു ഇടയായിരുന്നെങ്കിൽ ഈ അനുമാനത്തിനു വല്ല അടിസ്ഥാനവും ഉണ്ടെന്നു് വിചാരിക്കാമായിരുന്നു. അങ്ങ

നെയൊന്നും കാണാത്ത സ്ഥിതിക്ക് ഈ അനുമാനം ബുദ്ധിപൂൎവ്വമായ ഒരു ഊഹം മാത്രമാണെന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു പണ്ഡിതലോകം ഇന്നും ഭാഷാചരിത്രകൎത്താവിന്റെ അഭിപ്രായത്തെത്തന്നെ ആദരിച്ചുവരുന്നതിൽ അത്ഭുതപ്പെടുവാനില്ല.

ചെറുശ്ശേരിപദം ഗ്രന്ഥനാമമാണെന്നുള്ള കുണ്ടൂരിന്റെ അഭിപ്രായം ഒരു പന്തീരാണ്ടു കഴിഞ്ഞു കാലഹരണപ്പെട്ടതിനു ശേഷം ഒന്നു പൊളിച്ചെഴുതുന്നതിനു പരിശ്രമിച്ചത് കോട്ടയത്തെ ചില മലയാളപണ്ഡിതന്മാരാകുന്നു. അവർ അവലംബിക്കുന്ന യുക്തിമാൎഗ്ഗങ്ങളും, പ്രമാണങ്ങളും, പ്രത്യേകവും, നവീനവുമാകുന്നു. ചെറുശ്ശേരിപദം ഗ്രന്ഥനാമമാണെന്നും ഗ്രന്ഥം പൂന്താനംനമ്പൂരിയുടെ കൃതിയാണെന്നുമാണ് അവർ സ്ഥാപിക്കുന്നത്. ഈ അഭിപ്രായം സ്ഥാപിക്കുന്നതിനും, അതിൽ കൂടുതലായി അതു പ്രചരിപ്പിക്കുന്നതിനും അവർ വളരെ പ്രയത്നം ചെയ്തിട്ടുമുണ്ട്. പുസ്തകം പ്രസിദ്ധപ്പെടുത്തിയതിനു ശേഷം, ആ സംഗതിയെ പുരസ്കരിച്ച് പ്രസാധകന്മാരിൽ ഒരാളായ ശ്രീമാൻ സി ഐ. രാമൻനായർ തിരുവനന്തപുരത്തു കൂടിയ സാഹിത്യപരിഷത്തിൽ ഒരു ഉപന്യാസം വായിച്ചു. എന്നാൽ പ്രഥമദൃഷ്ടിക്കു തന്നെ അബദ്ധമാണെന്നു തോന്നാവുന്ന ഈ അഭിപ്രായത്തോടു യോജിക്കുന്നതിന് ആരെങ്കിലും ചിലർ ഉണ്ടെന്നു ബോദ്ധ്യപ്പെടുന്നതുവരെ അതേപ്പററി ഗൗനിക്കേണ്ടതില്ലെന്നാണ് അന്നു ശ്രീമാൻ പി. കെ. നാരായണപിള്ള അഭിപ്രായപ്പെട്ടത്. എങ്കിലും മി: രാമൻനായർ സൎവ്വകലാശാലാപരീക്ഷകനായ് ബ്ഭവിച്ചപ്പോൾ ഈ വിഷയത്തേപ്പററി വീണ്ടും വീണ്ടും ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. എം. എ. പരീക്ഷയ്ക്കു് കൃഷ്ണഗാഥ ഒരു പാഠ്യപുസ്തകമായിരുന്നില്ല. എങ്കിലും അതേപ്പററി താനെഴുതീട്ടുള്ളതും പരീക്ഷ്യന്മാർ അറിഞ്ഞിരിക്കാൻ ചുമതലപ്പെട്ടവരാണെന്നുള്ള വിചാരത്തോടുകൂടിയും "കൃഷ്ണഗാഥയും, ഗിരിജാകല്യാണവും യഥാവിധി ചെറുശ്ശേരിനമ്പൂരിയുടേയും, ഉണ്ണായിവാൎയ്യരുടേയും കൃതികളാണെന്നു" സ്ഥാപിക്കുവാൻ വിമൎശകന്മാർ ചെയ്തിട്ടുള്ള ശ്രമം ഇതുവരെ ഫലവത്തായിപ്പരിണമിച്ചിട്ടില്ലെന്ന് സ്വയം ഒരഭിപ്രായം പുറപ്പെടുവിച്ച് അതേപ്പററി ഉപപാദിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഈ ചോദ്യത്തിൽ "യഥാവിധി" വെച്ചുംകൊണ്ട് അൎത്ഥമുണ്ടാക്കാൻ വിഷമിക്കുന്നവർ അതു "യഥാക്രമ"ത്തിനു പകരം തെററി ഉപയോഗിച്ചുപോയതാണെന്ന് മനസ്സിലാക്കുന്നപക്ഷം ചോദ്യകൎത്താവിന്റെ ഉദ്ദേശം എന്താണെന്ന് അവൎക്കു ഊഹിക്കാവുന്നതാണ്. ഇക്കഴിഞ്ഞ ബി. എ. പരീക്ഷയ്ക്കും ചെറുശ്ശേരി എന്നുള്ളതു ഗ്രന്ഥത്തിന്റെ പേരോ ഗ്രന്ഥകൎത്താവിന്റെ പേരോ എന്ന് ഒരു ചോദ്യക്കടലാസ്സിലും, "കൃഷ്ണഗാഥാകൎത്താവു ചെറുശ്ശേരിനമ്പൂരിയാണെന്ന് സാധിക്കുന്നതിനു നിരൂപകന്മാർ കൊണ്ടുവന്നിട്ടുള്ള യുക്തികൾ നിരാ

ക്ഷേപമല്ല, വിമർശിക്കുക" എന്നു മറെറാന്നിലും ചോദിച്ചിരുന്നു. ഇങ്ങനെ വിദ്യാർത്ഥികൾക്ക് ഈ പണ്ഡിതന്മാരുടെ അഭിപ്രായംകൂടി അറിഞ്ഞിരിക്കേണ്ട ആവശ്യം നേരിട്ടതുകൊണ്ടാണ് അതേപ്പററി എനിക്കു തോന്നിയ ചില സംഗതികൾ ഇവിടെ പ്രസ്താവിക്കാൻ പോകുന്നതു്.

കൃഷ്ണഗാഥക്കു ഗ്രന്ഥകർത്താവു കൊടുത്തിട്ടുള്ള നാമം 'ചെറുശ്ശേരി' എന്നാണെന്നു സ്ഥാപിക്കുവാനാണ് ഈ വിമർശകന്മാർ ആദ്യമായി ഉദ്യമിക്കുന്നതു്. ഇതിനു ഒന്നാമതായി ചെയ്യേണ്ടതു് കൃഷ്ണഗാഥ എന്നല്ല ഗ്രന്ഥത്തിന്റെ പേരെന്നു സ്ഥാപിക്കുകയാകുന്നു. പ്രസ്തുതഗ്രന്ഥത്തിൽതന്നെ സർഗ്ഗാവസാനങ്ങളിൽ "കൃതായാം കൃഷ്ണഗാഥായാം" എന്നൊരു പദ്യപാദം കാണുന്നതു് പ്രക്ഷിപ്തമാണെന്നാണ് അവരുടെ അഭിപ്രായം. അതിലേക്കു താഴെ പറയുന്നവയാണ് അവർ കൊണ്ടുവരുന്ന യുക്തികൾ. "പ്രാരംഭത്തിൽ കവി പാലാഴിമാതു പാലിച്ചുപോരുന്ന കോലത്തുനാട്ടുരാജാവായ ഉദയവർമ്മതമ്പുരാന്റെ ആജ്ഞാവൈഭവത്താൽ (അധീശ ഗൗരവത്താൽ) സ്വതേ അജ്ഞനായിരുന്നിട്ടും പ്രാജ്ഞനെന്നു ഭാവിക്കുന്നു. ആ കവിതന്നെ കഥയുടെ ഘട്ടാവസാനത്തിൽ പ്രാജ്ഞനായ കോലഭൂപന്റെ ആജ്ഞയാൽ 'എന്നാൽ ഉണ്ടാക്കപ്പെട്ടതായ കൃഷ്ണഗാഥയിൽ ഇന്ന ഘട്ടം തീർന്നിരിക്കുന്നു' എന്നും പറയുന്നു. കവി ഭാവിക്കുന്നതും പറയുന്നതും തമ്മിൽ പൂർവ്വാപരവിരുദ്ധമായിരിക്കുന്നു. ഇതിനെ ഒന്നുകൂടി വിവരിക്കുകയാണെങ്കിൽ കോലാധിനാഥന്റെ മാഹാത്മ്യത്താൽ കവിക്കു ആദ്യം സിദ്ധിച്ച പ്രാജ്ഞത്വം അധികം സമയഭേദം കൂടാതെ ആ ഘട്ടാവസാനത്തിൽ അതിന്റെ പ്രഭവമായ ആ പ്രഭുവിലേക്കു തന്നെ തിരിച്ചെത്തുന്നു. കവിയുടെ ഔദ്ധത്യപരിഹാരസംരംഭത്തിൽ അസാംഗത്യചിന്ത ഭ്രഷ്ടമായിപ്പോയെന്നോ? ഇതുകൊണ്ടുമായില്ല. രണ്ടാമത്തെ ഘട്ടം ചമക്കുന്നതിന് കവിയെ ശക്തനാക്കിത്തീർക്കുന്ന പ്രജ്ഞ (പ്രജ്ഞ എവ പ്രാജ്ഞ) രണ്ടാമതും കോലഭൂപനിൽനിന്നും കവിയിലേക്ക് വരേണ്ടിയിരിക്കുന്നു. അതിലേക്കു കോലഭൂപൻ കവിയെ വരുത്തി കവിത ചമക്കാനാജ്ഞാപിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ഘട്ടക്കണക്കിനു പരിരക്ഷകൻ ആജ്ഞകൾ കൊടുക്കയും പ്രജ്ഞ വന്നും പോയും ഇരിക്കയും ചെയ്യുന്നതായി അസംഭാവ്യവും അനിഷ്ടവും ആയ ഒരർത്ഥപ്രതീതി ഉണ്ടാകാവുന്നതുകൊണ്ടു ഈ പദ്യം ഗാഥാകർത്താവിന്റേതാകാൻ തരമില്ല."

പ്രസ്തുതപദ്യം ഗ്രന്ഥകർത്താവിന്റെ തന്നെയോ, മററു വല്ലവരുടേതോ ആയിരിക്കട്ടെ. ഗ്രന്ഥകർത്താവിന്റേതല്ലെന്നു കാണിക്കുന്നതിനു് മേൽവിവരിച്ചതിലധികം ബാലിശമായ ഒരഭിപ്രായം ഒരു വിമർശകനിൽനിന്നും പുറപ്പെടേണ്ടതില്ല. കവി താൻ ഒരു പ്രാജ്ഞനാണെന്നു സ്വ

യം അഭിമാനിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നില്ല. തനിക്ക് ആജ്ഞ നൽകിയ പ്രഭു പ്രാജ്ഞനാണ്. കേവലം ഒരു മൂഢനോടു കവിതയെഴുതുവാൻ അദ്ദേഹം ആവശ്യപ്പെടുകയില്ല. തന്നോടാവശ്യപ്പെട്ടിട്ടുള്ളതുകൊണ്ടു താനും പ്രാജ്ഞനാണെന്നു ഭാവിച്ചു, കാവ്യം ചമക്കാൻ പുറപ്പെടുന്നു. ഇതിൽ പൂർവാപരവൈപരീത്യത്തിന് എവിടെയാണു അവകാശം.? കവി തന്റെ വിനയത്തേയും, പ്രഭുവിലുള്ള ബഹുമാനത്തേയും കാണിക്കുക മാത്രമല്ലെ ചെയ്യുന്നുള്ളു.

"വേദപുരാണേതിഹാസകാവ്യനാടകാദികളെ
വേദികളായിരിക്കുന്ന കവികളുടെ
മേദുരങ്ങളായ ഗദ്യപദ്യങ്ങളേശ്രവിക്കുന്ന
മേദിനീന്ദ്രനജ്ഞനോടാജ്ഞാപിച്ചതോർപ്പൂ"

എന്നു രാമപുരത്തുവാര്യരും,

"മന്ദഃകവിയശഃപ്രാർത്ഥീഗമിഷ്യാമ്യുപഹാസ്യതാം"

എന്നു കാളിദാസനും എഴുതിയിരിക്കുന്നതു നോക്കുക. വാര്യർ അജ്ഞനും, കാളിദാസൻ മന്ദനുമല്ലെന്നുള്ളതു തീർച്ചതന്നെ. പിന്നെ അങ്ങനെ പറഞ്ഞതു് അവരുടെ വിനയത്തെ കാണിക്കുക മാത്രമേ ചെയ്യുന്നുള്ളു. അതുപോലെ അനേകം പണ്ഡിതന്മാരെ സംരക്ഷിച്ചുപോന്ന കോലഭൂപൻ പ്രാജ്ഞനായിരുന്നിരിക്കണമെന്നുള്ളതിന്നു സംശയമില്ല. അദ്ദേഹം ആജ്ഞ നൽകിയപ്പോൾതന്നെ കവിക്കു താൻ പ്രാജ്ഞനാണെന്നു ഭാവിക്കുന്നതിനും അർഹതയുണ്ടു്. അതു് ഒരു പൂർവാപരവൈപരീത്യവും, അസാംഗത്യവും ആകുകയുമില്ല.

പ്രഭു പ്രാജ്ഞനായിരിക്കുകയും, അദ്ദേഹത്തിന്റെ ആജ്ഞ അനുസരിക്കുന്ന കവി പ്രാജ്ഞനാണെന്നു ഭാവിക്കുകയും ചെയ്യുന്നതുകൊണ്ടു "പ്രജ്ഞ വന്നും പോയുമിരിക്കുന്നു" എന്നു പറഞ്ഞതാണു് വലിയ നേരമ്പോക്കായിരിക്കുന്നതു്. കിംഗ്സിലിയുടെ ഗ്രീക്കുകഥകളിൽ മൂന്നു സോദരിമാർക്കുകൂടി ഒരു കണ്ണും ഒരു പല്ലും മാത്രം ഉള്ളതായും, എന്തെങ്കിലും കാണുകയൊ ഭക്ഷിക്കുകയൊ ചെയ്യേണ്ട സമയത്തു്, അവർ അവയെ അന്യോന്യം കൈമാററം ചെയ്തുവന്നതായും പ്രസ്താവിച്ചിട്ടുണ്ടു്. അതുപോലെ "വന്നുംപോയും ഇരിക്കുന്ന" ഈ പ്രജ്ഞയും, അന്യോന്യം കൈമാററം ചെയ്യാവുന്ന ഒരു സാധനമായിട്ടാണോ ഈ വിമർശകന്മാർ ധരിച്ചിട്ടുള്ളതു്.?

(തുടരും)

# മാപ്പ്.

(കാകളി)

വെള്ളായ്ക്കൽ ഗോവിന്ദമേനോൻ

ഒട്ടിടക്രൂരിരുളാലഴലേന്തിയു-
മൊട്ടിടത്തുവെണ്ണിലാവാൽ ചിരിച്ചുമേ
ലൌകികജീവിതരീതിയെക്കാട്ടിടു-
മേകാന്തശാന്തമാംരാവിൻകനിവിനാൽ
കൈവന്നവെൺമുത്തണികൾധരിച്ചുനൽ-
ശ്രീവളർന്നീടുന്നപുൽക്കൊടിമേലഹോ!
നിർമ്മലരാഗപ്രകാശമെട്ടിക്കിലു-
മുണ്മയിൽവീശുമിസ്സുപ്രഭാതത്തിൽ ഞാൻ
കാൽവെച്ചുപോയ്പ്പോയികഷ്ട!മകൃത്രിമ-
ലാവണ്യപേടകമൊന്നുതകർന്നുപോയ്.
മന്നാകുമമ്മതൻമാറിടത്തിങ്കൽനീ
മഞ്ജുമരതകമായ് ലസിച്ചീടവേ,
കാലത്തുണർന്നുതാൻകാൽക്കീഴമർത്തിഞാൻ
മാലണച്ചെന്നതിൽമാപ്പേകുകാശ്രുമേ.
ഉദ്ധതരായിഹമർത്ത്യർമറ്റൊന്നിലും
ശ്രദ്ധവെയ്ക്കീലതൻകാര്യത്തിലെന്നിയേ.
ഉന്നതിയിച്ഛിച്ചുമുന്നോട്ടുപോമവ-
രൊന്നുംഗണിപ്പതില്ലന്യർതൻസങ്കടം.
ഹാ! പാദപാതമേറ്റചെറുപുൽക്കൊടി-
യാപത്കരമെന്നറിഞ്ഞുതൻഭൂഷകൾ;
ഏതോകൊടുംപാപഭീകരമായൊരു-
ഭൂതമെന്നോർത്തുഭയംപൂണ്ടപോലവേ
ഓമൽദലങ്ങളാംകൈകളണച്ചുള്ള-
ഭൂമാതൃവക്ഷസ്സോടാശുപറ്റിക്കൂടി
'നിർദ്ദയമിക്കൊച്ചുകുഞ്ഞിനെയെന്തിനു
മർദ്ദനംചെയ്യുന്നീ'യെന്നുഭൂദേവിയാൾ
അല്പേതരരുഷാനോക്കിനാളെന്നെയാ-
നൽപ്പുലരിത്തുടുപ്പെങ്ങുമെ ചിന്നവേ.

മേന്മയുംതാഴ്മയുംനോക്കകില്ലമ്മയ്ക്ക
തന്മക്കളൊക്കെയുമൊന്നുപോലെ ദൃഢം
ദൃമ്മിതിയായിഹ ചാരുസഹോദര-
ധർമ്മംമറന്നുഞാൻചെയ്തതില്ലെത്രമേ.
ചെറവുമറിയാതെചെയ്തപോമീവക
തെററിനമ്മെ!മാപ്പരുൾകസർവ്വംസഹേ!

# പുസ്തകാഭിപ്രായം

ശ്രീകൃഷ്ണസ്മരണ

അഥവാ

ഒരു ഭക്തദർശനം

ഗ്രന്ഥകർത്താ:- ചെറുകുന്നത്ത് നാരായണൻനമ്പൂരി.

രാമാനുജമുദ്രാലയം ക്ലിപ്തം., തൃശ്ശിവപേരൂർ.

വില 12 ണ.

ശ്രീകൃഷ്ണനെപ്പററിയുള്ള ഇരുപത്തിആറു കവിതകളാണ് ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നത്. ഈ കവിതകളെഴുതുവാൻ ഗ്രന്ഥകത്താവിനെ പ്രേരിപ്പിച്ചത് ശ്രീകൃഷ്ണഭഗവാനോടുള്ള ഭക്തി മാത്രമാണെന്ന് ഗ്രന്ഥകത്താവു പറയുന്നുണ്ട്. ശ്രീകൃഷ്ണഭക്തന്മാർക്ക് ഈ പുസ്തകം ഹൃദ്യമായി തോന്നുമെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം.

"ബാലകന്മാരെ!യെങ്ങെൻമനോഹരൻ
ബലസണ്ണിമുകിൽവർണ്ണൻകേശവൻ.
ചൊല്ലുവിനവനെങ്ങുപോയെന്നതും
അല്ലലെന്തു പിണഞ്ഞുവെന്നുള്ളതും.
ചാരുവായൊരവൻെറകളേബരം
ചാരത്തിങ്ങയ്യോകാണാഞ്ഞുസങ്കടം"
എന്നുകേട്ടുകരഞ്ഞുവീണ്ടുംവീണ്ടും

ഒന്നിനുംകഴിവില്ലാതെബാലന്മാർ.
"അയ്യോയെൻമകനെങ്ങെന്നുപററിയോ
വയ്യെസങ്കടംതാങ്ങുവാൻതെല്ലുമേ
നിമ്മലമാംനിശാകരശോഭപോൽ
നിമ്മലമായമന്ദസ്മിതംകൊണ്ടു
നന്നായേററെത്തിളങ്ങുംമുഖാംബുജ-
മെന്നുഞാനിനിക്കാണ്മാനൊദൈവമേ!
ഉണ്ണികളേപറയുവിൻവേഗത്തിൽ
ഉണ്ണിയെന്മകനെങ്ങുപോയെന്നുടൻ"
ചൊല്ലുവാനേതുംവയ്യകുമാരക്
അല്ലലുള്ളിൽമുഴക്കകൊണ്ടേത്രയും
വല്ലവിമാരുമോരോന്നുചൊല്ലീട്ടു
വല്ലാതെനിന്നുകേണുതുടങ്ങിനാൻ.
"ഉണ്ണീ!കേശവാ!കൃഷ്ണാ!കരിമുകിൽ-
വണ്ണാ!വണ്ണമനോഹരാ!മാധവാ!
നിന്നുടൽകാണാഞ്ഞുള്ളോരുസങ്കടം
ഇന്നുഞങ്ങൾക്കുവയ്യേസഹിക്കുവാൻ.
കണ്ണീരേററമൊലിപ്പിച്ചുകൊണ്ടുമൈ
ക്കണ്ണിമാരിടംവാവിട്ടുരോദിച്ചും
കണ്ണനെയങ്ങുനോക്കിത്തുടങ്ങിനാർ
ഖണ്ഡമോടവരങ്ങുമിങ്ങുംതദാ.
അപ്പൊഴങ്ങുയമുനയിൽകാണായി
സപ്പരാജനാംകാളിയബദ്ധനായ്
കണ്ണൻതന്നെയതുനേരമെന്തയ്യൊ
മുന്നെക്കാളുമിരട്ടിച്ചുസങ്കടം.
അയ്യോകൃഷ്ണാ!കുമാരാ!മനോഹരാ!
നിയ്യെന്തിത്ഥംചതിയ്ക്കുവാനെന്നോതി
ക്കൊണ്ടുകൊണ്ടുടൽനേർവണ്ണനെക്കാൾവാനായ്
ക്കൊണ്ടുകാളിന്ദിതന്നിൽചാടീടുവാൻ"

(കാളിയമർദ്ദനം—പാന)

മുതലായ ഭാഗങ്ങൾ വളരെ നന്നായിരിക്കുന്നു എന്നു മാത്രമല്ല, ഹൃദയോ ദ്വേഗജനകവുമാണ്. പുതിയപുതിയ ആശയങ്ങൾ അധികമൊന്നും ഇ ല്ലെങ്കിലും—ഇന്നത്തെ പുതിയ കവികളേപ്പോലെ ഇംഗ്ലീഷുപദങ്ങൾ ഉപ

യോഗിച്ചിട്ടില്ലെങ്കിലും കവിത ആൎക്കും നല്ലപോലെ മനസ്സിലാകുന്നതാണ്. കവിതകൾ മുഴുവനും ശ്രീകൃഷ്ണനെപ്പററി ആയിരിക്കുന്നതുകൊണ്ടു് സംസ്കൃതവൃത്തങ്ങളും മാറിമാറി ഉപയോഗിച്ചിരിക്കുന്നതിൽ തരക്കേടില്ല.

---

## സ്ററുവൎട്ട് ഇംഗ്ലാണ്ടു്.

ഗ്രന്ഥകൎത്താ:- എ. കരുണാകരമേനോൻ ബി. എ.

വിവേകോദയം ഹൈസ്കൂൾ, തൃശ്ശിവപേരൂർ.

വരുന്ന സ്കൂൾഫൈനൽപരീക്ഷയ്ക്കു പോകുന്ന കൊച്ചിയിലെ വിദ്യാൎത്ഥികളുടെ ആവശ്യം കണക്കാക്കി, ക്ലാസ്സിൽ പഠിപ്പിക്കുന്നതിന് അന്നന്നു തയാറാക്കിയ കുറിപ്പുകൾ എല്ലാം കൂട്ടി പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് പ്രസ്തുതഗ്രന്ഥം. ചുരുക്കത്തിൽ, ചില ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ് ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നതു് എന്നു പറയാം. അതുകൊണ്ടു് ഇതു കുട്ടികൾക്കു പ്രയോജനകരമായിരിക്കുവാനെ തരമുള്ളു. ശരിയായ ഒരു ചരിത്രഗ്രന്ഥത്തിന്റെ മട്ടൊന്നും കാണുന്നില്ല. ഇംഗ്ലീഷുപദങ്ങൾ ധാരാളമായി ഉപയോഗിച്ചു കാണുന്നുണ്ടു്. ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്ന ഭാഷ ലളിതമാണ്. എന്നാൽ ഇതിൽ കല്പനാശക്തിയും വൎണ്ണനാവൈഭവവും കുറവായിട്ടേ കാണുന്നുമുള്ളു.

---

## വിജ്ഞാനകുസുമം.

ഗ്രന്ഥകൎത്താ:- വിദ്വാൻ ജി. ആർ വെങ്കടവരദയ്യങ്കാർ.

ബി. വി. ബുക്ക് ഡിപ്പൊ, തിരുവനന്തപുരം.

സദുപദേശങ്ങളെക്കൊണ്ടു് പാരമാൎത്ഥികജ്ഞാനം വിദ്യാൎത്ഥികളുടെ മനസ്സിൽ ഉറപ്പിക്കുന്നതിനു വേണ്ടി എഴുതിയിട്ടുള്ള ഒരു പദ്യകൃതിയാണ് ഈ പുസ്തകം. ഇതിൽ പലേ സാന്മാൎഗ്ഗികതത്വങ്ങളും കാണുന്നുണ്ടു്. എന്നാൽ അവ അത്ര പുതിയതാണെന്നു തോന്നുന്നില്ല. ഇതിൽ കാണുന്ന യാഥാസ്ഥിതികങ്ങളായ ചില ആശയങ്ങൾ ഇപ്പോഴത്തെ പരിഷ്കാരികൾക്കു് ഇഷ്ടമായേക്കുമോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ചില സ്ഥലങ്ങളിൽ വൃത്തഭംഗവും ശബ്ദശുദ്ധിക്കുറവും പ്രത്യക്ഷമാകുന്നുണ്ടു്.

---

## ആനന്ദമോഹനബോസ്.

ഗ്രന്ഥകൎത്താ:- കെ. പി. കരുണാകരമേനോൻ.

ഗൌരീവിലാസം, പെരുമ്പാവൂർ.

വില 3 ണ.

ഇൻഡ്യയുടെ രാഷ്ട്രീയനിൎമ്മാതാക്കളിൽ ഒരു പ്രധാനിയും ഒരു ആദൎശപുരുഷനും ആയിരുന്ന ആനന്ദമോഹനബോസിൻെറ ജീവചരിത്രസംക്ഷേപമാണ് ഈ പുസ്തകം. "ജനതാമദ്ധ്യത്തിൽ ദേശഭക്തിയെ ഉത്തേജിപ്പിക്കുന്നതിനും, ദേശീയാദൎശങ്ങളോടുള്ള പ്രതിപത്തിയെ പ്രവൃദ്ധമാക്കുന്നതിനും, സ്വദേശോന്നമനത്തിനായി ആത്മത്യാഗപൂൎവ്വം പ്രവൎത്തിക്കുന്നതിനുള്ള അഭിനിവേശത്തെ അങ്കുരിപ്പിക്കുന്നതിനും ആശാസ്യമായ രീതിയിൽ ജീവിതം നയിക്കുന്നതിന് ആവശ്യമുള്ള അനുകരണീയങ്ങളായ ആദൎശങ്ങളെ സമൎപ്പിക്കുന്നതിനും" വേണ്ടി 'മഹച്ചരിതമഞ്ജരി' എന്ന പേരിൽ ആരംഭിച്ചിട്ടുള്ള ഗ്രന്ഥാവലിയുടെ പ്രഥമഭാഗമാണ് ഈ ജീവചരിത്രം. ഗ്രന്ഥകൎത്താവിൻെറ ആദൎശം അഭിനന്ദനാൎഹം തന്നെയെന്നുള്ളതിനു സംശയമില്ല. ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ പുസ്തകംകൊണ്ട്, ഇങ്ങിനെയാണ് അദ്ദേഹം ഗ്രന്ഥനിൎമ്മാണത്തിനുദ്യമിക്കുന്നതെങ്കിൽ, ഉദ്ദിഷ്ടഫലം സിദ്ധിക്കുമോ എന്നുള്ള കാൎയ്യം സംശയാസ്പദമായിത്തോന്നുന്നു. ഈ പുസ്തകത്തിൽ എത്രയും ചുരുങ്ങിയ ഒരു ജീവചരിത്രസംക്ഷേപമെ—ക്രൗൺ സൈസിൽ പന്ത്രണ്ടു വശങ്ങളടങ്ങിയ ജീവചരിത്രസംക്ഷേപമെ—ലഭിക്കുന്നുള്ളു. അതിൽനിന്നും കഥാപുരുഷൻെറ യഥാൎത്ഥമായ ഒരു ജീവചരിത്രബോധം വായനക്കാൎക്കു ലഭിക്കുമെന്നു തോന്നുന്നില്ല. അവർ നിരാശരാകയില്ലെ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഗ്രന്ഥകൎത്താവ് ധാരാളമായി ഉപയോഗിച്ചിട്ടുള്ള ഗീൎവ്വാണശബ്ദങ്ങൾ ഒഴിച്ചാൽ ജീവചരിത്രസംഭവങ്ങൾ വളരെ കുറച്ചു മാത്രമെ കാണുകയുള്ളു.

# ഗാഥാഞ്ജലി.

(കെ. എൻ. എഴുത്തച്ഛൻ)

(മഞ്ജരി)

നാഥ!നീയെൻഗേഹംപൂകമെന്നോർത്തുഞാ-
നാധിവിഹീനമിരുന്നുകൊള്ളാം,
നിശ്വാസജ്വാലയിലിത്തളിർവാട്ടാതെ-
യശ്രുവാൽവക്ത്രത്തിൽകീറീടാതെ.
നിൻപ്രേമവാഹിനീയൊന്നീമനോഭൂവിൽ
സാമ്പ്രതംമന്ദമൊഴുകുമെങ്കിൽ
എത്രപൂങ്കാവുകൾപൊങ്ങിയുയരുമേ,
മിത്രകൊണ്ടായതിൻപാർശ്വങ്ങളിൽ!!
ദേവ!നിൻപൂമെയ്യിൽപാടെലയിക്കുകിൽ
കേവലശാന്തിലഭിക്കുംപോലും!
നിത്യവിശ്രാന്തമായ് സർവ്വസ്വാതന്ത്ര്യമാ-
യത്രമജ്ജീവിതംതീരുംപോലും!
അല്ലെങ്കിൽവിശ്വാസയോഗ്യമല്ലെന്നുമാം
തെല്ലുമീവിജ്ഞവചനമെന്നും!
ശാന്തിതൻപര്യായമായിടാംകർമ്മങ്ങൾ
ശ്രാന്തിയിങ്ങെന്തുംപരിശ്രമമാം.
വാരിതൻബിന്ദുക്കളോരോന്നുംവാരിധി-
നീരിലണഞ്ഞുമറഞ്ഞിടുന്നു,
എങ്കിലുമാലസ്യംക്രൂടാതെകല്ലോല-
പംക്തിയിൽചെന്നുവന്നൃത്തംചെയ്വൂ!!
നിശ്ചലസങ്കേതംപൂകിയതിൻചിഹ്നം
വിശ്വത്തിൽതാരള്യമായിരിക്കാം;
അക്ഷയാനന്ദമണഞ്ഞതിൻനിർമ്മല-
ലക്ഷണംദുഃഖസമഗ്രതയാം!!
അല്ലെങ്കിൽവേലകളെന്നുംവിനോദമാം
വല്ലഭ!നിന്നോടുചേരുമെങ്കിൽ!
കാരസ്കരംഫലംപോലുമമൃതാകാം,
കാരാഗൃഹവുംപൊൻമന്ദിരമാം!!

കാമമവിശ്രമമാകേദാരഭൂവിതിൽ
ദേവ!നീയെന്നമുഴുതുകൊൾകെ,
എന്തിതുദാസൻഞാൻസ്വേദപങ്കങ്ങളെ
ഹന്തഭയന്നപിൻമാറിനില്പൂ!!

# ഉദ്ധാരണങ്ങൾ.

## അധ്വാനത്തിൻേറയും വ്യായാമത്തിൻേറയും ആവശ്യകത.

വില്യം ക്രൂപ്പർ പറയുന്നതു്:-

എല്ലാ വസ്തുക്കളും അനവരതമായ വ്യാപാരംകൊണ്ടാണ നിലനിന്നപോരുന്നതു്. പ്രകൃതിദേവി ആരോഹണം ചെയ്യിരിക്കുന്ന ആ അക്ഷീണ ചക്രത്തിൻെറ നിരന്തരമായ തിരിച്ചിൽകൊണ്ടു തൻെറ ആരോഗ്യത്തേയും സൌന്ദയ്യത്തേയും ഫലപുഷ്ടിയേയും സംരക്ഷിക്കുന്നു. പ്രകൃതി ഒരു ക്ഷണനേരത്തേക്കു പോലും നിശ്ചലമായിരിക്കുവാൻ മടിക്കുന്നു. അതു ചലനത്തിൽ മാത്രം ജീവിക്കുന്നു. അതിൻെറ പരിവത്തനം തന്നെയാണ് ലോകത്തെ നിലനിത്തുന്നതു്. വായുവിനെ നാലു ദിക്കുകളിൽ നിന്നും വീശുന്ന കാററുകൾ കലക്കി തെളിച്ച് ഇതില്ലെങ്കിൽ ദൂഷിക്കാനിടയുള്ള ആ നിമ്മലവസ്തുവിനെ ഉപഭോഗയോഗ്യമാക്കിത്തീക്കുന്നു. സമുദ്രങ്ങൾ, നദികൾ, സരസ്സുകൾ, പ്രവാഹങ്ങൾ ഇവയെല്ലാം ഈ ശുദ്ധീകരണശക്തിക്കധീനങ്ങളായി ഒരിക്കലും ശാന്തമല്ലാത്ത വീചീചലനംകൊണ്ടു് നിമ്മലമാക്കപ്പെടുന്നു. കരിവേലവൃക്ഷംപോലും കൊടുംകാററിൻെറ ശക്തിമത്തായ സംഘടനംകൊണ്ടു് ബലമുള്ളതായിത്തീരുന്നു. അതു് പക്ഷെ കോപിക്കുന്നതായും കാററിൻെറ സമ്മദ്ദനശക്തിയെ പുഛിക്കുന്നതായും കാണപ്പെടുന്നു. ഇതിനുംപുറമെ അതു തൻെറ അചേതനമായ ഹസ്തത്തിൽ അശനിയെ വഹിക്കുന്നുണ്ടെന്നുള്ള ഭാവത്തിൽ ഭ്രൂഭംഗം ചെയ്കയും ചെയ്യുന്നുണ്ടു്. എന്നാൽ ഈ വനസ്പതിക്കു് താൻ ഏതിനെ നിന്ദിക്കുന്നുവോ അതിൽ നിന്നുതന്നെയാണ് അതിൻെറ സ്ഥാവരശക്തി ലഭിക്കുന്നതു്. അഗ്രഭാഗത്തിൽ എത്രത്തോളം ഇളക്കപ്പെടുന്നുവോ അധോഭാഗത്തിൽ അത്രയും ഉറപ്പും ലഭിക്കുന്നു. ഇതുപോലെതന്നെ ഇതരസൃഷ്ടികൾ ഏതു നിയമത്താൽ നിയന്ത്രിതങ്ങളായിരിക്കുന്നുവോ ആ നിയമംതന്നെ സൃഷ്ടികളുടെ രാജാവാ

യ മനുഷ്യനേയും ബാധിക്കുന്നു. മനുഷ്യനും തൽതുല്യമായ ഒരു ഹേതുവിൽ നിന്നും വിലയേറിയ ഗുണം ലഭിക്കുന്നു. തന്റെ അതികഠിനമായ അദ്ധ്വാനംകൊണ്ടു് തന്റെ അതിമധുരമായ സുഖാവസരം സമ്പാദിക്കുന്നു. അലസന്മാർ പതിവുസമയമാകുമ്പോഴും നീണ്ടുനിവന്നു കിടക്കുന്നു. എന്നാൽ ഒരു നവജീവിതവും ശക്തിയും അവൎക്കു ലഭിക്കുന്നില്ല. അവൎക്കു് അതു ഒട്ടും വേണമെന്നുമില്ല. മങ്ങിയ നേത്രങ്ങളും, ശോഭ വെടിഞ്ഞു മ്ലാനങ്ങളായ കവിൾത്തടങ്ങളും, ഞൊറിഞ്ഞതും രക്തപുഷ്ടിയില്ലാത്തതുമായ മാംസപേശികളും, ഉന്മേഷമില്ലാത്ത മനസ്സ് ഇവയെല്ലാം താൻ സ്നേഹിക്കുന്ന സ്വാസ്ഥ്യത്തെ തന്നെ നശിപ്പിക്കുന്ന ഈ മടിയന്റെ അലസതാശക്തിയെപ്പററി ഭത്സിക്കുന്നു. എന്നാൽ അദ്ധ്വാനശീലന്മാരും ഉന്നിദ്രചിത്തന്മാരും ഇപ്രകാരമല്ല. ജീവിതത്തെ ആരോ അതിന്റെ യഥാൎത്ഥവിലയിലും സുഖഭാഗങ്ങളിലും ഗണിക്കുന്നു, അവരുടെ ജീവിതം തന്നെയാണു് യഥാൎത്ഥജീവിതം എന്നു പറയാവുന്നതു്. നല്ല ആരോഗ്യവും അതിന്റെ നിരന്തരസഖാവായ സൌമനസ്യവും, പ്രവൃത്തിക്കു സന്നദ്ധമായതും എത്ര പ്രയാസമായ ജോലിയായാലും അല്പംപോലും ക്ഷീണിക്കാത്തതുമായ ഉത്സാഹവും, പ്രതിഭാപുഷ്ടിയും, തീവ്രമായ ചിന്താശക്തിയും എല്ലാം ഇവൎക്കുള്ളതാണു്. വൃദ്ധന്മാൎക്കുപോലും വാൎദ്ധക്യത്തിനു സഹജങ്ങളായ ന്യൂനതകൾ ബാധിക്കാതെ ഇവയെല്ലാം അനുഭവിക്കാനുള്ള സൌകൎയ്യം ലഭിക്കും. ചുളുങ്ങിയ നെററിക്കു താഴെ പ്രകാശമാനങ്ങളായ ദൃഷ്ടികളും നരച്ച മീശയ്ക്കു അലങ്കാരമായ യുവമന്ദസ്മിതങ്ങളും വഹിച്ചുകൊണ്ടു് നിൎജ്ജരവൃദ്ധന്മാരായി സോത്സാഹം കുഴിയിലേക്കിറങ്ങുന്നു.

## അമേരിക്കയിലെ കാരാഗൃഹങ്ങൾ.

സ്കാളർ എന്ന മാസികയിൽ ഇങ്ങനെ ഒരു കുറിപ്പു കാണുന്നു.

“ഇൻഡ്യയിലെ ജയിലുകൾ പാശ്ചാത്യരീതികളനുസരിച്ചു് പരിഷ്കരിക്കണമെന്നു മുറവിളി കൂട്ടുന്ന നമുക്കു്, അമേരിക്കയിലെ ഐക്യരാജ്യങ്ങളിലെ ഒരു കമ്മിഷൻ, അവിടത്തെ കുട്ടികളുടെ ജയിലുകളെപ്പററി അന്വേഷണം നടത്തി പ്രസിഡൻറു് മി: ഹൂവറിനു സമൎപ്പിച്ചിട്ടുള്ള ഒരു റിപ്പോൎട്ടു വായിച്ചാൽ അന്ധാളിച്ചുപോകുന്നതാണു്. പാശ്ചാത്യരാജ്യങ്ങളിൽ ഭ്രാന്താലയങ്ങളിലേക്കുള്ള വിശ്രമമന്ദിരങ്ങളായിരുന്ന ജയിലുകൾ, ഉൽകൃഷ്ടജീവിതത്തിലേക്കു നയിക്കുന്ന ഗൃഹങ്ങളാണെന്നു ചിലർ പുകഴ്ത്തി പറയുന്നതു നാം കേട്ടിട്ടുണ്ടു്. എന്നാൽ ഈ റിപ്പോൎട്ടുകൊണ്ടു് മൃഗീയമായ ക്രൂരത അവിടെ കാട്ടുന്നുണ്ടെന്നു തെളിയുന്നുണ്ടു്. കുട്ടികളെ കൈകാലുകൾ

കെട്ടി അടിക്കുക, കലക്കി ക്ഷീണിപ്പിക്കുക, വെള്ളത്തിൽ ഇറക്കി നിറുത്തുക മുതലായവ അവിടെ നടക്കുന്നുണ്ട്. ഭക്ഷണവും വെള്ളവും മാത്രം കൊടുത്തു് മുറികളിൽ ഏകുന്തത അനുഭവിപ്പിക്കുന്ന ഏർപ്പാടും അവിടെ ഉണ്ട്. ഇൻഡ്യയിലും അടിയും ഇടിയും നടക്കുന്നുണ്ടെങ്കിലും, ഇവിടത്തെ സ്ഥിതി അത്ര മോശമാണെന്നു തോന്നുന്നില്ല. എന്നാൽ നമ്മുടെ ജയിലുകളിൽ കിടക്കുന്ന കുട്ടികളോടു പെരുമാറുന്ന സമ്പ്രദായത്തിൽ നമ്മെ അഭിനന്ദിക്കത്തക്കതായി ഒന്നുമില്ല. ചുരുക്കം ചില ദുർഗ്ഗുണപരിഹാരപാഠശാലകളല്ലാതെ, കുട്ടികൾക്ക പ്രത്യേകം ജയിലുകളവിടെയില്ല.

---

## കൊച്ചിരാജ്യത്തിലെ പുസ്തകാലയങ്ങൾ.

എറണാകുളം ലൈബ്രറിയുടെ വാർഷികയോഗത്തിൽവെച്ചു ചെയ്ത രണ്ടു പ്രസംഗങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽ പ്രത്യേകം പതിയേണ്ടതാണ്. പുസ്തകാലയപ്രസ്ഥാനത്തെ സംബന്ധിച്ചേടത്തോളം കൊച്ചിരാജ്യം എത്രമാത്രം പിന്നിലായാണു കിടക്കുന്നതെന്ന് ഈ വിഷയം നല്ലപോലെ പഠിച്ചിട്ടുള്ള പ്രൊഫസർ ടി. സി. ശങ്കരമേനോൻ (എം. എ.) തന്റെ പ്രസംഗംകൊണ്ടു ബോദ്ധ്യപ്പെടുത്തീട്ടുണ്ട്. ഇദ്ദേഹം പറയുന്നതു നോക്കുക:-

"ഗ്രന്ഥശേഖരം ചെയ്യാനുള്ള മോഹം പൌരാണികകാലങ്ങളിൽ തന്നെയുണ്ടായിരുന്നുവെന്നു വിശദമാണ്. എന്നാൽ അന്നത്തേയും ഇന്നത്തേയും പുസ്തകാലയപരിശ്രമങ്ങൾ തമ്മിലുള്ള വ്യത്യാസം ഇന്നത്തെ പ്രസ്ഥാനം പൊതുജനാഭിപ്രായത്തെ അനുസരിച്ചു നില്ക്കുന്നുവെന്നുള്ളതാണ്. പുരാതനകാലത്തു് ഗ്രന്ഥശേഖരത്തിന്നു വലിയ പണച്ചെലവ് വേണ്ടിവന്നിരുന്നു. ധനികന്മാർക്ക മാത്രമെ അന്നൊക്കെ ഒരു ലൈബ്രറി ഉണ്ടാക്കുവാൻ സാധിച്ചിരുന്നുള്ളു. ഇന്നാണെങ്കിൽ ലൈബ്രറികൾ എല്ലാവരുടെ അടുക്കലേക്കും പുസ്തകങ്ങൾ എത്തിച്ചുകൊടുക്കുന്നു. പുസ്തകാലയപ്രസ്ഥാനത്തിന്നു് അധികം ശക്തി സിദ്ധിച്ചിട്ടുള്ളതു് ഇന്ത്യയിൽ ബറോഡയിലാണ്. ബറോഡാരാജ്യത്തിൽ 982 ലൈബ്രറികളുണ്ട്. കൊച്ചിരാജ്യത്തിൽ 19 ലൈബ്രറികളിൽ അധികമില്ല. ബറോഡയിൽ 2000 ജനങ്ങൾക്ക ഓരോ ലൈബ്രറി വീതമുണ്ട്. കൊച്ചിയിൽ 90,000 ജനങ്ങൾക്ക് ഓരോ ലൈബ്രറി കഷ്ടിയാണ്. ബറോഡയിൽ ഗവമ്മെണ്ടു മുതലെടുപ്പിൽ ഉറുപ്പികക്ക് അരയണ വീതം പുസ്തകാലയങ്ങൾക്കായി ചിലവഴിക്കുന്നു. കൊച്ചിയിലാണെങ്കിൽ ഇതിൽ എണ്ണതിൽ ഒരു ഭാഗംകൂടി ചെലവാക്കുന്നില്ല. ബറോഡയിൽ ജനസംഖ്യയിൽ ആളൊന്നിന്നു 15 പൈ

വീതം ലൈബ്രറിക്കായി ഗവൎമ്മെണ്ടു ചെലവാക്കുന്നുണ്ട്. കൊച്ചിയിൽ ഈ സ്ഥാനത്തു അരപ്പൈയാണു ചെലവഴിക്കുന്നതു്. വിദ്യാലയങ്ങളിൽ നിന്നു വിട്ടതിനു ശേഷം പ്രായപൂൎത്തിയാവുമ്പോഴയ്ക്കും പഠിച്ചതൊക്കെ മറക്കാതിരിപ്പാൻ പുസ്തകാലയങ്ങൾ പൌരകയ്യുംപോലെ ദേശസ്നേഹവും സ്ഥാപിക്കേണ്ടതു എത്രയും ആവശ്യമാണു്. ഇതിന്നാവശ്യമായ പ്രചരണവേല നടത്തി ജനങ്ങളിൽ പുസ്തകാലയപ്രസ്ഥാനത്തിൽ ആവേശം ജനിപ്പിക്കേണ്ടതു് എത്രയും ആവശ്യമാണു്."

"ഗ്രന്ഥവിഹാരം"

ബാല്യകാലത്തിലെ ധാരണാശക്തി.

ഇ. എ. വെങ്കിടലക്ഷ്മിഭായി ഭൂതത്തെപ്പററി 'സ്കാളർ' എന്ന മാസികയിൽ എഴുതിയിട്ടുള്ള ഒരു ലേഖനം ആണു് ഇവിടെ ഉദ്ധരിക്കുന്നതു്:--

"അഞ്ചു വയസ്സുള്ള ഏതു കുട്ടിക്കും ഭാവനാശക്തിയും മനസ്സിൽ ഏതും പെട്ടെന്നു ധരിക്കുവാനുള്ള സാമൎത്ഥ്യവും ഉണ്ടായിരിക്കും. എനിക്കും അങ്ങിനെതന്നെ ആയിരുന്നു. ബാല്യകാലത്തു് ഏതു കുട്ടിയുടേയും മനസ്സിനെ ഹഠാൽ ആകൎഷിക്കുന്ന ഒരു വിഷയം ഭൂതത്തെപ്പററിയുള്ളതാണു്. എന്റെ മനസ്സിലും ഭൂതത്തെപ്പററിയുള്ള വിചാരം നല്ലപോലെ ഉണ്ടായിരുന്നു. എന്റെ അമ്മ ഈ വിചാരത്തെ ദൂരീകരിക്കാൻ ചെയ്ത ശ്രമം വിഫലമായതേയുള്ളു. ആ വിചാരം മനസ്സിൽ കൂടിക്കൊണ്ടേതെയുള്ളു.

എന്റെ ഗൃഹത്തിന്റെ പിൻഭാഗത്തു് ഒരു മുറിയുണ്ടായിരുന്നു. എന്റെ ഭൂതം അവിടെയാണു താമസിച്ചിരുന്നതെന്നായിരുന്നു എന്റെ സങ്കല്പം. ഈ മുറി ഒരിക്കലും ഉപയോഗിക്കാതിരുന്നതുകൊണ്ടു് എപ്പോഴും അടച്ചിട്ടിരുന്നു എന്നു മാത്രമല്ല, അന്ധകാരസമ്പൂൎണ്ണവുമായിരുന്നു. ഭൂതങ്ങൾ രാത്രിസമയത്തേ സഞ്ചരിക്കയുള്ളു എന്നു ഞാൻ കേട്ടിരുന്നതുകൊണ്ടു്, അവക്കു പാററിയ അധിവാസസ്ഥലം ഒരു അന്ധകാരമുറിയാണെന്നു് ഞാൻ നിശ്ചയിച്ചിരുന്നു.

എന്റെ ഭൂതം ദേഹമാസകലം ഒരു വെള്ളവസ്ത്രം കൊണ്ടു മൂടിയിരുന്നു എന്നും, രാത്രിസമയത്തു് ഗൃഹത്തിൽ നിശ്ശബ്ദമായി സഞ്ചരിച്ചിരുന്നു എന്നും ഞാൻ സങ്കല്പിച്ചു. ഒരു ദിവസം രാത്രി പത്തുമണിക്കു് അത്താഴം കഴിഞ്ഞു ഞങ്ങൾ ഉറങ്ങുവാൻ ഭാവിക്കയായിരുന്നു. ഞങ്ങൾ നാലു കുട്ടികൾക്കു ഒരു വലിയ മുറി ഉണ്ടായിരുന്നു. ഞങ്ങളുടെ കിടക്കകൾ നിലത്തു വിരിച്ചിരുന്നു. പിന്നിലുള്ള അന്ധകാരമായ മുറിയെപ്പററി എനിക്കു

ഭയമുണ്ടായിരുന്നതുകൊണ്ടു്, ഓരോ രാത്രിയും ഉറങ്ങുന്നതിനു മുമ്പു് അതിന്റെ പൂട്ടിയിരുന്ന വാതലിൽ നോക്കുക പതിവായിരുന്നു.

അന്നു രാത്രി ആ ഇരുട്ടടഞ്ഞ മുറിയുടെ പകുതി അടഞ്ഞിരുന്ന വാതലിൽക്കൂടി ഞാൻ കണ്ട എന്തോ ഒരു വസ്തുവിനെ ഭയവിഹ്വലനായി പരിഭ്രമിച്ചു് കണ്ണുതുറിച്ചു നോക്കുകയായിരുന്നു. ഭൂതത്തിന്റെ മുറിയുടെ എതിർവശത്തുള്ള വലിയ അടുക്കളയുടെ മദ്ധ്യഭാഗത്തു് ഞാൻ നില്ക്കുന്നു. ഞാൻ നിന്നിരുന്നിടത്തു നിന്നും ഭൂതത്തിന്റെ മുറി നല്ലപോലെ കാണാമായിരുന്നതുകൊണ്ടു്, എന്തോ ഒന്നിനെ കാണുകയും എന്റെ രക്തം ഘനീഭവിക്കയും ചെയ്തു. എന്റെ രോമം സൂചിപോലെ നിന്നു. നെററിയിൽനിന്നും സ്വേദഗണം പൊഴിഞ്ഞുതുടങ്ങി. ഞാൻ ഭയപ്പെട്ടു മരവിച്ചു. കാലുകൾ ചലിച്ചില്ല. അവ അനക്കുവാൻ എനിക്കു പ്രയാസമായിരുന്നു. അടുക്കളയിൽ ആരുമുണ്ടായിരുന്നില്ല. അപ്പോൾ ഭയങ്കരം! ആ വസ്തു എന്റെ അടുക്കലേക്കു വരുന്നതായി തോന്നി. ശിവനെ! അതു വെള്ളവസ്ത്രം ധരിച്ച ഭൂതമായിരുന്നു. അതു് വസ്ത്രത്തിനിടയിൽക്കൂടി എന്നെ തുറിച്ചു നോക്കി. എന്റെ ഭയത്തെ വാക്കുകൊണ്ടു വർണ്ണിക്കുവാൻ അശക്യം. എനിക്കു് ഓടുവാനും വയ്യാതിരുന്നു. കാലുകൾ നിലത്തോടു ചേർത്തു് ആണി വച്ചിരുന്നതുപോലെ തോന്നി. ഞാൻ ഭയവിഹ്വലനായിത്തന്നെ നിലകൊണ്ടു. ആ നിമിഷത്തിൽ ഒരു ഘനമുള്ള ശബ്ദം എന്റെ പേരു വിളിച്ചു. അതു മാത്രം. ഞാൻ മർമ്മഭേദകമായ ഒരു ശബ്ദം പുറപ്പെടുവിച്ചു് മുറിയിൽനിന്നും ഓടി. എന്റെ പുറകിൽ ചിരിക്കുന്നതു കേൾക്കാമായിരുന്നു. എന്നാൽ ഞാൻ ഒരിക്കലും തിരിഞ്ഞു നോക്കിയില്ല. ഞാൻ ഭ്രാന്തനെപ്പോലെ ഓടി, ശബ്ദം കേട്ടു വിവരം അറിയുവാൻ ഉറക്കമുറിയിൽനിന്നും വന്നിരുന്ന അമ്മയുടെ ഹസ്തങ്ങളിൽ ബോധരഹിതനായി പതിച്ചു.

ആ രാത്രി മുഴുവനും എനിക്കു് പനി ഉണ്ടാകയും ഒരു ഭ്രാന്തനെപ്പോലെ അട്ടഹസിക്കയും ചെയ്തു. അടുത്ത ദിവസം എന്റെ ശരീരത്തിലെ ചൂടു് ക്രമാതീതമായി. ഗൃഹവൈദ്യനെക്കൂടി കൊണ്ടുവന്നു. അദ്ദേഹം എന്നെ പരിശോധിച്ചു്, പനി മാനസികമായ ഒരു കമ്പത്തിന്റെ ഫലമാണെന്നു് അഭിപ്രായപ്പെട്ടു. അദ്ദേഹം ചില ഗുളികകളും കഷായങ്ങളും നിശ്ചയിച്ചു പോയി. വളരെ നാൾ ഞാൻ അപകടനിലയിൽ കിടന്നു. അതിൽനിന്നും രക്ഷിക്കുവാൻ എന്റെ അമ്മയുടെ മുഴുവൻ ആത്മശക്തിയും ശ്രദ്ധയും വേണ്ടിവന്നു.

രണ്ടാഴ്ചക്കു ശേഷം ഞാൻ അപകടസ്ഥിതിയെ കടന്നു എന്നു് പറഞ്ഞുതുടങ്ങി. എന്നാൽ ഞാൻ ശോഷിച്ചു് അസ്ഥിക്കൂടം മാത്രമായി.

ര മാസം കഴിഞ്ഞു് ഞാൻ വീണ്ടും അഞ്ചു വയസ്സുള്ള "ആനന്ദക്കുട്ടനാ" യി. വേനല്ക്കാലത്തു് ഒരു രാത്രിയിൽ കുട്ടികളായ ഞങ്ങൾ മട്ടുപ്പാവിലിരുന്നു് ശീതളമാരുതൻ ഏററുകൊണ്ടിരിക്കയായിരുന്നു. എൻെറ സുഖക്കേടിനു ശേഷം വളരെ നിരുത്സാഹനായി കാണപ്പെട്ട കുസൃതിക്കാരനും ശീമയുമായ എൻെറ മൂത്ത ജ്യേഷ്ഠൻ ശങ്കരൻ, എൻെറ അടുക്കൽനിന്നും എഴുന്നേററു് അഛൻെറ അടുത്തുപോയി അദ്ദേഹത്തോടു് സങ്കോചത്തോടും ഭയത്തോടും കൂടി ചിലതു പറഞ്ഞു. അഛൻ ഒടുവിൽ ഇങ്ങിനെ പറഞ്ഞു. "ഇതു് സാരമില്ല. ഞാൻ മാപ്പു തരുന്നു. എന്നാൽ ആപൽഹേതുകങ്ങളായ ഇത്തരം നേരംപോക്കുകൾ നീ ഒരിക്കലും ആവർത്തിക്കരുതു്. കുട്ടിക്കു ഭ്രാന്തു പിടിക്കുമായിരുന്നേനെ എന്നു് നിനക്കു അറിയാമല്ലൊ!" അദ്ദേഹം എന്നെ അടുക്കൽ വിളിച്ചു് അഞ്ചു മിനിട്ടുനേരത്തോളം സംസാരിച്ചു ഒടുവിൽ ശങ്കരനാണു് ഭൂതത്തിൻെറ ഭാഗം അഭിനയിച്ചിരുന്നതെന്നും, എന്നെ ബോധശൂന്യനാക്കത്തക്കവണ്ണം ഭയപ്പെടുത്തിയതെന്നും എനിക്കു മനസ്സിലായി."

---

അദ്ധ്യാപകൻെറ സ്വഭാവം.

---

പശ്ചിമഗോദാവരി സെക്കൻററി അദ്ധ്യാപകസമാജത്തിൽ അദ്ധ്യക്ഷം വഹിച്ച മി: ആർ. വി. പന്തലു എം. ഏ., എൽ. ടി: യുടെ പ്രസംഗത്തിലെ ഒരു ഭാഗമാണു താഴെ ചേക്കുന്നതു്.

"നമ്മുടെ രാജ്യത്തിലെ അദ്ധ്യാപകവഗ്ഗത്തിനു് ബഹുമാനം വേണമെന്നു് ആഗ്രഹിക്കുന്നു എങ്കിൽ, അദ്ധ്യാപകന്മാർ യോഗ്യമായ ഒരു തൊഴിലിലെ അംഗങ്ങൾ എന്നവണ്ണം യോഗ്യമായി പെരുമാറണം. അതിനു് അവർ ജീവിതം ആത്മാഭിമാനത്തോടുകൂടി ആരംഭിക്കേണ്ടതു അത്യാവശ്യമാണു്. ദാസ്യമനസ്ഥിതിയോടുകൂടി സ്വാതന്ത്ര്യശക്തി ഉപയോഗിക്കുവാൻ സാദ്ധ്യമല്ല. അദ്ധ്യാപകൻ, തനിക്കു് എന്താണുള്ളതു് എന്നതിനേക്കാൾ, താൻ ആരാണെന്നു വിചാരിച്ചു്, തനിക്കു വില കല്പിക്കുമ്പോഴെ ഈ തൊഴിലിനു് അഭിവൃദ്ധി ഉണ്ടാകയുള്ളു. തനിക്കു് ലഭിക്കുന്ന ശമ്പളത്തേക്കാൾ നിവ്വഹിക്കുന്ന ചുമതലകളെപ്പററിയാണു് അവർ ചിന്തിക്കേണ്ടതു്."

---

### സ്വഭാവം മാത്രം പോരാ.

സർ. ജോഷിയസ്സ്റ്റാമ്പ്, ഒരു വിദ്യാലയത്തിൽ സമ്മാനദാനം ചെയ്യു അവസരത്തിൽ ഇങ്ങനെ പറകയുണ്ടായി.

ഞാൻ ഒരു കുട്ടിയായിരിക്കുമ്പോൾ, ഒരാൾ സമ്മാനദാനം ചെയ്യു അവസരത്തിൽ, ഏററവും പ്രധാനമായ കാൎയ്യം സ്വഭാവമാണെന്നും, സ്വഭാവമുണ്ടായിരുന്നാൽ മറെറല്ലാ കാൎയ്യങ്ങളും ശരിയായിക്കൊള്ളുമെന്നും പ്രസ്താവിച്ചതായി ഞാൻ ഓൎമ്മിക്കുന്നു. ഞാൻ ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. ലോകം മുഴുവനും വളരെ നല്ലവരും, വളരെ വിഡ്ഢികളുമായ ആളുകളെകൊണ്ടു നിറഞ്ഞിരിക്കുന്നു. അവരെല്ലാവരുംകൂടി നമ്മെ ഭയങ്കരമായ ഒരു ദയനീയാവസ്ഥയിൽ ചാടിച്ചിരിക്കുന്നു. തലച്ചോറും സ്വഭാവവും ഉണ്ടായിരിക്കുക എന്നുള്ളതു് സാദ്ധ്യമാണ്. കൂടുതൽ ആശയങ്ങൾ ഉള്ള കുട്ടി മററുള്ളവരെ ഭരിക്കുന്നു. പെൺകുട്ടികൾക്കും ഭരിക്കുവാൻ കഴിയും. അറിവു കുട്ടികളെ സ്വാശ്രയശക്തിയുള്ളവരാക്കിത്തീൎക്കും. ഈ രാജ്യത്തിലെ പൌരന്മാരിൽ, പ്രത്യേകിച്ച് പ്രായമായി വരുന്ന സ്ത്രീപുരുഷന്മാരിൽ ഇന്നു കാണുന്ന ഏകവസ്തു സ്വാശ്രയശക്തിയാകുന്നു."

# കുറിപ്പുകൾ.

### ഇൻഡോറിലെ വിദ്യാഭ്യാസം.

ഹിന്ദുവിൽ ഇങ്ങിനെ എഴുതിക്കാണുന്നു:-

1930-ലെ വിദ്യാഭ്യാസറിപ്പോർട്ടു കൊണ്ടു് ഹോൾക്കാർ മഹാരാജാവിൻെറ രാജ്യത്തിൽ വലിയ അഭിവൃദ്ധി ഉണ്ടായിട്ടുള്ളതായി കാണുന്നു. ഗവൎമ്മെൻറു വകയും അല്ലാത്തതുമായ പാഠശാലകൾ കഴിഞ്ഞ വൎഷത്തിൽ 334-ൽ നിന്നും 367 ആയിട്ടുണ്ടു് രാജ്യത്തിൽ ആകെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം 601 ആണ്. ഗവൎമ്മെൻറുപാഠശാലകളിൽ ഒരു കൊല്ലത്തിലെ ശരാശരി കുട്ടികളുടെ സംഖ്യ 29083-ം ദിവസം പ്രതിയുള്ള ശരാശരി ഹാജർ 25951-ം ആകുന്നു. കഴിഞ്ഞ കൊല്ലത്തിലെ ആ സംഖ്യകൾ 27074-ം 20801-ം ആയിരുന്നു. 1921-ലെ കണക്കുപ്രകാരം ആ രാജ്യത്തിൽ 574424 പുരുഷന്മാരും 533191 സ്ത്രീകളും ഉണ്ടു്. അവരിൽ സ്കൂളിൽപോകാൻ പ്രായമുള്ള ആൺകുട്ടികൾ 15 ശ

തമാനവും പെൺകുട്ടികൾ 12 ശതമാനവും ആണെങ്കിൽ പള്ളിക്കൂടത്തിൽ പഠിക്കുന്ന ആൺകുട്ടികൾ 31.4 ശതമാനവും പെൺകുട്ടികൾ 8.2 ശതമാനവും ആകുന്നു. കഴിഞ്ഞ കൊല്ലത്തിൽ 28.34-ം, 6.02-ം ആയിരുന്നു. ഗവൎമ്മെൻറുവകയല്ലാത്ത പാഠശാലകളുംകൂടെ പള്ളിക്കൂടത്തിൽ പഠിക്കുന്ന ആൺകുട്ടികളുടെ ശതമാനം 38.5-ം, 7.5-ം ആകുന്നു.

പ്രാഥമികവിദ്യാഭ്യാസം രാജ്യമൊട്ടുക്കു സൌജന്യവും, മുൻസിപ്പൽ സ്ഥലങ്ങളിൽ നിർബന്ധിതവും ആണ്. എല്ലാ പ്രാഥമികപാഠശാലകളിലും അഭ്യസനഭാഷ ദേശഭാഷയാണ്. എല്ലായിടത്തും വിദ്യാഭ്യാസം നിർബന്ധിതമാക്കാതെ അജ്ഞാനം നീങ്ങുമെന്നു തോന്നുന്നില്ല. ആൺപ്രാഥമികപാഠശാലകൾ 263-ൽ നിന്നും 273 ആയിട്ടുണ്ടു്. അവിടത്തെ ആൺകുട്ടികളുടെ എണ്ണം 17219-ൽനിന്നും 19600 ആയി വൎദ്ധിച്ചിട്ടുണ്ടു്. ആൺകുട്ടികളുടെ മിഡിൽസ്കൂൾ 24-ൽ നിന്നും 26 ആയി. 5 എണ്ണം ഒഴിച്ചു് എല്ലാ പാഠശാലകളിലും ഇംഗ്ലീഷു പഠിപ്പിക്കുന്നുണ്ടു്. എല്ലാ മിഡിൽസ്കൂളുകളിലും കൂടി ഇപ്പോൾ 7066 കുട്ടികൾ ഉണ്ടു്. കഴിഞ്ഞ കൊല്ലം 6533 ആയിരുന്നു.

രാജ്യത്തിൽ സെക്കൻററിവിദ്യാഭ്യാസം ചിലവു കുറഞ്ഞതാണ്. ഫീസ് എന്ന് പേരു പറയുവാൻ മാത്രമേ ഉള്ളു. ആൺകുട്ടികൾക്കായി നാലു ഹൈസ്കൂളുകളുള്ളതിൽ മൂന്നെണ്ണവും ഗവൎമ്മെൻറുവകയാണ്. അവിടെ ആകപ്പാടെ ഒരു പ്രൈവററ് ഹൈസ്കൂൾ മാത്രമെ ഉള്ളു. അവിടെയുള്ള ഹാൾനർകാളേജ് അഭിവൃദ്ധിപ്പെട്ടുവരുന്നു. കുട്ടികളുടെ സംഖ്യ 568ൽ നിന്നും 620 ആയിട്ടുണ്ടു്. കലാശാല കായികപരിശീലനത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടു്. അതു് എല്ലാ കുട്ടികൾക്കും നിർബന്ധിതമാകുവാൻ ഒരു പദ്ധതി നിശ്ചയിച്ചിട്ടുണ്ടെങ്കിലും, ആ പദ്ധതി ഇപ്പോഴും ഗവൎമ്മെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിച്ചുകൊണ്ടിരിക്കുന്നതേ ഉള്ളു.

സ്ത്രീവിദ്യാഭ്യാസത്തിൽ അധികാരികൾ വളരെ ശ്രദ്ധിക്കുന്നുണ്ടെങ്കിലും, ആ വിഷയത്തിൽ ഇപ്പോഴും വളരെ പ്രവൎത്തിക്കുവാനുണ്ടു്. പെൺകുട്ടികൾക്കായുള്ള പ്രാഥമികപാഠശാലകൾ 38 എണ്ണം മാത്രമുള്ളതുകൊണ്ടും അവ പോരാത്തതുകൊണ്ടും, 941 പെൺകുട്ടികൾ ആൺപാഠശാലകളിൽ ചേരുകയുണ്ടായി. നാലാംക്ലാസ്സു വരെ സമ്മിശ്രവിദ്യാഭ്യാസം അനുവദിച്ചിട്ടുണ്ടു്. പെൺകുട്ടികൾക്കു് ഒരു ഹൈസ്കൂളുമുണ്ടു്. ഇവ കൂടാതെ ആയുൎവ്വേദപാഠശാലകളും ബധിരന്മാൎക്കുള്ള പാഠശാലകളും മററുമുണ്ടു്. പ്രത്യേകവിദ്യാൎത്ഥിവേതനങ്ങൾ നൽകി വിദ്യാഭ്യാസത്തിൽ പിന്നണിയിൽ കിടക്കുന്ന വൎഗ്ഗക്കാരെ പ്രോത്സാഹിപ്പിക്കുന്നുണ്ടു്.

## ഇംഗ്ലണ്ടിലെ അദ്ധ്യാപകബഹളം.

ഇംഗ്ലണ്ടിലെ സാമ്പത്തികാധഃപതനം ഹേതുവാൽ അവിടത്തെ ചിലവുകൾ ചുരുക്കുന്നതിനും വരവു വർദ്ധിപ്പിക്കുന്നതിനും ദേശീയമന്ത്രിസഭ നിശ്ചയിച്ചു. വിദ്യാഭ്യാസവകുപ്പിലെ ചിലവു ചുരുക്കുന്നതിനെപ്പററി ആലോചിച്ച് ഒരു റിപ്പോർട്ടു സമർപ്പിക്കുവാൻ നിശ്ചയിച്ച കമ്മററി അവരുടെ റിപ്പോർട്ടു സമർപ്പിച്ചിരിക്കുന്നു. അതിൽ അദ്ധ്യാപകന്മാരുടെ ശമ്പളം പതിനഞ്ചു ശതമാനം കുറക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതു് അവിടത്തെ അദ്ധ്യാപകന്മാർക്ക് പരിഭ്രമജനകമായിത്തീന്നിരിക്കുന്നു. ഇതു കൂടാതെ മററു പല തരത്തിലും അവർക്ക് ത്യാഗം അനുഷ്ഠിക്കേണ്ടതായിട്ടുണ്ട്. ഇതു് എത്രയും അന്യായമാണെന്നും, മററു ജീവനക്കാർക്ക് ഇത്രയും ത്യാഗം അനുഭവിക്കേണ്ടതായിട്ടില്ലെന്നും, അദ്ധ്യാപകന്മാർ മുറവിളി കൂട്ടുകയും, വലിയ പ്രതിഷേധയോഗങ്ങൾ കൂടി പ്രമേയങ്ങൾ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. ശമ്പളം ചുരുക്കിയാൽ അവരുടെ ചിലവിനു മതിയാകയില്ലെന്നും, അദ്ധ്യയനസമ്പ്രദായം അധഃപതിക്കുമെന്നുമാണ് അവർ പറയുന്നതു്. ഇംഗ്ലണ്ടിലെ അദ്ധ്യാപകന്മാരുടെ ഇടയിൽ വലിയ ബഹളമാണ് ഇപ്പോൾ നടക്കുന്നതു്.

---

## സൈനികപരിശീലനം.

യുദ്ധത്തെ ലോകത്തിൽനിന്നും ബഹിഷ്കരിക്കണമെന്നും, നിരായുധീകരണം നടപ്പിൽ വരുത്തണമെന്നും, സർവ്വദേശസാഹോദര്യം സ്ഥാപിക്കണമെന്നും ലോകത്തിൽ ഉൽകൃഷ്ടമനസ്വികൾ സ്വപ്നം കാണുന്ന ഒരു കാലമാണല്ലോ ഇതു്. എന്നാൽ ഇതു് എത്ര പരിപാവനവും മഹത്തരവുമായ ആദർശമാണെങ്കിലും, ലോകത്തിലെ സകല രാജ്യങ്ങളും ഇതിനു വഴിപ്പെടാതിരിക്കയാണെങ്കിൽ അതു് എന്നും ഒരു ദിവാസ്വപ്നമായിട്ടുതന്നെ ഇരിക്കയേയുള്ളു. ഉത്തമചിന്തകരും ലോകാഭ്യുദയകാംക്ഷികളുമായ പല മഹാന്മാരും ഈ വിശിഷ്ടാദർശത്തെ പ്രായോഗികമാക്കുന്നതിന് അശ്രാന്തപരിശ്രമം ചെയ്യുന്നുണ്ടെങ്കിലും, ലോകത്തിലെ രാഷ്ട്രങ്ങളെല്ലാം സൈന്യത്തേയും യുദ്ധസാമഗ്രികളേയും വർദ്ധിപ്പിക്കുന്നതിനാണു ശ്രമിച്ചുവരുന്നതു്. ഈ സ്ഥിതിയിൽ നമ്മുടെ രാജ്യരക്ഷക്കും സുശിക്ഷിതമായ ഒരു സൈന്യം അത്യന്താവശ്യകമാണ്. അതുകൊണ്ടായിരിക്കാം "അന്യരാഷ്ട്രങ്ങളുടെ ചരിത്രം കൊണ്ട്, നാം നമ്മുടെ മനസ്സിനെ പോഷിപ്പിച്ചിരിക്കുന്നതിനാൽ മഹാസമരങ്ങളും സൈനികപരിശീലനവും വിപുലമായ സൈന്യോപകര

ണങ്ങളും കൂടാതെ നമ്മുടെ ഉദ്ദേശങ്ങൾ സാധിക്കുന്നതല്ലെന്ന് നാം വിശ്വസിക്കുന്നു" എന്നു മഹാൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

യുദ്ധം നിലനില്ക്കുന്നിടത്തോളം കാലം ഓരോ രാജ്യത്തിന്റെയും സ്വരക്ഷക്കായി ഒരു സൈന്യം അനപേക്ഷണീയമാണെന്നുള്ളതിന്നു സംശയമില്ല. നമ്മുടെ ആളുകളെ സൈനികപരിശീലനത്തിൽനിന്നും ബഹിഷ്കരിച്ചിട്ടു വളരെക്കാലം കഴിഞ്ഞിരിക്കുന്നു. എന്നാൽ അവരെ വീണ്ടും യുദ്ധം അഭ്യസിപ്പിക്കണമെന്ന് മുറവിളി കൂട്ടിത്തുടങ്ങീട്ട് കുറച്ചുകാലമായി. ഇൻഡ്യയിലെ പല നേതാക്കന്മാരുടേയും മുറവിളിയുടെ ഫലമായി ഗവമ്മെൻറ് ഒരു സൈനികമഹാപാഠശാല സ്ഥാപിക്കാമെന്ന് നിശ്ചയിച്ചിരിക്കുന്നു. ഇനി അതിനുള്ള ഒരു സ്ഥലം നിശ്ചയിക്കേണ്ടതായിട്ടേ ഉള്ളൂ. ഇപ്പോൾ ഡെറാഡൂണും, സററാറയും ആണ് ആലോചനക്കാരുടെ ചിന്തക്കു വിഷയീഭവിച്ചിരിക്കുന്നതു്. എന്നാൽ സൈനികപാഠശാല ഏർപ്പെടുത്തുകയാണെങ്കിൽ അതു് ഇൻഡ്യയുടെ മദ്ധ്യഭാഗത്തായിരിക്കണമെന്നും, അതിനോടു ഘടിപ്പിച്ചിട്ടുള്ള പല പാഠശാലകളും നാനാഭാഗത്തും വേണമെന്നും ഞങ്ങൾക്കു തോന്നുന്നു. അവയിൽ ആക്കും പഠിക്കുന്നതിനു പ്രവേശനവും ഉണ്ടായിരിക്കണം. എന്നു മാത്രമല്ല, അഭ്യസനരീതി എത്രയും ആധുനികരീതിയിലായിരിക്കേണ്ടതുമാണ്. ഇന്നത്തെ ആക്രമണങ്ങളും രക്ഷാതന്ത്രങ്ങളും സംഖ്യബലത്തെയല്ല, കാൎയ്യക്ഷമതയേയും ശാസ്ത്രീയയുദ്ധസാമഗ്രികളേയുമാണ് ആശ്രയിച്ചിരിക്കുന്നതു്. ആകാശഗമനം മുതലായവ യുദ്ധത്തിൽ ഗണ്യമായ പരിവത്തനം വരുത്തിയിരിക്കുന്നു. ഇന്നത്തെ കാലാളും കുതിരപ്പട്ടാളവും അധികം താമസിയാതെ പണ്ടത്തെ അമ്പുംവില്ലിന്റെയും സ്ഥാനത്തെ അർഹിക്കുന്നതായിത്തീരും. അതിനാൽ ആധുനികയന്ത്രസാമഗ്രികൾ തികഞ്ഞതും ആധുനികസമ്പ്രദായത്തിൽ പരിശീലനം ലഭിച്ചിട്ടുള്ളതുമായ ഒരു സൈന്യമാണ് നമുക്കു ആവശ്യമായിരിക്കുന്നതു്. അല്ലാതെ സൈനികപാഠശാല എന്നു പേരുപറയുവാൻ വേണ്ടി മാത്രം ഒന്നു സൃഷ്ടിച്ചാൽ ഉദ്ദിഷ്ടഫലം സിദ്ധിക്കുന്നതല്ല. ശരിയായിട്ടുള്ള സൈനികാഭ്യസനം നൾകിയാലെ "ഇൻഡ്യക്ക് ഇന്നാവശ്യമുള്ളതു ഭഗവദ്ഗീതയല്ല, ഫുട്ട്ബാളാണ്" എന്നു വിവേകാനന്ദസ്വാമികൾ പറഞ്ഞിട്ടുള്ളതു പ്രവൃത്തിരൂപത്തിലെത്തുകയുള്ളൂ. ഇന്നത്തെ വിദ്യാലയങ്ങളിലെ "വൺ, ടു" പറയുന്നതിൽനിന്നും കായികശക്തി ലഭിക്കുമെന്നും തോന്നുന്നില്ല. ഇത്രയും പറഞ്ഞതുകൊണ്ട് ഞങ്ങൾ യുദ്ധത്തെ നിലനിറുത്തണമെന്നുള്ള അഭിപ്രായക്കാരാണെന്നു തെററിദ്ധരിക്കരുതു്.